

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

**സ്ഥാപിതം: മെയ് 20 1887**

**വാല്യം 93 ● ലക്കം 08 ● ഫെബ്രുവരി 2021**

വേദപ്രചാര
# മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

## ഉള്ളടക്കം


ഫ്രാൻസിസ് പാപ്പായുടെ സന്ദേശം (ലോക രോഗീദിനം - 2021)........................ 05
KCBC സർക്കുലർ - തിരുബാലസഖ്യദിനം ..................................................10
സർക്കുലർ - ഭാഗ്യസ്മരണാർഹനായ പടിയറപ്പിതാവിന്റെ ജന്മശതാബ്ദി.........15
സർക്കുലർ - തിരുസ്സഭാപാലകൻ മാർ യൗസേപ്പ് സഭയിൽ വർഷാചരണം...... 20
കച്ചേരിക്കാര്യം................................................................................ 27
പഞ്ചവത്സര അജപാലനപദ്ധതി...................................................................29
സന്ദേശനിലയം................................................................................ 30
ചെറുപുഷ്പ മിഷൻലീഗ്............................................................................33
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ...........................................36
ഫാമിലി അപ്പോസ്റ്റലേറ്റ് ...........................................................................39
യുവദീപ്തി................................................................................ 43
കെ.സി.എസ്.എൽ ................................................................................ 44
ചാസ്................................................................................ 45
കേരളാ ലേബർ മൂവ്മെന്റ്........................................................................ 50
സെന്റ് തോമസ് ഹോസ്പിറ്റൽ.....................................................................51
പ്രവാസി അപ്പോസ്തലേറ്റ് ........................................................................ 52
ആത്മതാകേന്ദ്രം ................................................................................ 54
കത്തോലിക്കാ കോൺഗ്രസ്........................................................................ 55
ദലിത് കത്തോലിക്കാ മഹാജനസഭ ...............................................................56
ഫ്രാൻസിസ്കൻ അല്മായസഭ...................................................................... 57
വിൻസെൻഷ്യൻ വേദി...............................................................................59
കരിസ്മാറ്റിക് നവീകരണം........................................................................ 61
ദീപിക ഫ്രണ്ട്സ് ക്ലബ്ബ് ..............................................................................62
പൗരോഹിത്യ ആദ്ധ്യാത്മികത....................................................................65
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........................................................... 70
Engagements ................................................................................ 79



Annual Subscription: Rs. 120/-



Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Ref: 3433/K-5/KCBC/OL/DS 19 January 2021

### പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

# 29-ാം ലോക രോഗീദിനം - 2021

*''നിങ്ങൾക്ക് ഒരു ഗുരുവേ ഉള്ളൂ; നിങ്ങളെല്ലാവരും സഹോദരന്മാരാണ്''* (മത്താ 23:8).

## രോഗീശുശ്രൂഷയുടെ അടിത്തറയായ പരസ്പരവിശ്വാസം

പ്രിയ സഹോദരീസഹോദരന്മാരേ,

ഇരുപത്തി ഒൻപതാം ലോകരോഗീദിനാചരണം 2021 ഫെബ്രുവരി 11-നു നടക്കും. അന്ന് ലൂർദു മാതാവിനെ ആരാധനക്രമപരമായി ഓർക്കുന്ന ദിവസമാണ്. രോഗികളെയും ആരോഗ്യ ശുശ്രൂഷാസ്ഥാപനങ്ങളിലും കുടുംബങ്ങളിലും സമൂഹങ്ങളിലും രോഗികളെ സഹായിക്കുന്നവരെയും പ്രത്യേകം ശ്രദ്ധിക്കാനുള്ള ഒരു അവസരമാണത്. ആഗോള പകർച്ചവ്യാധിയായ കൊറോണ വൈറസിന്റെ ഫലങ്ങൾ അനുഭവിച്ചവരെയും അനുഭവിച്ചുകൊണ്ടിരിക്കുന്നവരെയും നമ്മൾ പ്രത്യേകമായി ഓർമ്മിക്കുന്നു. എല്ലാവരോടും, പ്രത്യേകിച്ച് ദരിദ്രരോടും പുറംപോക്കിലാക്കപ്പെട്ടവരോടും, ആധ്യാത്മിക സാമീപ്യം ഞാൻ പ്രകാശിപ്പിക്കുന്നു. അവർക്ക് സഭയുടെ സ്നേഹപൂർണമായ പരിഗണന ഉറപ്പുവരുത്തുകയും ചെയ്യുന്നു.

**1.** ഈ ദിവസത്തേക്കുള്ള പ്രമേയം സുവിശേഷത്തിൽ നിന്നെടുത്തതാണ്. തങ്ങൾ പ്രസംഗിക്കുന്നത് പ്രയോഗത്തിലാക്കുന്നതിൽ പരാജയപ്പെട്ടവരുടെ കാപട്യത്തെ ഈശോ അവിടെ വിമർശിക്കുന്നു (cf. മത്താ 23:1-12). നമ്മുടെ വിശ്വാസം പൊള്ളയായ വാക്കുകളായി ചുരുക്കപ്പെടുമ്പോൾ മറ്റുള്ളവരുടെ ജീവിതവും ആവശ്യങ്ങളുമായി താത്പര്യം പുലർത്താതിരിക്കുമ്പോൾ, നാം ഏറ്റുപറയുന്ന വിശ്വാസപ്രമാണം നാം നയിക്കുന്ന ജീവിതത്തിനു ചേരാത്തതാകും. അപകടം യഥാർത്ഥമാണ്. അതുകൊണ്ടാണ് ആത്മ-വിഗ്രഹാരാധനയിൽ വീഴുകയെന്ന അപകടത്തെക്കുറിച്ച് ഈശോ ശക്തമായ വാക്കുകൾ ഉപയോഗിക്കുന്നത്. അവിടന്നു നമ്മോടു പറയുന്നു: ''നിങ്ങൾക്ക് ഒരു ഗുരുവേ ഉള്ളൂ. നിങ്ങൾ എല്ലാവരും സഹോദരന്മാരാണ്'' (വാക്യം 8).

''പ്രസംഗിക്കുകയും എന്നാൽ പ്രാവർത്തികമാക്കാതിരിക്കുകയും'' ചെയ്യുന്നവർക്ക് (വാക്യം 3) എതിരേ മിശിഹാ നടത്തുന്ന വിമർശനം എപ്പോഴും എല്ലായിടത്തും സഹായകമാണ്. കാരണം, കാപട്യമെന്ന വലിയ തിന്മയിൽ നിന്ന് ഒഴിവുള്ളവരായി നമ്മിൽ ആരുമില്ല. ആ തിന്മ സാർവത്രിക സാഹോദര്യത്തിൽ ജീവിക്കാൻ വിളിക്കപ്പെട്ടവരും ഏക

പിതാവിന്റെ മക്കളും എന്ന നിലയിൽ വളർന്നു വികസിക്കുന്നതിൽ നിന്ന് നമ്മെ തടയുന്നു.

നമ്മുടെ സഹോദരീസഹോദരന്മാരുടെ ആവശ്യങ്ങൾക്കു മുമ്പിൽ അത്തരം കാപട്യത്തിനു തികച്ചും വിരുദ്ധമായ വിധത്തിൽ പ്രത്യുത്തരിക്കാൻ ഈശോ നമ്മോട് ആവശ്യപ്പെടുന്നു. നിന്നു ശ്രദ്ധിച്ചുകേൾക്കാനും മറ്റുള്ളവരുമായി നേരിട്ടുള്ള വ്യക്തിപരമായ ബന്ധം സ്ഥാപിക്കാനും സഹാനുഭൂതിയും സഹതാപവും അനുഭവിക്കാനും, നാം അവർക്ക് സേവനം ചെയ്യാൻ പരിശ്രമിക്കുമ്പോൾ അവരുടെ സഹനം നമ്മുടേതാക്കിത്തീർക്കാനും അവിടന്നു നമ്മോട് ആവശ്യപ്പെടുന്നു (cf. ലൂക്കാ 10:30-35).

**2.** രോഗാനുഭവം നമ്മുടെ തന്നെ ദുർബലാവസ്ഥയും മറ്റുള്ളവരെകൊണ്ട് നമുക്കുള്ള ആവശ്യവും നമുക്കു മനസ്സിലാക്കിത്തരുന്നു. ദൈവത്തെ ആശ്രയിച്ചു കഴിയുന്ന സൃഷ്ടികളാണ് നാം എന്ന വസ്തുത അത് നമുക്കു കൂടുതൽ വ്യക്തമാക്കിത്തരുന്നു. നമ്മൾ രോഗികളാകുമ്പോൾ ഭയവും പരിഭ്രമവും നമ്മുടെ മനസ്സുകളെയും ഹൃദയങ്ങളെയും പിടിച്ചമർത്തിയേക്കാം. നമ്മൾ ശക്തിഹീനരാണെന്ന് നമുക്കു തോന്നാം. നമ്മുടെ ആരോഗ്യം നമ്മുടെ കഴിവുകളെയോ നിരന്തര ജീവിതാകുലതകളെയോ ആശ്രയിച്ചല്ലല്ലോ നിലകൊള്ളുന്നത് (cf. മത്താ 6:27).

ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചുള്ള ചോദ്യം രോഗം ഉന്നയിക്കുന്നു. അത് വിശ്വാസത്തിൽ നാം ദൈവ തിരുമുമ്പാകെ കൊണ്ടുവരുന്നു. നമ്മുടെ ജീവിതത്തിൽ നവീനവും അഗാധതരവുമായ ഒരു ആഭിമുഖ്യാന്വേഷണത്തിൽ പെട്ടെന്ന് ഒരു ഉത്തരം നാം കണ്ടെത്തിയെന്നു വരുകയില്ല. ദുർഘടമായ ഈ ആവശ്യത്തിൽ സഹായിക്കാൻ നമ്മുടെ ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ എപ്പോഴും സാധിക്കുകയില്ല.

ഈ വിഷയത്തിൽ ബൈബിളിലെ ജോബ് എന്നയാൾ പ്രതീകാത്മക വ്യക്തിയാണ്. അദ്ദേഹത്തിനുണ്ടായ ദുരവസ്ഥയിൽ ഭാര്യയോ കൂട്ടുകാരോ കൂടെയുണ്ടായിരുന്നില്ല. പകരം അവർ അയാളെ കുറ്റപ്പെടുത്തുകയും ഏകാന്തതയും അസ്വസ്ഥതയും വർധിപ്പിക്കുകയും മാത്രമേ ചെയ്തുള്ളൂ. താൻ നിരാലംബനും തെറ്റിധരിക്കപ്പെട്ടവനുമാണെന്ന് ജോബിനു തോന്നി. എന്നാൽ അങ്ങേയറ്റത്തെ ഈ തകർച്ചയിലും അയാൾ കാപട്യം ഉപേക്ഷിക്കുന്നു. ദൈവത്തോടും മറ്റുള്ളവരോടും സത്യസന്ധതയുടെ വഴി തിരഞ്ഞെടുക്കുന്നു. അയാൾ ദൈവത്തോട് നിരന്തരം കരഞ്ഞപേക്ഷിച്ചു. അവസാനം ദൈവം അയാളോട് ഉത്തരം പറയുകയും പുതിയൊരു ചക്രവാളം കാണാൻ അനുവദിക്കുകയും ചെയ്തു. ജോബിന്റെ സഹനം ഒരു ശിക്ഷയോ ദൈവത്തിൽ നിന്നുള്ള വേർപെടലോ അല്ലെന്ന് ഉറപ്പു പറയുന്നു, അത്രപോലും ദൈവത്തിന്റെ നിസ്സംഗതയുടെ അടയാളമല്ലെന്നും പറയുന്നു. മുറിപ്പെടുകയും സുഖ

മാക്കപ്പെടുകയും ചെയ്ത ജോബിന്റെ ഹൃദയം അപ്പോൾ കർത്താവിനോട് പ്രകമ്പനപരവും ഹൃദയസ്പർശകവുമായ ഈ ഏറ്റുപറച്ചിൽ നടത്തുന്നു: ''അങ്ങയെക്കുറിച്ച് ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു'' (42:5).

**3.** രോഗത്തിന് എപ്പോഴും ഒന്നിൽ കൂടുതൽ മുഖമുണ്ട്: എല്ലാ രോഗികളുടെയും മുഖം അതിനുണ്ട്. അവഗണിക്കപ്പെടുകയും ഒഴിവാക്കപ്പെടുകയും മൗലികാവകാശങ്ങളെ നിഷേധിക്കുന്ന സാമൂഹിക അനീതികൾക്ക് ഇരയാക്കപ്പെടുകയും ചെയ്തവരുടെയും മുഖവും അതിനുണ്ട് (cf. Fratelli Tutti, 22). ഇപ്പോഴത്തെ പകർച്ചവ്യാധി നമ്മുടെ ആരോഗ്യ ശുശ്രൂഷയിലെ അപര്യാപ്തതകൾ വെളിവാക്കുകയും ചെയ്തിട്ടുണ്ട്. വൃദ്ധരും ദുർബലരും അരക്ഷിതരുമായ ആളുകൾക്ക് പരിചരണം സർവദാ ലഭിച്ചില്ലെന്നു മാത്രമല്ല, സമത്വഭാവത്തിലും ലഭിച്ചിട്ടില്ല. ഇത് രാഷ്ട്രീയ തീരുമാനങ്ങളുടെയും വിഭവങ്ങളുടെ കൈകാര്യത്തിന്റെയും ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിലുള്ളവരുടെ ഭാഗത്തുനിന്നുണ്ടായ വലുതോ ചെറുതോ ആയ സമർപ്പണരാഹിത്യത്തിന്റെയും ഫലമാണ്. ആരോഗ്യം പ്രാഥമിക പൊതുനന്മയാണ് എന്ന മൗലിക തത്ത്വത്തോടു ബന്ധപ്പെട്ട മുൻഗണനയാണ് രോഗികൾക്കുള്ള ശുശ്രൂഷയിലും വിഭവങ്ങൾ നിക്ഷേപിക്കുകയെന്നത്. എന്നാലും ആരോഗ്യപാലകർ, വോളന്റിയർമാർ, പിന്തുണ പ്രവർത്തകർ, വൈദികർ, സന്ന്യാസിനീസന്ന്യാസിമാർ എന്നിവരുടെ സമർപ്പണത്തെയും ഔദാര്യത്തെയും പകർച്ചവ്യാധി ഉയർത്തിക്കാണിക്കുകയും ചെയ്തു. അവർ എല്ലാവരും തൊഴിൽ വൈദഗ്ധ്യം, ആത്മ-ദാനം, അയൽക്കാരനോടുള്ള ഉത്തരവാദിത്വവും സ്നേഹവും എന്നിവയോടെ അനേകം രോഗികളെയും അവരുടെ കുടുംബാംഗങ്ങളെയും സഹായിക്കുകയും ചികിത്സിക്കുകയും ആശ്വസിപ്പിക്കുകയും അവർക്ക് സേവനമനുഷ്ഠിക്കുകയും ചെയ്തു. സ്ത്രീ പുരുഷന്മാരുടെ ഒരു നിശ്ശബ്ദസമൂഹമായ അവർ അയൽക്കാരും ഏകമാനവ കുടുംബത്തിലെ അംഗങ്ങളുമായി കണ്ട രോഗികളുടെ സഹനത്തിൽ പങ്കുചേരുകയല്ലാതെ മറ്റൊരു വഴിയും നോക്കാതിരിക്കാൻ നിശ്ചയിച്ചു.

രോഗികൾക്ക് അവരുടെ സഹനത്തിൽ പിന്തുണയും ആശ്വാസവും നല്കുന്ന അമൂല്യതൈലമാണ് അത്തരം അടുപ്പം. ആ അടുപ്പത്തെ, ക്രൈസ്തവരെന്ന നിലയിൽ, നാം അനുഭവിക്കുന്നത് പാപത്താൽ മുറിവേറ്റ ഓരോ സ്ത്രീയുടെയും പുരുഷന്റെയും പക്കൽ കാരുണ്യവുമായി അടുത്തു വരുന്ന നല്ല സമരിയാക്കാരനായ ഈശോമിശിഹായുടെ സ്നേഹത്തിന്റെ അടയാളം പോലെയാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് ഐക്യപ്പെട്ടുകൊണ്ട്, ദൈവപിതാവിനെപ്പോലെ കാരുണ്യമുള്ളവരായിരിക്കാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു. ദുർബലരും രോഗികളും പീഡസഹിക്കുന്നവരുമായ നമ്മുടെ സഹോദരീസഹോദരന്മാരെ പ്രത്യേകമാംവിധം സ്നേഹിക്കാനും നാം വിളിക്കപ്പെട്ടിരി

ക്കുന്നു (cf. യോഹ 13:34–35). വ്യക്തികൾ എന്ന നിലയിൽ മാത്രമല്ല പിന്നെയോ സമൂഹമെന്ന നിലയിലും ഈ അടുപ്പം നാം അനുഭവിക്കുന്നു. യഥാർത്ഥത്തിൽ, മിശിഹായിലുള്ള സഹോദരസ്നേഹം സൗഖ്യത്തിന്റെ ഒരു സമൂഹത്തെ, ആരെയും ഉപേക്ഷിച്ചു കളയാത്ത ഒരു സമൂഹത്തെ, പ്രത്യേകിച്ച് ഏറ്റവും അധികം ആവശ്യത്തിൽ കഴിയുന്നവരെ ഉൾക്കൊണ്ട് സ്വാഗതം ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുന്നു.

ഇവിടെ സഹോദരപരമായ ഐക്യദാർഢ്യത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അത് മൂർത്തമായി സേവനത്തിൽ പ്രകാശിപ്പിക്കപ്പെടുന്നതാണ്. അതിനു വ്യത്യസ്തരൂപങ്ങൾ ഉണ്ടായിരിക്കാം. എല്ലാ രൂപങ്ങളും നമ്മുടെ അയൽക്കാരെ പിന്തുണയ്ക്കാൻ വേണ്ടിയുള്ളതായിരിക്കും. ''സേവനം ചെയ്യുകയെന്നതിന്റെ അർത്ഥം...നമ്മുടെ കുടുംബങ്ങളിലെയും സമൂഹത്തിലെയും നമ്മുടെ ജനതയിലെയും ദുർബലരെ സംരക്ഷിക്കുകയെന്നതാണ്'' (Homily in Havanna, 20 Sept. 2015). ഈ പരിശ്രമത്തിൽ ഏറ്റവും ദുർബലരായവരുടെ ഉറ്റുനോട്ടത്തിനുമുമ്പിൽ എല്ലാവരും സ്വന്തം ആശകളും ആഗ്രഹങ്ങളും, അധികാരത്തിനുവേണ്ടിയുള്ള പരിശ്രമവും മാറ്റിവയ്ക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. സേവനം എപ്പോഴും അവരുടെ മുഖങ്ങളിലേക്ക് നോക്കുന്നു; അവരുടെ ശരീരത്തിൽ സ്പർശിക്കുന്നു; അവരുടെ അടുപ്പം മനസ്സിലാക്കുന്നു; ചില സന്ദർഭങ്ങളിൽ ആ അടുപ്പം 'സഹിക്കുകയും' അവരെ സഹായിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. സേവനം ഒരിക്കലും പ്രത്യയശാസ്ത്രപരമല്ല. കാരണം, നമ്മൾ ആശയങ്ങൾക്കു സേവനം ചെയ്യുന്നില്ല, നമ്മൾ ജനങ്ങൾക്കാണ് സേവനം ചെയ്യുന്നത്'' (ibid).

**4.** ഒരു ചികിത്സാക്രമം ഫലപ്രദമാകണമെങ്കിൽ അതിന് ബന്ധപരമായ ഒരു വശമുണ്ടായിരിക്കണം. കാരണം, അത് രോഗിയോടുള്ള സമഗ്രാരോഗ്യദായകമായ ഒരു സമീപനം സാധ്യമാക്കുന്നു. പരസ്പര വിശ്വാസത്തിലധിഷ്ഠിതമായ വ്യക്ത്യന്തരബന്ധത്തിൽ അടിയുറച്ച ഒരു രോഗശാന്തി പാതയിൽ രോഗികളെ സഹഗമിക്കാനുള്ള തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ഡോക്ടർമാരെയും നേഴ്സുമാരെയും വിദഗ്ധരെയും സന്നദ്ധസേവകരെയും ബോധ്യമുള്ളവരാക്കാൻ ബന്ധത്തിന്റെ മാനത്തെ ഊന്നിപ്പറയുന്നതിലൂടെ സാധിക്കും (cf. New Charter for Health Care Workers [2016], 4). ആരോഗ്യ ശുശ്രൂഷ ആവശ്യമുള്ളവരും അതു നല്കുന്നവരും തമ്മിലുള്ള ഒരു ഉടമ്പടി ഇതു സൃഷ്ടിക്കുന്നു. അത് പരസ്പര വിശ്വാസത്തിലും പരസ്പര ബഹുമാനത്തിലും തുറവിലും ലഭ്യതയിലും അടിയുറപ്പിച്ച ഉടമ്പടിയാണ്. പ്രതിരോധ മനോഭാവങ്ങളെ കീഴടക്കാനും രോഗികളുടെ മഹത്വത്തെ ആദരിക്കാനും ആരോഗ്യ ശുശ്രൂഷ ചെയ്യുന്നവരുടെ തൊഴിൽ വൈദഗ്ധ്യത്തെ സംരക്ഷിക്കാനും രോഗികളുടെ കുടുംബങ്ങളുമായി നല്ല ബന്ധം വളർത്താനും ഇതു സഹായിക്കും.

രോഗികളുമായിട്ടുള്ള അത്തരം ബന്ധത്തിന് മിശിഹായുടെ പരസ്നേഹത്തിൽ ലക്ഷ്യത്തിന്റെയും ശക്തിയുടെയും വറ്റാത്ത ഉറവ കണ്ടെത്താൻ കഴിയും. സഹസ്രാബ്ദങ്ങളായി രോഗാതുരർക്കായുള്ള സേവനത്തിലൂടെ വിശുദ്ധിയിൽ വളർന്ന സ്ത്രീപുരുഷന്മാരുടെ സാക്ഷ്യം ഇതു വ്യക്തമാക്കുന്നുണ്ടല്ലോ. എന്തെന്നാൽ രോഗികളുടെയും ആരോഗ്യ ശുശ്രൂഷകരുടെയും അനുഭവത്തിന് പൂർണമായ അർത്ഥം നല്കാൻ കഴിയുന്ന മിശിഹായുടെ മരണോത്ഥാനങ്ങളുടെ രഹസ്യം സ്നേഹത്തിന്റെ ഉറവിടമാണ്. സുവിശേഷം ഇക്കാര്യം കൂടെക്കൂടെ വ്യക്തമാക്കുന്നുണ്ട്. ഈശോ സുഖപ്പെടുത്തുന്നത് മാജിക് കൊണ്ടല്ല, പിന്നെയോ കണ്ടുമുട്ടലിന്റെ, വ്യക്ത്യന്തര ബന്ധത്തിന്റെ, ഫലമായിട്ടാണ് എന്ന് കാണിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ആ വ്യക്ത്യന്തരബന്ധത്തിൽ ദൈവത്തിന്റെ ദാനം അതിനെ സ്വീകരിക്കുന്നവരുടെ വിശ്വാസത്തിൽ ഒരു പ്രത്യുത്തരം കണ്ടെത്തുന്നു. ഈശോമിക്കപ്പോഴും ആവർത്തിച്ചു പറഞ്ഞിട്ടുള്ളതുപോലെ: ''നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.''

**5.** പ്രിയ സഹോദരീസഹോദരന്മാരേ, ഈശോ തന്റെ ശിഷ്യന്മാർക്കു നല്കിയ സ്നേഹത്തിന്റെ കല്പന, രോഗികളുമായിട്ടുള്ള നമ്മുടെ ബന്ധത്തിലും സൂക്ഷിക്കണം. ഒരു സമൂഹം സഹോദരസ്നേഹത്തിന്റെ ചൈതന്യത്തിൽ ഏറ്റവും ദുർബലരും സഹിക്കുന്നവരുമായ അംഗങ്ങളെ എത്ര കൂടുതൽ കാര്യക്ഷമമായി ശുശ്രൂഷിക്കുന്നുവോ അത്ര കൂടുതലായി മാനുഷികമായിത്തീരും. താൻ ഒറ്റപ്പെട്ടവനോ ഒഴിവാക്കപ്പെട്ടവനോ പരിത്യക്തനോ ആണെന്ന് ആർക്കും തോന്നാതിരിക്കും വിധം ഈ ലക്ഷ്യം പ്രാപിക്കാൻ നമുക്കു പരിശ്രമിക്കാം.

രോഗികളെയും ആരോഗ്യ ശുശ്രൂഷകരെയും നമ്മുടെ സഹിക്കുന്ന സഹോദരീസഹോദരന്മാർക്ക് ഉദാരതയോടെ സഹായം ചെയ്യുന്ന എല്ലാവരെയും കാരുണ്യത്തിന്റെ അമ്മയും രോഗികളുടെ ആരോഗ്യവുമായ കന്യകാമറിയത്തിന് ഞാൻ കാഴ്ചവയ്ക്കുന്നു. ലൂർദിലെ ഗ്രോട്ടോയിൽ നിന്നും ലോകത്തെങ്ങുമുള്ള മറ്റ് അനേകം ഗ്രോട്ടോകളിൽ നിന്നും അവൾ നമ്മുടെ വിശ്വാസവും പ്രത്യാശയും പരിപോഷിപ്പിക്കുകയും സഹോദരസ്നേഹത്തോടെ പരസ്പരം കരുതലുള്ളവരാകാൻ സഹായിക്കുകയും ചെയ്യട്ടെ. ശുശ്രൂഷിക്കാൻ നമ്മെ സഹായിക്കട്ടെ. എല്ലാവർക്കും എന്റെ ആശീർവാദം ഹൃദയപൂർവം ഞാൻ നല്കുന്നു.

റോം, സെന്റ് ജോൺ ലാറ്ററൻ, 20 ഡിസംബർ 2020
ആഗമനകാലത്തിന്റെ നാലാം ഞായറാഴ്ച

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Ref: 3423/K-5/KCBC/OL/DS 18.01.2021

# 2021 ഫെബ്രുവരി 14 തിരുബാലസഖ്യദിനം

## കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോയിൽ പ്രിയ മാതാപിതാക്കളേ, സഹോദരി സഹോദരന്മാരെ, വത്സലമക്കളേ,

മറ്റൊരു തിരുബാലസഖ്യദിനം കൂടി സമാഗതമായിരിക്കുന്നു. ഭാരതസഭ എല്ലാവർഷവും തിരുബാലസഖ്യദിനമായി ആചരിക്കുന്നത് ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ്. ഈ വർഷം അത് ഫെബ്രുവരി 14-ാം തിയതിയാണ്. കഴിഞ്ഞ 177 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യം വച്ചുകൊണ്ട് ആഗോളകത്തോലിക്ക സഭയിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ ഈ സംഘടന 1843 -ൽ ഫ്രാൻസിലെ നാൻസി രൂപത മെത്രാനായിരുന്ന ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് സ്ഥാപിച്ചത്. 'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ; കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണീശോയുടെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം ഈ സംഘടനയുടെ മധ്യസ്ഥയും വി. യൗസേപ്പും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാകുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ തിരുബാലസഖ്യദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും അനുഗ്രഹങ്ങളും ആശംസിക്കുന്നു.

2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വി. യൗസേപ്പിതാവിന്റെ വർഷമായി തിരുസഭ ആചരിക്കുകയാണല്ലോ. വി. യൗസേപ്പിന്റെ വർഷം പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക ലേഖനത്തെ ആസ്പദമാക്കി ഈ വർഷത്തെ തിരുബാലസഖ്യദിനത്തിൽ ചില ചിന്തകൾ പങ്കുവയ്ക്കുന്നു. 'പാത്രിസ് കോർദെ' (ഒരു പിതാവിന്റെ ഹൃദയത്തോടെ) എന്ന അപ്പസ്തോലിക ലേഖനത്തിൽ വി. യൗസേപ്പിന്റെ ഏഴ് സവിശേഷ ഗുണങ്ങളെ പാപ്പ

എടുത്തു പറയുന്നുണ്ട്. വാത്സല്യമുള്ള പിതാവ്, ആർദ്രസ്നേഹമുള്ള പിതാവ്, അനുസരണയുള്ള പിതാവ്, സ്വീകരിക്കുന്ന പിതാവ്, ധീരനായ പിതാവ്, തൊഴിലാളിയായ പിതാവ്, നിഴലായ പിതാവ് എന്നിവയാണ് എല്ലാ പിതാക്കളും മാതൃകയാക്കണം എന്ന ആഗ്രഹത്തോടെ അവതരിപ്പിച്ചിരിക്കുന്ന പിതൃഭാവങ്ങൾ.

'ഒരു പിതാവിന്റെ ഹൃദയത്തോടെ ജോസഫ് ഈശോയെ സ്നേഹിച്ചു' എന്ന മനോഹര വാക്യത്തോടെയാണ് ഫ്രാൻസിസ് പാപ്പ തന്റെ അപ്പസ്തോലിക ലേഖനം ആരംഭിക്കുന്നത്. ദൈവപിതാവിന്റെ പ്രതിനിധിയായി ഈശോയുടെ വളർത്തുപിതാവായി തിരഞ്ഞെടുക്കപ്പെട്ട യൗസേപ്പിതാവിന്റെ മഹനീയ മാതൃക പാപ്പ തുടർന്ന് അവതരിപ്പിക്കുന്നു. പരി. മറിയത്തെയും ഉണ്ണിമിശിഹായെയും വാത്സല്യത്തോടെ സംരക്ഷിച്ചു വളർത്തിയ യൗസേപ്പിതാവിന്റെ ജീവിതം മുഴുവൻ അവരോട് അലിവുള്ള ഹൃദയത്തോടെയുള്ള പെരുമാറ്റവും സ്നേഹവും നിറഞ്ഞതായിരുന്നു. 'ജോസഫിൽ ഈശോ ദൈവത്തിന്റെ ആർദ്രമായ സ്നേഹം കണ്ടു' എന്ന് പറയുമ്പോൾ സ്നേഹം - ദൈവസ്നേഹവും പരസ്നേഹവും, ഏറ്റവും ആദ്യമായും അധികമായും കുട്ടികളിലേക്ക് പകർന്നുനൽകപ്പെടുന്നത് കുടുംബത്തിൽ, പ്രത്യേകിച്ച് മാതാപിതാക്കളിൽ നിന്നാണ് എന്ന് പാപ്പ ഓർമപ്പെടുത്തുന്നു. ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹവും ബഹുമാനവും നിറഞ്ഞ ഒരു കുടുംബാന്തരീക്ഷം രൂപപ്പെടുത്തുന്നതുവഴി കുട്ടികളുടെ വ്യക്തിപരവും സാമൂഹ്യപരവുമായ വളർച്ച പരിപോഷിപ്പിക്കാൻ മാതാപിതാക്കൾക്ക് കഴിയും. സമൂഹത്തിന്റെ സുസ്ഥിതിക്കാവശ്യമായ സാമൂഹ്യനന്മകളുടെ പ്രഥമ വിദ്യാലയമായി നമ്മുടെ കുടുംബങ്ങൾ മാറും.

'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡനന്തര അപ്പസ്തോലിക പ്രബോധനത്തിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് കുടുംബങ്ങളെകുറിച്ച് വിചിന്തനം നടത്താൻ കൂടി ഈ വർഷം ഫ്രാൻസിസ് പാപ്പ നമ്മെ ക്ഷണിക്കുകയാണ്. ഭവനത്തിൽ സമ്മേളിക്കുന്ന സഭയെക്കുറിച്ച് എന്നും വാചാലനാകുന്ന പാപ്പ 'വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും ആസ്വദിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അയൽക്കാരനെ സേവിക്കുന്നതിനും നമ്മൾ പഠിക്കുന്ന ഇടമായി കുടുംബം തുടരണം' (സ്നേഹത്തിന്റെ ആനന്ദം287) എന്ന് അടിവരയിട്ടു പറയുന്നു.

തലമുറകൾ കൈമാറി നാം സ്വീകരിച്ച വിശ്വാസത്തിൽ നമ്മുടെ മക്കളുടെ ഹൃദയവും മനസ്സും രൂപപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്വം എല്ലാ മാതാപിതാക്കളും പൂർവ്വാധികം ആത്മാർത്ഥമായി ഏറ്റെടുക്കേണ്ട കാലഘട്ടമാണിത്. അതിനായി ആദ്യം വേണ്ടത് വിശ്വാസത്തിനെതിരെയുള്ള വെല്ലുവിളികൾ വർദ്ധിച്ചുവരുമ്പോൾ മക്കളുടെ വിശ്വാസരൂപീ

കരണത്തിൽ മാതാപിതാക്കളുടെ ഒഴിച്ചുകൂടാനാവാത്തതും മറ്റാർക്കും കൈമാറാനാവാത്തതുമായ ദൗത്യത്തെക്കുറിച്ച് വ്യക്തമായ ബോധ്യം ഉണ്ടാകുക എന്നതാണ്. കൂദാശകൾ ഭക്തിപൂർവ്വം സ്വീകരിക്കുകയും അവയുടെ ചൈതന്യമനുസരിച്ച് ജീവിക്കുകയും നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ ബന്ധങ്ങൾ വളർത്തിയും മാതാപിതാക്കൾ നല്ല മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിലേക്ക് സംവേദനം ചെയ്യുന്നു. മറ്റുള്ളവരെ സഹായിക്കാനോടിയെത്തുന്ന സുകൃതജീവിതവും അനുദിനംതുടരുന്ന പ്രാർത്ഥനാ ജീവിതവും മാതാപിതാക്കളുടെ ജീവിതത്തിലെ വിശ്വാസതീക്ഷ്ണതയുടെ ബഹിർസ്ഫുരണമായി മക്കൾക്ക് അനുഭവപ്പെടണം.

നസ്രത്തിലെ ഭവനത്തിൽ ജീവിച്ചുകൊണ്ട് ഈശോ മാനുഷികമായ പക്വതയിലേക്ക് വളർന്നുവന്നത് യൗസേപ്പിതാവിന്റെ ത്യാഗോജ്വലമായ സമർപ്പണം കണ്ടുകൊണ്ടും ആ ഹൃദയത്തിന്റെ വാത്സല്ല്യ സ്നേഹം അനുഭവിച്ചുകൊണ്ടുമാണ്. നാല് സ്വപ്നങ്ങളിലൂടെ വെളിപ്പെടുത്തികിട്ടിയ ദൈവഹിതം, ഉണ്ണിമിശിഹായുടെയും മറിയത്തിന്റേയും സംരക്ഷണാർത്ഥം എന്തു ത്യാഗം സഹിച്ചും വിശ്വസ്തതയോടെ നിർവ്വഹിച്ച നീതിമാനായിരുന്നു യൗസേപ്പിതാവ്. ദൈവപിതാവിന്റെ ഹിതം അനുസരിക്കാൻ ഈശോ പഠിച്ചത് നസ്രത്തിലെ 'ജോസഫിന്റെ സ്കൂളിൽ' നിന്നാണെന്ന് പാപ്പ വ്യക്തമാക്കുന്നു. മംഗളവാർത്തയിൽ മറിയവും ഗത്സമെൻ തോട്ടത്തിൽ ഈശോയും നല്കിയതുപോലെ ജീവിതത്തിന്റെ സർവ്വസന്ദർഭങ്ങളിലും ജോസഫ് പ്രഖ്യാപിച്ച ഫിയാത് (Fiat) (ഇതാ ഞാൻ നിന്റെ ദാസി/ ദാസൻ എന്ന അരൂപി) നാം ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ നമ്മുടെ മക്കളും ദൈവഹിതം അന്വേഷിക്കുന്നവരും അനുസരിക്കുന്നവരുമായി മാറും എന്നത് തീർച്ച.

കുട്ടികൾ ഇന്ന് പലപ്പോഴും പിതാക്കന്മാരില്ലാത്ത അനാഥരായി കാണപ്പെടുന്നു എന്ന് പാപ്പ ദുഃഖത്തോടെ മുന്നറിയിപ്പ് നൽകുന്നു. ഒരു പിതാവായിരിക്കുക എന്നതിനർത്ഥം ജീവിതത്തിലേക്കും യാഥാർത്ഥ്യത്തിലേക്കും മക്കളെ കൈപിടിച്ച് നടത്തുക എന്നതാണ്. കുടുംബാംഗങ്ങളോടുള്ള, പ്രത്യേകിച്ച് മാതാപിതാക്കളോടുള്ള, ഊഷ്മളമായ ബന്ധം കുട്ടികളുടെ സമഗ്രവളർച്ചയ്ക്ക് അത്യാവശ്യമാണ്. കോവിഡ് 19 മഹാമാരിയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾ ഏറ്റവുമധികം സമയം വീട്ടിൽതന്നെ ചിലവഴിക്കുമ്പോഴും 'അകന്നു' കഴിയുന്ന മാതാപിതാക്കളും മക്കളും ഇന്നിന്റെ കാഴ്ചയാണ്. കൊച്ചുകുട്ടികളെ ഇന്ന് കൂടുതലായി കാണുന്നത് ടി. വി.യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെ സാങ്കേതികതലത്തിൽ അവരുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമായി തീർന്നിരിക്കുന്നു, എങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപ

യോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. അതുവഴി തങ്ങളുടെ സ്വാർത്ഥലോകത്തിലേക്ക് കുട്ടികൾ ഒതുങ്ങി കൂടുകയും ആത്മീയമായ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യാം. താത്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. എല്ലാ ബുദ്ധിമുട്ടുകളും സഹിച്ച് കുട്ടികളുടെ കൂടെയായിരിക്കാൻ മാതാപിതാക്കൾ സമയം കണ്ടെത്തണം.

ഈശോയുമായുള്ള ബന്ധത്തിൽ ജോസഫ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഭൂമിയിലെ നിഴലായിരുന്നു എന്ന് പാപ്പ പറയുന്നത് തന്റെ ജീവിതകാലം മുഴുവൻ ഒരു പിതാവിനെപ്പോലെ ഉണ്ണിമിശിഹായെ സംരക്ഷിച്ച യൗസേപ്പിതാവിന്റെ ദൗത്യബോധം കണ്ടിട്ടാണ്. പിതാക്കൾ ജനിക്കുകയല്ല, രൂപപ്പെടുകയാണ്. ഒരു മനുഷ്യൻ പിതാവാകുന്നത് കേവലം ഒരു ശിശുവിനെ ജനിപ്പിക്കുന്നതിലൂടെ മാത്രമല്ല, ആ ശിശുവിന്റെ സംരക്ഷണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിലൂടെയാണെന്ന് പാപ്പ ഓർമിപ്പിക്കുന്നു. കുട്ടികളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആത്മീകവുമായ അപകടമേഖലകൾ കൂടിവരുന്നത് നാം തിരിച്ചറിയണം. കുട്ടികൾ ചെറുപ്പത്തിലെ മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെടാതിരിക്കാനും മുതിർന്നവർ കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്തബന്ധങ്ങളിലേക്ക് അവർ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. ഓൺലൈൻ ക്ലാസ്സുകളുടെ ഈ കാലഘട്ടത്തിൽ, സാമൂഹ്യ മാധ്യമങ്ങൾ വഴിയും ടെലിഫോൺ ഉപയോഗം വഴിയും കുട്ടികൾ തെറ്റിപോകാതിരിക്കാൻ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികൾക്ക് അമിതസംരക്ഷണം നല്കുകയോ അവരെ പിന്തിരിപ്പിക്കുകയോ ചെയ്യാതെ, സ്വയം തീരുമാനിക്കാനും സ്വാതന്ത്ര്യം ആസ്വദിക്കാനും പുതിയ സാധ്യതകൾ പര്യവേക്ഷണം ചെയ്യാനും കഴിവുള്ളവരായി പടിപടിയായി അവരെ വളർത്തണം. അവരുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കാത്ത പിതാക്കന്മാരെയാണ് ഇന്നിന്റെ ആവശ്യം എന്ന് പാപ്പ പറയുന്നത് ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്.

നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിമിശിഹായുടെ കൂട്ടുകാരായി തീരണമെന്നാണ് സഭയുടെ ആഗ്രഹം. കുട്ടികൾ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും വൈദികസന്യസ്തജീവിതാന്തസ്സുകളിലേക്കുള്ള ആഭിമുഖ്യം അവരിൽ വളർത്താനും സഹായിക്കുന്നതിൽ തിരുബാലസംഖ്യം വഹി

ക്കുന്ന പങ്ക് വളരെ വലുതാണ്. മഹാമാരിയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായുള്ള നിയന്ത്രണങ്ങൾ മാറികഴിയുമ്പോൾ മുൻവർഷങ്ങളിലെപ്പോലെ ഇടവകയിൽ ആഴ്ചയിൽ ഒരിക്കൽ തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററിന്റെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യ പ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്ന നല്ല പതിവുകൾ തുടരണം.

തിരുബാലസഖ്യ ദിനമാചരിക്കുമ്പോൾ ഓരോ കുട്ടിയിലും നസ്രത്തിലെ തിരുബാലനെ നമുക്കുകാണാം. ബാലനായ ഈശോയുടെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ ഈശോ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും ജ്ഞാനത്തിലും പ്രായത്തിലും വളർന്നുവന്നു. നമ്മുടെ കുട്ടികൾക്ക് ഇതു പ്രചോദനവും ശക്തിയുമാകണം.

പ്രിയ മക്കളെ, നിങ്ങളെ എല്ലാവരെയും ഞാൻ ഉണ്ണിമിശിഹായ്ക്ക് സമർപ്പിക്കുന്നു. സമൂഹത്തിനു മക്കൾ മുതൽകൂട്ടുകളായി ഭവിക്കട്ടെ. ഈശോയെ അറിഞ്ഞ് സ്നേഹിച്ച് അവിടുത്തോടൊപ്പം വളരുവാൻ നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ കാത്തുസംരക്ഷിക്കട്ടെ.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടുംകൂടി,

**ആർച്ചുബിഷപ് ഡോ. തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ**
വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

*NB: 2021 ഫെബ്രുവരി 14 - ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

സർക്കുലർ

**21 Ch. 255-332**

# ഭാഗ്യസ്മരണാർഹനായ പടിയറപ്പിതാവിന്റെ ജന്മശതാബ്ദി – ഫെബ്രുവരി 11

ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ചങ്ങനാശേരി അതിരൂപതയുടെ ആറാമത്തെ മേലദ്ധ്യക്ഷനും 1970 ആഗസ്റ്റ് 15 മുതൽ 1985 ജൂലൈ 3 വരെ അതിരൂപതാമെത്രാപ്പോലീത്തയുമായിരുന്ന ഭാഗ്യസ്മരണാർഹനായ പടിയറപ്പിതാവിന്റെ ജന്മശതാബ്ദി ഫെബ്രുവരി 11 –ന് നമ്മൾ ആചരിക്കുകയാണ്. കോവിഡ്–19 മഹാമാരിമൂലമുള്ള നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായിട്ടായിരിക്കും ശതാബ്ദിയാചരണം.

1921 ഫെബ്രുവരി 11– ന് ചങ്ങനാശേരി അതിരൂപതയിലെ മണിമലയിൽ ജനിച്ച്, കോയമ്പത്തൂർ രൂപതയിൽ വൈദികാർത്ഥിയായി ചേർന്ന് പരിശീലനം നേടി 1945–ൽ പുരോഹിത പട്ടം സ്വീകരിച്ച പടിയറ ആന്റണിയച്ചൻ, കോയമ്പത്തൂർ വിഭജിച്ച് പുതുതായി രൂപംകൊണ്ട മൈസൂർ രൂപതയിൽ പുരോഹിതശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടു. 1951 – മുതൽ മൈസൂർ മൈനർ സെമിനാരിയിൽ റെക്ടറായും, 1953 മുതൽ ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് മേജർ സെമിനാരി തിയോളജി പ്രൊഫസറായും സേവനമനുഷ്ഠിച്ച ആന്റണിയച്ചൻ, 1955 –ൽ മൈസൂർ രൂപത വിഭജിച്ച് പുതുതായി രൂപംകൊണ്ട ഊട്ടിരൂപതയുടെ പ്രഥമ മെത്രാനായി നിയമിക്കപ്പെട്ടു. 34–ാം വയസ്സിൽ രൂപതാദ്ധ്യക്ഷനായ പടിയറപ്പിതാവ് അപ്പോൾ ആഗോളസഭയിലെ ഏറ്റവും പ്രായം കുറഞ്ഞ മെത്രാനായിരുന്നു. എന്നും പ്രേഷിതചൈതന്യം നിറഞ്ഞ് അജപാലനശുശ്രൂഷയിൽ ഉത്സുകനായിരുന്ന പടിയറപ്പിതാവ് കേരളത്തിൽനിന്നുള്ള ആദ്യ മിഷനറി മെത്രാനായിരുന്നു എന്നത് എടുത്തുപറയേണ്ടതാണ്.

'സന്തോഷത്തോടെ സേവനം ചെയ്യുക' എന്ന ആദർശം ഉൾക്കൊണ്ട് മെത്രാൻപദവി ഏറ്റെടുത്ത പടിയറപ്പിതാവ്, 'മാർപാപ്പ കല്പ്പിക്കുന്നു, ഞാൻ അനുസരിക്കുന്നു' എന്ന സമർപ്പിത മനോഭാവത്തോടെ തന്റെ ശ്രേഷ്ഠമായ ദൈവവിളി അസാധാരണമായ പാടവത്തോടും ത്യാഗനിർഭരമായ വിവേചനത്തോടുംകൂടി നിറവേറ്റിയ അജപാലകനാണ്. ലത്തീൻ റീത്തിൽ പരിശീലനം നേടി വൈദികനാകുകയും, ഒരു ലത്തീൻ മിഷൻ രൂപതാദ്ധ്യക്ഷനായി 15 വർഷക്കാലം സേവനം ചെയ്യുകയും ചെയ്ത പടിയറപിതാവ്, മാതൃരൂപതയാണെങ്കിലും തനിക്കു പരിചിതമായതിൽ നിന്ന് തികച്ചും വ്യത്യസ്ഥമായ അജപാലനശൈലി അനുവർത്തിക്കേണ്ട ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി ചുമതല ഏറ്റെടുത്തത് മേല്പറഞ്ഞ മനോഭാവത്തോടെ ദൈവഹിതത്തിന് വിനയപൂർവ്വം സ്വയം സമർപ്പിച്ചുകൊണ്ടാണ്.

ദൈവദാസൻ കാവുകാട്ടുപിതാവിന്റെ പിൻഗാമിയായി 1970 മുതൽ 15 വർഷക്കാലം ചങ്ങനാശേരിയിലും, തുടർന്ന് 1996-ൽ ഔദ്യോഗിക ചുമതലകളിൽനിന്ന് വിരമിക്കുന്നതുവരെ എറണാകുളത്തും മെത്രാപ്പോലീത്താ പദവിയിൽ ശുശ്രൂഷ ചെയ്തു. 1988-ൽ കർദ്ദിനാളായി വാഴിക്കപ്പെട്ടു. 1993-ൽ സീറോമലബാർ സഭയുടെ പ്രഥമ മേജർ ആർച്ചു ബിഷപ്പായി നിയമിക്കപ്പെട്ടു. സീറോമലബാർ സഭ ഒരു സ്വതന്ത്ര സ്വയാധികാര സഭയായി തിരുസഭയിൽ അംഗീകരിക്കപ്പെട്ടു. അങ്ങനെ സീറോമലബാർ സഭയുടെ നാളിതുവരെയുള്ള ചരിത്രത്തിലെ ഏറ്റ വും പ്രധാന സംഭവത്തിന്, സഭയുടെ പിതാവും തലവനുമായ പടിയറ പ്പിതാവിന്റെ ഭരണകാലഘട്ടം സാക്ഷ്യം വഹിച്ചു.

1870 മുതൽ 1985 വരെ മെത്രാപ്പോലീത്തയായി പടിയറപ്പിതാവ് ചങ്ങനാശേരി അതിരൂപതയെ നയിച്ച 15 വർഷക്കാലം സംഭവബഹുല മായിരുന്നു. പിതാവിന്റെ വ്യക്തിപ്രഭാവത്താലും, ദൈവകൃപയിൽ ആശ്രയിച്ചുള്ള കർമ്മകുശലതയാലും ചങ്ങനാശേരി അതിരൂപത യ്ക്ക് ഈ കാലഘട്ടം ഫലസമൃദ്ധിയുടെതായിരുന്നു. തികച്ചും ഒരു മിഷനറി വൈദികനായും മെത്രാനായും ദീർഘകാലം അജപാലന ശുശ്രൂഷ നിർവഹിച്ച പിതാവ് ചങ്ങനാശേരിയുടെ വ്യത്യസ്തമായ സാഹചര്യത്തിലും തികഞ്ഞ പ്രേഷിതചൈതന്യത്തോടെയാണ് തന്റെ മേൽപ്പട്ടശുശ്രൂഷ തുടർന്നത്. തന്റെ സ്വന്തം കുടുംബമായ അതിരൂപത യെയും അവിടുത്തെ ദൈവജനത്തെയും സംവിധാനങ്ങളെയും അടുത്തറിയുന്നതിനും ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമായി നിരന്തരം യാത്ര ചെയ്ത് അഹോരാത്രം പ്രവർത്തനനിരതനായി. നാനാജാതിമതസ്ഥരുമായി ഉറ്റ സൗഹൃദം പുലർത്തി. രാഷ്ട്രീയ -

സാമൂഹ്യ - സാംസ്കാരിക - തലങ്ങളിലെ ഉന്നതനേതാക്കളുമായും സൗഹൃദബന്ധം സ്ഥാപിച്ചു.

ചുരുങ്ങിയ സമയത്തിനുള്ളിൽ പടിയറപ്പിതാവ് ചങ്ങനാശേരി അതിരൂപതയ്ക്കും പൊതുസമൂഹത്തിനും പ്രിയപ്പെട്ടവനും ആദരണീയനുമായി. പിതാവിന്റെ ആശയസമ്പുഷ്ടവും നർമ്മരസം നിറഞ്ഞതും ചിന്തിപ്പിച്ചും ചിരിപ്പിച്ചുമുള്ള പ്രഭാഷണങ്ങൾ ഏവർക്കും ഹൃദയാവർജ്ജകമായി. ആഴമായ ആദ്ധ്യാത്മികതയിൽ അടിത്തറയിട്ട ചിട്ടയോടുകൂടിയ ജീവിതവും, നിശ്ചയദാർഢ്യത്തോടും ലക്ഷ്യബോധത്തോടുംകൂടിയുള്ള അജപാലന പ്രവർത്തനങ്ങളും അതിരൂപതയിലുടനീളം ഉണർവും വിവിധതലങ്ങളിൽ പുതിയ മുന്നേറ്റങ്ങളും സൃഷ്ടിച്ചു.

സീറോമലബാർ സഭയുടെ ചരിത്രത്തിൽ ഒരു നൂതന അധ്യായം എഴുതിച്ചേർത്ത സംഭവമായിരുന്നു, 1975 – ൽ ഉത്തരപ്രദേശിലെ ആഗ്രാ ലത്തീൻ അതിരൂപതയിൽ ചങ്ങനാശേരി അതിരൂപത ഏറ്റെടുത്ത ഇറ്റാവാമിഷൻ. രണ്ടാം വത്തിക്കാൻ കൗൺസിൽ നൽകിയ ഉൾക്കാഴ്ചകളിൽനിന്ന് പ്രചോദനം സ്വീകരിച്ച്, പാശ്ചാത്യ - പൗരസ്ത്യ സഭകളിൽപ്പെട്ട രണ്ടു രൂപതകൾക്ക് എപ്രകാരം സ്വന്തം തനിമയ്ക്കും വ്യക്തിത്വത്തിനും കോട്ടംവരാതെ അജപാലന - പ്രേഷിത പ്രവർത്തനങ്ങളിൽ സഹകരിക്കാൻ സാധിക്കും എന്നതിന്റെ ഉത്തമ സാക്ഷ്യമാണ് ഇറ്റാവ മിഷൻ. പടിയറപ്പിതാവിന്റെ പ്രേഷിതജീവിതാനുഭവങ്ങളും ബോധ്യങ്ങളുമാണ് ഈ വെല്ലുവിളി ഏറ്റെടുക്കാൻ പ്രേരകമായത്.

ചങ്ങനാശേരി അതിരൂപതയുടെ തെക്കൻ മിഷൻ എന്നറിയപ്പെട്ടിരുന്ന കന്യാകുമാരി മിഷന് ഒരു സുവർണ്ണദശയായിരുന്നു പടിയറ പിതാവിന്റെ ശുശ്രൂഷാകാലഘട്ടം എന്നു പറയാം. തമിഴ്മക്കളോട് പടിയറപ്പിതാവിന് മാതൃഭാഷപോലെ തമിഴിൽ ആശയവിനിമയം നടത്താൻ കഴിഞ്ഞിരുന്നത് അവർക്ക് വലിയൊരു ഉത്തേജനമായിരുന്നു. ഈ കാലഘട്ടത്തിൽ കന്യാകുമാരി മിഷൻ ഏറെ വളർന്നു. വിശ്വാസപരിശീലനം കൂടുതൽ വ്യവസ്ഥാപിതമായി. സമർപ്പിത സമൂഹങ്ങളുടെ സേവനം ശക്തവും വിപുലവുമായി.

ഇന്ത്യയിൽ സീറോമലബാർ സഭയുടെ ഭാവിവളർച്ചയ്ക്ക് വഴിയൊരുക്കിയ ഒരു സുപ്രധാന സംഭവമായിരുന്നു, പുണ്യശ്ലോകനായ ജോൺ പോൾ ഒന്നാമൻ മാർപാപ്പാ അഭിവന്ദ്യ പടിയറപ്പിതാവിനെ, ഇന്ത്യയിൽ വിവിധ സ്ഥലങ്ങളിൽ പ്രവാസികളായി ചിതറിപ്പാർക്കുന്ന സീറോമലബാർ വിശ്വാസികളുടെ സ്ഥിതിവിവരങ്ങളും അജപാലന സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അപ്പസ്തോലിക് വിസിറ്ററായി നിയമിച്ചത്. ത്യാഗപൂർണ്ണമായ ഈ ദൗത്യം പിതാവ്

സ്തുത്യർഹമായി നിറവേറ്റുകയും യഥാസമയം റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തു. പിന്നീട് ബോംബെയിൽ സീറോമലബാർ പ്രവാസിമക്കൾക്കുവേണ്ടി കല്യാൺ രൂപത സ്ഥാപിക്കാൻ ഈ റിപ്പോർട്ട് വഴിയൊരുക്കുകയായിരുന്നു. അങ്ങനെ, സീറോമലബാർ സഭയുടെ പ്രവാസിമക്കൾക്ക് അജപാലനശുശ്രൂഷ നൽകുന്നതിന് ആദ്യമായി ഒരു പാത വെട്ടിത്തുറന്നു.

അതിരൂപതയുടെ അജാപാലന - മതബോധന കേന്ദ്രമായ സന്ദേശനിലയത്തിന്റെ സംവിധാനങ്ങൾ വിപുലപ്പെടുത്തുകയും വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനങ്ങൾ വികസിപ്പിക്കുകയും ചെയ്തത് ഈ കലഘട്ടത്തിലാണ്. വിശ്വാസപരിശീലനം, സാമൂഹികസേവനം, കുടുംബപ്രേഷിതത്വം, ദളിത് ക്രൈസ്തവക്ഷേമം, ക്രൈസ്തവതൊഴിലാളി പ്രസ്ഥാനം തുടങ്ങിയ വകുപ്പുകൾ നൂതന ആഭിമുഖ്യങ്ങൾ ഉൾക്കൊണ്ട് വളർന്നു വികസിച്ചു. യുവദീപ്തി എന്ന യുവജനപ്രസ്ഥാനത്തിന് സഭയിൽ ആദ്യമായി ചങ്ങനാശേരിയിൽ ആരംഭം കുറിച്ചു. ബുദ്ധിമാന്ദ്യം ഉള്ളവർക്കും ഭിന്നശേഷിക്കാർക്കുംവേണ്ടി ആശാഭവൻ, മേഴ്സിഹോം തുടങ്ങിയ സേവനകേന്ദ്രങ്ങൾക്ക് ആരംഭം കുറിച്ചത് പടിയറപ്പിതാവിന്റെ ദീനാനുകമ്പയുടെ മകുടോദാഹരണങ്ങളാണ്.

ഇപ്പോൾ സമർപ്പിതർക്ക് ഉന്നത ദൈവശാസ്ത്ര പരിശീലനം നൽകുന്ന പ്രശസ്തമായ M. O. C. യ്ക്ക് ആരംഭംകുറിച്ചതും പടിയറപ്പിതാവിന്റെ കാലത്താണ്. പുതിയ ചില സമർപ്പിതസമൂഹങ്ങൾ (ഉദാ. ASMI) അതിരൂപതയിൽ സ്ഥാപിക്കുകയും, പല സമർപ്പിത സമൂഹങ്ങളുടെയും ഭവനങ്ങൾ ചങ്ങനാശേരിയിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ചെത്തിപ്പുഴ ഹോസ്പിറ്റലിന്റെ നടത്തിപ്പ് പൂർണമായും അതിരൂപത ഏറ്റെടുത്തതും (1979) ഇക്കാലത്താണ്. താൻ പഠിച്ച S B ഹൈസ്കൂളിനെ ഏറെ സ്നേഹിച്ച പിതാവ് അതിന്റെ വളർച്ചയ്ക്കും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി.

വൈദികസമ്മേളനങ്ങൾ ക്രമമായി നടത്തി വൈദികകൂട്ടായ്മ വളർത്താനും അവർക്ക് ഉത്തേജനം നൽകാനും പിതാവ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വൈദികക്ഷേമവും അവരുടെ ഭാവിഭദ്രതയും ഉറപ്പുവരുത്താൻ പിതാവ് ഏറെ താല്പര്യമെടുത്തിരുന്നു.


ചങ്ങനാശേരി അതിരൂപത വിഭജിച്ച് (1977– ൽ) കാഞ്ഞിരപ്പള്ളി രൂപത സ്ഥാപിതമായത് പടിയറപ്പിതാവിന്റെ അജപാലനകാര്യക്ഷമതയുടെ മറ്റൊരു സാക്ഷ്യമാണ്. പ്രത്യേക ചുമതലകൾ ഏൽപ്പിക്കപ്പെടുന്നവർക്ക് ആവശ്യമായ പ്രവർത്തനസ്വാതന്ത്ര്യം നൽകുന്ന സമീപനമായിരുന്നു

പിതാവിന്റേത്. തനിക്ക് ബോധ്യം വരുന്നകാര്യങ്ങളിൽ കർക്കശമായ തീരുമാനങ്ങൾ എടുക്കുവാൻ പിതാവ് മടിച്ചിരുന്നില്ല.

പടിയറപ്പിതാവ് ആർജ്ജിച്ച പൊതുജനസമ്മതിയും ആദരവും രാഷ്ട്രംതന്നെ ഔദ്യോഗികമായി അംഗീകരിച്ചു എന്നതിന്റെ തെളിവാണല്ലോ രാഷ്ട്രം അദ്ദേഹത്തിന് ഉന്നതബഹുമതിയായ പത്മഭൂഷൻ നൽകി ആദരിച്ചത്. എളിയവരോടും ഉന്നതരോടും മാന്യമായും സ്നേഹത്തോടെയും ഇടപെട്ടിരുന്ന കുലീനവ്യക്തിത്വത്തിന് ഉടമയായിരുന്നു പിതാവ്. ദൈവഹിതത്തിന് തന്നെത്തന്നെ പൂർണ്ണമായി സമർപ്പിച്ച്, മേലധികാരികളോട് പൂർണ്ണമായും വിധേയപ്പെട്ട്, പ്രതിസന്ധികളിലും സഹനങ്ങളിലും ദൈവത്തിൽ ആശ്രയിച്ച്, പ്രാർത്ഥനയിലൂടെ ശക്തിനേടി അജപാലനശുശ്രൂഷ നിർവ്വഹിച്ച ഉത്തമനായ സഭാചാര്യനായിരുന്നു പടിയറപ്പിതാവ്. സീറോമലബാർ സഭയിൽ ഏറ്റവും ഉന്നത പദവിയിൽ എത്തി, കേരളസഭയിലും ഭാരതസഭയിലും ആഗോളസഭയിലും ഉന്നതപദവികൾ അലങ്കരിച്ച പിടിയറപ്പിതാവ് എല്ലാം ദൈവകൃപയായി കണ്ട് തന്റെ കഴിവും ആരോഗ്യവും സമയവും പൂർണ്ണ വിശ്വസ്തതയോടെ വിനിയോഗിച്ച് സഭാശുശ്രൂഷ നിർവഹിച്ചു.

പുരോഹിതനായി ഒരു ദശാബ്ദക്കാലം പിന്നിട്ടപ്പോൾ മേല്പട്ട ശുശ്രൂഷയ്ക്കായി നിയോഗം ലഭിച്ച പടിയറപ്പിതാവ്, ഊട്ടിയിലും ചങ്ങനാശേരിയിലും എറണാകുളത്തുമായി മെത്രാനായും മെത്രാപ്പോലീത്തയായും മേജർ ആർച്ചുബിഷപ്പായും ശുശ്രൂഷ ചെയ്ത് 1996-ൽ വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കുകയും 2000 -ൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെടുകയും ചെയ്തു. ഈ വരുന്ന ഫെബ്രുവരി 11 അഭിവന്ദ്യ പിതാവിന്റെ ജന്മശതാബ്ദിയാണ്. ജീവിത വിശുദ്ധിയും ദൈവാശ്രയത്വവുംവഴി ശ്രേഷ്ഠാചാര്യപദത്തെ ധന്യമാക്കിയ ഈ മഹായിടയന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ചങ്ങനാശേരി അതിരൂപതയുടെ ആദരാഞ്ജലികൾ!

സ്നേഹപൂർവ്വം,



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

**N.B:** *ഈ സർക്കുലർ വി. കുർബാനയുള്ള ഇടവകകളിൽ ഫെബ്രുവരി 7-ാം തീയതി വായിക്കുകയും ദൈവാലയകർമ്മങ്ങളിൽ സംബന്ധിക്കാൻ സാധിക്കാത്തവരെ യുക്തമായ മാർഗ്ഗത്തിലൂടെ അറിയിക്കേണ്ടതുമാണ്.*

സർക്കുലർ

21 Ch. 256-333

# തിരുസ്സഭാപാലകൻ മാർ യൗസേപ്പ് സഭയിൽ വർഷാചരണം

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

1870 ഡിസംബർ 8-ന് ഒമ്പതാം പീയൂസ് മാർപാപ്പാ യൗസേപ്പിതാവിനെ തിരുസ്സഭയുടെ പാലകനായി പ്രഖ്യാപിച്ചിട്ട് 150 വർഷം പിന്നിടുന്ന 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ യൗസേപ്പിതാവിനായി പ്രതിഷ്ഠിക്കപ്പെട്ട പ്രത്യേക വർഷമായി ആചരിക്കാൻ 'പിതൃഹൃദയത്തോടെ' (With a Father's Heart) എന്ന തന്റെ ശ്ലൈഹികലേഖനത്തിലൂടെ ഫ്രാൻസിസ് മാർപാപ്പാ ആഹ്വാനം ചെയ്തിരിക്കുകയാണ്. സഭ വലിയൊരു വിഷമസന്ധിയിലായിരുന്നപ്പോഴാണ് ഒമ്പതാം പീയൂസ് മാർപാപ്പാ സഭയെ യൗസേപ്പിതാവിന്റെ സംരക്ഷണയ്ക്കു ഭരമേല്പിച്ചത്. പരിശുദ്ധ കന്യകാമറിയം കഴിഞ്ഞാൽ സഭ ഏറ്റവുമധികം ആദരിക്കുകയും വണങ്ങുകയും ചെയ്യുന്നതും, ക്ലേശങ്ങളിൽ ആശ്രയിക്കുന്നതും യൗസേപ്പിതാവിനെയാണ്. 1955-ൽ 12-ാം പീയൂസ് മാർപാപ്പാ യൗസേപ്പിതാവിനെ തൊഴിലാളികളുടെ മദ്ധ്യസ്ഥനായും, വിശുദ്ധ ജോൺ പോൾ രണ്ടാമൻ രക്ഷകന്റെ പാലകനായും (1989) പ്രഖ്യാപിക്കുകയുണ്ടായി. നല്ല മരണത്തിന്റെ മദ്ധ്യസ്ഥനായി യൗസേപ്പിതാവ് സാർവത്രികമായി വണങ്ങപ്പെടുന്നു. സഭ ഇന്ന് ഏറെ പ്രതിസന്ധികളെ നേരിടേണ്ടിവരുന്നു. അവയെ അതിജീവിക്കാൻ പ്രതിസന്ധികളിൽ തിരുക്കുടുംബത്തിന്റെ പാലകനായിരുന്ന യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥത തേടുകയാണ് ഈ വർഷാചരണത്തിന്റെ ഒരു പ്രത്യേകലക്ഷ്യം.

യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥശക്തിയിലും സംരക്ഷണത്തിലും സഭയ്ക്കു പൂർണ്ണവിശ്വാസമുണ്ട്. അതിനുള്ള പ്രധാന കാരണങ്ങളായി

ലെയോ 13-ാമൻ മാർപാപ്പാ പറയുന്നത് മാർ യൗസേപ്പ് മറിയത്തിന്റെ ഭർത്താവായിരുന്നു, ഈശോയുടെ (വളർത്തു) പിതാവായിരുന്നു, തിരുകുടുംബത്തിന്റെ നിയമാനുസൃതവും സ്വാഭാവികവുമായ രക്ഷകർത്താവും തലവനും സംരക്ഷകനുമായിരുന്നു എന്നാണ്; നസ്രത്തിലെ കുടുംബത്തിന്റെ വിശ്രമിക്കാത്ത ഈ കാവൽക്കാരൻ തന്റെ മഹത്ത്വത്തിനു ചേർന്ന വിധം സ്വർഗ്ഗീയ മാദ്ധ്യസ്ഥ്യംവഴി മിശിഹായുടെ സഭയെ എതിർശക്തികളെ ഉപരോധിച്ച് സംരക്ഷിക്കുകതന്നെ ചെയ്യും എന്നാണ്.

യൗസേപ്പിതാവിന്റെ മഹത്തായ മാതൃക ക്രിസ്തീയസമൂഹത്തിനു മുഴുവൻ എന്നും പ്രചോദനമാണ്. ദൈവവചനം ആദരവോടെ ശ്രവിക്കുവാനും അതിലൂടെ വെളിപ്പെടുത്തപ്പെടുന്ന ദൈവഹിതം വിശ്വസ്തതയോടെ നിറവേറ്റുവാനും സഭ എപ്പോഴും സന്നദ്ധയായിരിക്കണം. അപ്രകാരമുള്ള സന്നദ്ധത പരിശുദ്ധ കന്യാമറിയം കഴിഞ്ഞാൽ യൗസേപ്പിതാവിൽ കാണാൻ കഴിയുമെന്ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 'രക്ഷകന്റെ പാലകൻ' (Redemptoris Custos) എന്ന തന്റെ ശ്ലൈഹിക ഉപദേശത്തിൽ പ്രസ്താവിക്കുന്നു. ദൈവകല്പനകൾ വിശ്വസ്തതയോടെ നിറവേറ്റിയ മാർ യൗസേപ്പ് അനുസരണയുടെ അവതാരമാണെന്ന് പരിശുദ്ധ പിതാവ് പറയുന്നു.

ദൈവഹിതത്തിന് പൂർണമായി കീഴ്വഴങ്ങിയ യൗസേപ്പിതാവിന്റെ സമർപ്പിതജീവിതത്തിന്റെ ചിത്രം സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന രക്ഷാകരസംഭവങ്ങളിൽ ഈശോയോടും മറിയത്തോടുമൊപ്പം കാണാൻ കഴിയും. ചുരുങ്ങിയ വാക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ സംഭവങ്ങളിൽ നിന്ന് യൗസേപ്പിനെക്കുറിച്ചുള്ള ദൈവത്തിന്റെ ഹിതം എന്തായിരുന്നുവെന്നും യൗസേപ്പ് എത്രമാത്രം വിശ്വസ്തതയോടും വിധേയത്വത്തോടും കൂടി ദൈവഹിതം നിറവേറ്റിയെന്നും വ്യക്തമാകുന്നു. പ്രതിസന്ധികളിൽ തളരാതെ ദൈവകൃപയിൽ ആശ്രയിച്ച് തന്നിൽ ഏൽപിക്കപ്പെട്ട ദൗത്യം പൂർണ്ണമായി നിറവേറ്റുന്ന മാർ യൗസേപ്പ് ഏതൊരു വിശ്വാസിക്കും ഉത്തമ മാതൃകയാണ്. അധ്വാനവും ജാഗ്രതയും ദൈവാശ്രയവും യൗസേപ്പിന്റെ ജീവിതസമർപ്പണത്തിന്റെ മുഖമുദ്രകളാണ്. മറിയത്തോടും ഈശോയോടുമുള്ള അഗാധ സ്നേഹവും അവരുടെ സംരക്ഷണത്തിനുവേണ്ടി ഏറ്റെടുത്ത ത്യാഗവും യൗസേപ്പിനെ ഒരു മാതൃകാകുടുംബനാഥനും ഭർത്താവും പിതാവുമാക്കി.

തച്ചൻ എന്നറിയപ്പെട്ടിരുന്ന കഠിനാധ്വാനിയായ യൗസേപ്പിന്റെ ജീവിതം അധ്വാനത്തിന്റെ മഹത്ത്വം വിളംബരം ചെയ്യുന്നു. നീതിനിഷ്ഠയോടെ തൊഴിൽ ചെയ്തു ജീവിച്ച യൗസേപ്പ് തൊഴിൽ ചെയ്തു ജീവിക്കാൻ കടമയും അവകാശവുമുള്ള മനുഷ്യന് വഴികാട്ടിയാണ്. തന്റെ പരസ്യ

ജീവിതാരംഭത്തിൽ ഈശോതന്നെ അറിയപ്പെട്ടത് തച്ചൻ യൗസേപ്പിന്റെ മകൻ എന്നായിരുന്നു.

യൗസേപ്പിന്റെ നിശബ്ദതയും മൗനവും ദൈവഹിതത്തിനായി സ്വയം സമർപ്പിച്ചതിന്റെ നിരന്തര പ്രഖ്യാപനമായിരുന്നു. ഈശോയ്ക്കും മറിയത്തിനും വേണ്ടിയുള്ള ആ നിശബ്ദ ജീവിതം യൗസേപ്പിന് സ്വർഗ്ഗീയതയുടെ മാധുര്യം പകർന്നു. വാക്കുകൾക്കോ മറ്റു താൽപര്യങ്ങൾക്കോ പരിഭവങ്ങൾക്കോ ഒന്നും പിന്നെ അവിടെ പ്രസക്തിയില്ല. മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ അമ്മയുടെ ഭർത്താവും ആ പുത്രന്റെയും അമ്മയുടെയും സംരക്ഷകനുമാകാൻ ദൈവം യൗസേപ്പിനെ തിരഞ്ഞെടുത്തു എന്നതാണ് യൗസേപ്പ് ദൈവത്തിന് എത്രമാത്രം പ്രിയങ്കരനും വിശ്വാസ്യനുമായിരുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവ്.

## യൗസേപ്പ് സഭയുടെ സംരക്ഷകൻ

'യൗസേപ്പ് ഉറക്കമുണർന്ന് കർത്താവിന്റെ മാലാഖ കൽപ്പിച്ചതുപോലെ പ്രവർത്തിക്കുകയും തന്റെ ഭാര്യയെ സ്വീകരിക്കുകയും ചെയ്തു' (മത്താ.1 : 24).

ഈ വചനത്തെ അടിസ്ഥാനപ്പെടുത്തി ആദികാലം മുതലേ സഭാപിതാക്കന്മാർ ഉറപ്പിച്ചു പഠിപ്പിക്കുന്നു: മാർ യൗസേപ്പ് എങ്ങനെ സഭയുടെ ഉത്തമമാതൃകയും പ്രതിരൂപവുമായ മറിയത്തെ സ്നേഹപൂർവ്വം സംരക്ഷിക്കുകയും ഈശോമിശിഹായെ വളർത്തുന്നതിനായി സന്തോഷത്തോടെ സ്വയം സമർപ്പിക്കുകയും ചെയ്തുവോ അതുപോലെ മിശിഹായുടെ മൗതിക ശരീരമായ സഭയെ പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു.

## കർത്താവിന്റെ വാക്കുകൾ വിശ്വസിച്ച് പ്രവർത്തിച്ച ഭാഗ്യവാൻ

'കർത്താവ് അരുളിച്ചെയ്ത വാക്കുകൾ നിറവേറുമെന്നു വിശ്വസിച്ചവൾ ഭാഗ്യവതി' (ലൂക്കാ 1 : 45) എന്ന് മറിയത്തെപ്പറ്റി എലിസബത്ത് പറഞ്ഞത് മാർ യൗസേപ്പിന്റെ കാര്യത്തിലും സത്യമാണ്. 'ദാവീദിന്റെ പുത്രനായ യൗസേപ്പ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ്' (മത്താ. 1 : 20). ഇത് കർത്താവിന്റെ വാക്കുകളും ഹിതവുമാണെന്ന് മറിയത്തെപ്പോലെ വിശ്വസിച്ചുകൊണ്ട് യൗസേപ്പ് മറിയത്തെ തന്റെ ഭാര്യയായി സ്വീകരിച്ചു സംരക്ഷിച്ചു. മറിയം ഗർഭം ധരിച്ചിരിക്കുന്നതു റൂഹാദ്ക്കുദ്ശായുടെ ശക്തിയിലാണെന്നുള്ള രഹസ്യം കർത്താവ് വെളിപ്പെടുത്തിയത് വിശ്വസിക്കാൻ തയ്യാറായപ്പോൾ യൗസേപ്പിന്റെ ആശങ്കകളെല്ലാം നീങ്ങി ഉന്മേഷവാനും ശക്തനുമായി. മറിയത്തിന്റെ കന്യകാത്വം സംരക്ഷിക്കുന്ന ഭർത്താവായി. യൗസേപ്പിന്റെ നിയമപ്രകാരമുള്ള ഭാര്യയാണ് മറിയം എന്നതിന് ദൈവികസാക്ഷ്യവും ലഭിച്ചു.

## യൗസേപ്പ് ഈശോയ്ക്ക് പിതൃതുല്യൻ

'അവൾ ഒരു പുത്രനെ പ്രസവിക്കും; നീ അവന് ഈശോ എന്നു പേരിടണം. എന്തെന്നാൽ, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കും' (മത്താ. 1:21).

പേരിടാനുള്ള അവകാശം പിതാക്കന്മാർക്കുള്ളതാണ്. പേരിട്ടതിലൂടെ യൗസേപ്പ് ഈശോയ്ക്ക് പിതൃതുല്യനായി. ഈശോയെ ദാവീദിന്റെ പുത്രൻ എന്ന് വിളിക്കാൻ ഇടയാക്കിയത് ദാവീദിന്റെ പിൻതലമുറക്കാരനായ യൗസേപ്പ് ഈശോയുടെ നിയമാനുസൃത പിതാവായതുകൊണ്ടാണ്. 'ഈശോ' എന്ന പേരിന്റെ അർത്ഥം 'ദൈവം രക്ഷിക്കുന്നു' എന്നാണ്. ദൈവത്തിന്റെ രക്ഷാകരപദ്ധതി പുത്രനായ ഈശോയിലൂടെ പൂർത്തിയാക്കാൻ പോകുന്നു എന്ന വെളിപ്പെടുത്തലുമാണിത്. അങ്ങനെ ഈശോയുടെ ശാരീരിക ജനനത്തിൽ പങ്കില്ലെങ്കിലും നിയമാനുസൃത പിതാവെന്ന നിലയിൽ രക്ഷാകരപദ്ധതിയിൽ യൗസേപ്പിനും പങ്കുലഭിക്കുന്നു.

ഈശോ യൗസേപ്പിന്റെ മകനെന്നും, യൗസേപ്പ് ഈശോയുടെ പിതാവെന്നുമാണ് സമൂഹത്തിൽ പൊതുവെ അറിയപ്പെട്ടിരുന്നത്. ഒരു പിതാവിനടുത്ത ഉത്തരവാദിത്വങ്ങൾ യൗസേപ്പ് നിറവേറ്റുകയും ചെയ്തു. ഈശോയുടെ പരിച്ഛേദനകർമ്മം നടത്തി പേരിട്ടതും, ഈശോയെ കൊല്ലാനാഗ്രഹിച്ച ഹേറോദേസിൽ നിന്നു രക്ഷിക്കാൻ ഈജിപ്തിലേക്കു പലായനം ചെയ്ത് അവിടെ പ്രവാസജീവിതം നയിച്ചതും, പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെ പ്രീതിയിലും വളരാൻ (ലൂക്കാ 2:52) ഈശോയ്ക്ക് ആവശ്യമായ ശിക്ഷണവും പരിരക്ഷയും നൽകിയതും, ഈശോയെ തൊഴിൽ പരിശീലിപ്പിച്ചതും, സിനഗോഗും ദൈവാലയവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഈശോയ്ക്ക് ആവശ്യമായ പരിചയവും പരിശീലനവും നൽകിയതും യൗസേപ്പ് നിർവഹിച്ച പിതാവിനടുത്ത കർത്തവ്യങ്ങളായിരുന്നു. മാതാപിതാക്കളായ മറിയത്തിനും യൗസേപ്പിനും കീഴ്വഴങ്ങി ഈശോ ജീവിച്ചതായിട്ടാണ് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (ലൂക്കാ 2:51).

## സഭയുടെ സംരക്ഷകനായ മാർ യൗസേപ്പിതാവിന്റെ മധ്യസ്ഥത

പ്രതിസന്ധികളിൽ തിരുകുടുംബത്തെ എല്ലാവിപത്തുകളിൽ നിന്നും സംരക്ഷിച്ചു നയിച്ച മാർ യൗസേപ്പിന്റെ മധ്യസ്ഥത പ്രതിസന്ധികളെ എന്നും നേരിടേണ്ടിവരുന്ന സഭയ്ക്ക് ഉറപ്പുള്ള ആശ്രയമാണ്. ഗാർഹികസഭയായ നമ്മുടെ ഓരോ കുടുംബത്തെയും, ഇടവകകളെയും അതിരൂപതയേയും സഭ മുഴുവനേയും യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യത്തിനു നമുക്കു സമർപ്പിക്കാം. യൗസേപ്പിതാവിന് സമർപ്പിക്കപ്പെട്ട ഈ വർഷം, ദൈവം തന്നെ നീതിമാനും വിശ്വസ്തനുമായി കണ്ടെത്തി ഈശോമിശിഹായുടെയും അവന്റെ അമ്മയുടെയും സംരക്ഷണം

ഏൽപ്പിച്ചുകൊടുത്ത യൗസേപ്പിതാവിനോടുള്ള ഭക്തിയിലും സ്നേഹത്തിലും വളരാൻ നമുക്കു ശ്രദ്ധിക്കാം. ആ നല്ല പിതാവ് തീർച്ചയായും നമുക്കു വേണ്ടി കർത്താവിന്റെ സന്നിധിയിൽ മാധ്യസ്ഥത വഹിക്കും. ഏതാനും പ്രായോഗിക കാര്യങ്ങൾ നിർദ്ദേശിക്കുന്നു.

1. ഈശോയോടൊപ്പമുള്ള യൗസേപ്പിതാവിന്റെ ഒരു ഐക്കൺ ചിത്രം നമ്മുടെ വീടുകളിലും ദൈവാലയങ്ങളിലും സ്ഥാപനങ്ങളും സ്ഥാപിക്കുക.*
2. അതിരൂപതാ ലിറ്റർജി കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന യൗസേപ്പിതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന ആവശ്യാനുസരണം ഉപയോഗിക്കാവുന്നതാണ്.**
3. ഇതോടു ചേർന്ന് താഴെ കൊടുത്തിരിക്കുന്നതും മാർപാപ്പമാരുടെ അംഗീകാരമുള്ളതുമായ പ്രാർത്ഥനയും ലുത്തിനിയായും കുടുംബപ്രാർത്ഥനയോടു ചേർത്തു ചൊല്ലുന്നത് ഉചിതമായിരിക്കും.
4. യൗസേപ്പിതാവുമായി ബന്ധപ്പെട്ട രക്ഷാരഹസ്യങ്ങളെ അനുസ്മരിച്ച് ധ്യാനിക്കാൻ സഹായകരമായ രീതിയിൽ ക്രമീകരിച്ചിരിക്കുന്ന കൊന്തനമസ്കാരവും ചൊല്ലാവുന്നതാണ്.
5. എല്ലാറ്റിലുമുപരിയായി യൗസേപ്പിതാവിൽ വിളങ്ങിയിരുന്ന സദ്ഗുണങ്ങൾ നമ്മുടെ ജീവിതത്തിലും പ്രയോഗികമാക്കാൻ പരിശ്രമിക്കാം.
6. മാർച്ച് 18-ാം തീയതി നാലര മണിക്ക് ചമ്പക്കുളം ബസിലിക്കായിൽ യൗസേപ്പിതാവിന്റെ വർഷാചരണത്തിന്റെ അതിരൂപതാതല ഉദ്ഘാടനം നടക്കുന്നതാണ്.
7. 19-ാം തീയതി എല്ലാ ഇടവകകളിലും വർഷാചരണത്തിന് ഔദ്യോഗിക തുടക്കം കുറിക്കേണ്ടതാണ്. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

**N.B:** *ഈ സർക്കുലർ വി. കുർബാനയുള്ള ഇടവകകളിൽ ഫെബ്രുവരി 21-ാം തീയതി വായിക്കുകയും ദൈവാലയകർമ്മങ്ങളിൽ സംബന്ധിക്കാൻ സാധിക്കാത്തവരെ യുക്തമായ മാർഗ്ഗത്തിലൂടെ അറിയിക്കേണ്ടതുമാണ്.*

* ഐക്കണുകൾ ഓർഡർ/സൈസ് അനുസരിച്ച് ചെയ്തുതരുന്നതാണ്. താല്പര്യമുള്ളവർ കുടുംബക്കൂട്ടായ്മ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ:7306208356

** പുസ്തകങ്ങൾ മാർത്തോമ്മാ വിദ്യാനികേതനിൽ ലഭ്യമാണ്.

## മാർ യൗസേപ്പിതാവിനോടുള്ള ജപം

ഭാഗ്യപ്പെട്ട മാർ യൗസേപ്പേ, അദ്ധ്വാനിക്കുന്നവരുടെ മാതൃകയേ, ധർമ്മനിഷ്ഠയോടും ശുദ്ധമനഃസാക്ഷിയോടും കൂടി ജോലി ചെയ്യാനുള്ള കൃപ ലഭിക്കുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ. ദൈവം നല്കിയ എന്റെ കഴിവുകളെ ഒരു ബഹുമതിയായി കരുതി അദ്ധ്വാനിക്കുവാൻ എന്നെ സഹായിക്കണമെ. ജീവിതത്തിൽ തളർച്ചയും ബുദ്ധിമുട്ടുകളും ഉണ്ടാകുമ്പോൾ ധീരതയേടും ആഴമായ വിശ്വാസത്തോടും ക്ഷമയോടുംകൂടി മുന്നേറുവാൻ എന്നെ അനുഗ്രഹിക്കണമേ. തിരുക്കുടുംബത്തിന്റെയും തിരുസഭയുടെയും സംരക്ഷകനായ മാർ യൗസേപ്പിതാവേ, ഈശോമിശിഹായുടെ തെരഞ്ഞെടുക്കപ്പെട്ട ജനത്തെ കടാക്ഷിക്കണമേ. അബദ്ധത്തിന്റെയും തിന്മയുടെയും കറകളൊക്കെയിൽ നിന്നു ഞങ്ങളെ കാത്തു രക്ഷിക്കണമേ. എത്രയും വല്ലഭനായ പാലകാ അന്ധകാര ശക്തികളോടു ഞങ്ങൾ ചെയ്യുന്ന യുദ്ധത്തിൽ സ്വർഗത്തിൽ നിന്നു ഞങ്ങളെ കൃപയോടെ സഹായിക്കണമേ. അങ്ങു ഒരിക്കൽ ഉണ്ണീശോയെ മരണകരമായ അപകടങ്ങളിൽ നിന്നു രക്ഷിച്ചതുപോലെ ഇപ്പോൾ ദൈവത്തിന്റെ തിരുസഭയെ ശത്രുവിന്റെ കെണിയിൽ നിന്നും എല്ലാ വിപത്തുകളിൽ നിന്നും കാത്തുകൊള്ളണമേ. ഞങ്ങൾ അങ്ങേ മാതൃകയനുസരിച്ച് അങ്ങേ സഹായത്താൽ ബലം പ്രാപിച്ച് പുണ്യജീവിതം നയിക്കാനും നല്ല മരണം ലഭിച്ച് സ്വർഗത്തിൽ നിത്യഭാഗ്യം പ്രാപിക്കാനും തക്കവണ്ണം അങ്ങേ മദ്ധ്യസ്ഥതയാൽ ഞങ്ങളേവരെയും എല്ലായ്പ്പോഴും കാത്തരുളണമേ. ആമേൻ

*(**അവലംബം** : മാർ യൗസേപ്പിതാവിനോടുള്ള വി. പത്താം പീയൂസ്, ലിയോ പതിമൂന്നാമൻ മാർപാപ്പാ എന്നിവരുടെ പ്രാർത്ഥനകൾ)*

## മാർ യൗസേപ്പിതാവിന്റെ ജപമാല

മാർ യൗസേപ്പേ, ദാവീദിന്റെ പുത്രാ, മറിയത്തിന്റെ വിരക്ത ഭർത്താവേ, ഞങ്ങൾ അങ്ങയെ വണങ്ങുന്നു. രക്ഷകന്റെ കാവൽക്കാരാ, അങ്ങ് നാമകരണം ചെയ്ത ഈശോയെ ഞങ്ങൾ ആരാധിക്കുന്നു.

മാർ യൗസേപ്പേ, സാർവത്രിക സഭയുടെ പാലകാ, അങ്ങയെപ്പോലെ രക്ഷകന്റെ ഹിതത്തിനു പൂർണമായി വിധേയപ്പെട്ടുള്ള ജീവിതം നയിക്കുവാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

### ജപമാല രഹസ്യങ്ങൾ

1. പരിശുദ്ധ കന്യകാമറിയവുമായുള്ള വിവാഹ വാഗ്ദാനം (മത്തായി 1,18)
2. മാർ യൗസേപ്പിതാവിനുണ്ടായ ദൈവിക വെളിപ്പെടുത്തലുകൾ (മത്തായി 1,19–21)
3. ഈശോയുടെ ജനനവും നാമകരണവും (മത്തായി 1,22–25)
4. ഈജിപ്തിലേക്കുള്ള പലായനം (മത്തായി 2,13–15)
5. നസ്രത്തിലെ രഹസ്യ ജീവിതം (മത്തായി 2,23; ലൂക്കാ 2,51–52)

## മാർ യൗസേപ്പിതാവിനോടുള്ള ലുത്തിനിയ

കർത്താവേ അനുഗ്രഹിക്കണമേ
മിശിഹായെ അനുഗ്രഹിക്കണമേ
കർത്താവേ അനുഗ്രഹിക്കണമേ
മിശിഹായെ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ
സ്വർഗ്ഗസ്ഥനായ ദൈവപിതാവേ
ലോകരക്ഷകനായ മിശിഹായേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായിരിക്കുന്ന പരിശുദ്ധ ത്രിത്വമേ,

*ഞങ്ങളെ അനുഗ്രഹിക്കണമേ*

പരിശുദ്ധ മറിയമേ,
വിശുദ്ധ യൗസേപ്പേ,
ദാവീദിന്റെ വിശിഷ്ട സന്താനമേ,
പൂർവപിതാക്കന്മാരുടെ പ്രകാശമേ,
മിശിഹാമാതാവിന്റെ മണവാളാ,
പരിശുദ്ധ കന്യകമറിയത്തിന്റെ നിർമ്മലനായ കാവൽക്കാരാ,
ദൈവസുതന്റെ വളർത്തുപിതാവേ,
മിശിഹായുടെ ജാഗ്രതയുള്ള സംരക്ഷകാ,
തിരുക്കുടുംബത്തിന്റെ തലവനേ,
എത്രയും നീതിമാനായ മാർ യൗസേപ്പേ,
മഹാ വിരക്തനായ മാർ യൗസേപ്പേ,
മഹാ വിവേകിയായ മാർ യൗസേപ്പേ,
മഹാ ധീരനായ മാർ യൗസേപ്പേ,
എത്രയും അനുസരണയുള്ള മാർ യൗസേപ്പേ,
മഹാ വിശ്വസ്തനായ മാർ യൗസേപ്പേ,
ക്ഷമയുടെ ദർപ്പണമേ,
ദാരിദ്ര്യത്തിന്റെ സ്നേഹിതാ,
തൊഴിലാളികളുടെ മാതൃകയേ,
കുടുംബജീവിതത്തിന്റെ അലങ്കാരമേ,
കന്യകകളുടെ സംരക്ഷകാ,
കുടുംബങ്ങളുടെ ആധാരമേ,
വേദനിക്കുന്നവരുടെ ആശ്വാസമേ,
രോഗികളുടെ ആശ്രയമേ,
മരണാസന്നരുടെ മദ്ധ്യസ്ഥാ,
ദുഷ്ടാരൂപികൾക്കു പരിഭ്രമമേ,
തിരുസഭയുടെ പാലകാ,


*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*

ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ.... (3 പ്രാവശ്യം)

**പുരോ:** ദൈവം അദ്ദേഹത്തെ തന്റെ ഭവനത്തിന്റെ നാഥനായി നിയമിച്ചു

**സമൂ:** *തന്റെ സകല സമ്പത്തുക്കളുടെയും നായകനുമാക്കി.*

*(**അവലംബം** : വി. പത്താം പീയൂസ് മാർപാപ്പായുടെ പ്രാർത്ഥന)*




## I

## രോഗീദിനം (ഫെബ്രുവരി 11)

ആഗോളസഭയിൽ ഫെബ്രുവരി മാസം 11-ാം തീയതി രോഗീദിനമായി ആചരിക്കുന്നു. രോഗികളെയും ശാരീരികവും മാനസികവുമായ വൈകല്യ ങ്ങളനുഭവിക്കുന്നവരേയും അന്നേ ദിവസം പ്രത്യേകമായി പ്രാർത്ഥന യിൽ അനുസ്മരിക്കേണ്ടതാണ്. രോഗികൾക്കായുള്ള പ്രത്യേക നിയോഗ പ്രകാരം അന്നേ ദിവസം നമ്മുടെ ദൈവാലയങ്ങളിൽ പ്രത്യേക സ്തോത്ര കാഴ്ചയെടുക്കേണ്ടതും അങ്ങനെ ലഭിക്കുന്ന തുക Medical Aid Fund ലേക്കായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഫെബ്രുവരി 28 നകം ഏല്പിക്കേണ്ടതുമാണ്.

## II

## അതിരൂപത ബൈബിൾ കൺവൻഷൻ

22-ാമത് അതിരൂപത ബൈബിൾ കൺവൻഷൻ 2021 ഫെബ്രുവരി 17 മുതൽ 20 വരെയുള്ള തീയതികളിൽ വൈകുന്നേരം 6:15 മുതൽ 8:45 വരെ പാറേൽപ്പള്ളിയിൽ വച്ചു നടത്തപ്പെടുന്നു. അതിരൂപത യൂ ട്യൂബ് ചാന ലായ മാക് ടിവി വഴി ഓൺലൈനായി കൺവൻഷൻ വിശ്വാസികൾക്ക് ലഭ്യമാക്കുന്നതാണ്.

## III

## വലിയ നോമ്പുകാലത്തെ വിവാഹാഘോഷങ്ങൾ

വലിയ നോമ്പിന്റെ ആദ്യ തിങ്കളാഴ്ച മുതൽ പീഡാനുഭവ ശനിയാഴ്ച ഉൾ പ്പെടെയുള്ള ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന വസ് തുത ഇടവകജനങ്ങളെ ഓർമ്മിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## IV

## കാരിത്താസ് ചങ്ങനാശേരി

നോമ്പുകാലത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് ഇടവകാംഗങ്ങൾ ഒരു ദിവസം ഉപവസിച്ച്, അതിൽ നിന്ന് ലഭിക്കുന്ന തുക അതിരൂപതയുടെ അടിയന്തരദുരിതാശ്വാസസഹായപദ്ധതിയായ 'കാരിത്താസ് ചങ്ങനാശേ രിക്കു'വേണ്ടി സമാഹരിക്കേണ്ടതാണ്.

## V

2019-20 സാമ്പത്തിക വർഷത്തെ കണക്കുകൾ എല്ലാ ഇടവക പള്ളി കളും കുരിശുപള്ളികളും നിർബന്ധമായും ഈ മാസം തന്നെ അതിരുപതാ സാമ്പത്തിക കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.



### ചങ്ങനാശേരി അതിരൂപത

# 22 –ാമത് ബൈബിൾ കൺവൻഷൻ

**2021 ഫെബ്രുവരി 17 ബുധൻ മുതൽ 20 ശനി വരെ**
**പാറേൽപ്പള്ളിയിൽ വൈകുന്നേരം 6.15 മുതൽ 8.45 വരെ**

തത്സമയസംപ്രേഷണം : **MAAC TV യൂട്യൂബ് ചാനൽ**

## 2021 ഫെബ്രുവരി 17 ബുധൻ




06.15 pm റംശാ
06.45 pm ഉദ്ഘാടനം
**മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത**
07.10 pm വചനപ്രഘോഷണം
**ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(മാവേലിക്കര രൂപതാദ്ധ്യക്ഷൻ)
08.15 pm ആരാധന

**വിഷയം :**
“ക്രൈസ്തവ കുടുംബം ദൈവ വചനത്തിലും കൂദാശകളിലും പണിയപ്പെടുന്ന സൗധം.”

## 2021 ഫെബ്രുവരി 18 വ്യാഴം



06.15 pm റംശാ, ഗാനശുശ്രൂഷ
07.00 pm വചനപ്രഘോഷണം
**മാർ ജോസഫ് പാംപ്ലാനി**
(സഹായമെത്രാൻ, തലശേരി അതിരൂപത)
08.15 pm ആരാധന

**വിഷയം :**
“നിങ്ങളിൽ വസിക്കുന്നത് ഇരുളിനു കീഴടക്കാൻ പറ്റാത്ത വചനം” **(യോഹ. 1:5).**

## 2021 ഫെബ്രുവരി 19 വെള്ളി



06.15 pm റംശാ, ഗാനശുശ്രൂഷ
07.00 pm വചനപ്രഘോഷണം
**മാർ തോമസ് തറയിൽ**
(സഹായമെത്രാൻ, ചങ്ങനാശേരി അതിരൂപത)
08.15 pm ആരാധന

**വിഷയം :**
“ശക്തിയുടേയും സ്നേഹത്തിന്റേയും ആത്മാവിനാൽ നിറഞ്ഞ സമൂഹം” **(2 തിമോ. 1:7).**

## 2021 ഫെബ്രുവരി 20 ശനി



06.15 pm റംശാ, ഗാനശുശ്രൂഷ
07.00 pm വചനപ്രഘോഷണം
**മാർ ജോസ് പുളിക്കൽ**
(കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ)
08.15 pm ആരാധന

**വിഷയം :**
“ദൈവിക കൃപവഴി സമചിത്തതയും നീതിനിഷ്ഠയും ദൈവഭക്തിയുമുള്ള ജീവിതം” **(തീത്തോ 2:12).**

*NB:* **ചങ്ങനാശേരി, തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം എന്നീ ഫൊറോനകളിലെ ഇടവകകളിൽ നിന്നും എല്ലാ ദിവസവും പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പാറേൽപ്പള്ളി വികാരിയച്ചനെ അറിയിക്കുക. ആദ്യം ബുക്ക് ചെയ്യുന്ന 100 പേർക്ക് അവസരം (Ph: 9744799717).**

സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

നമ്മുടെ അതിരൂപതയിലെ അജപാലന പ്രവർത്തനങ്ങൾക്കു കൂടുതൽ ദിശാബോധവും ആരാധനാക്രമാധിഷ്ഠിത ഊന്നലും നൽകുന്നതിന് നാം നടപ്പാക്കിവരുന്ന പഞ്ചവത്സര അജപാലനപദ്ധതിയുടെ 4-ാം വർഷമാണല്ലോ ഇത്. കഴിഞ്ഞ വർഷം Covid -19 മൂലം പലകാര്യങ്ങളും നമുക്ക് ചെയ്യുവാൻ സാധിച്ചില്ല. അതുകൊണ്ടുതന്നെ കഴിഞ്ഞ വർഷത്തെ വിഷയമായ 'ദൈവാരാധന സഭയോടൊത്ത്' എന്നത് ഈ വർഷവും കൂടി നമ്മുടെ പഠനത്തിനും ചർച്ചകൾക്കും സ്വീകരിക്കുന്ന കാര്യം നേരത്തെ അറിയിച്ചിരുന്നല്ലോ! പഠന ഗ്രന്ഥം എല്ലാ ഇടവകകളിലും എത്തിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതാണ്. ഈ പശ്ചാത്തലത്തിൽ ഏതാനും കാര്യങ്ങൾ ഓർമ്മപ്പെടുത്തുന്നു:

1. കൂട്ടായ്മ ലീഡേഴ്സിന്റെ ഫൊറോനാ തലത്തിലുള്ള സമ്മേളനം (കെരിഗ്മ) മാർച്ചുമാസം മുതൽ നമ്മൾ ആരംഭിക്കുന്നതാണ്.

2. നമ്മുടെ പ്രേഷിത വകുപ്പുകൾ അവരവരുടെ മാർഗ്ഗരേഖകൾ തയ്യാറാക്കുമ്പോൾ, മുന്നറിയിച്ചിരുന്നതുപോലെ, പഞ്ചവത്സര അജപാലനപദ്ധതിയുടെ പഠനവിഷയത്തിന്റെ വെളിച്ചത്തിൽ തയ്യാറാക്കുക.

3. വിശ്വാസോത്സവ പഠന-പ്രവർത്തനങ്ങളും ഈ രീതിയിൽ ക്രമീകരിക്കുവാൻ ബഹു. വൈദികർ ശ്രദ്ധിക്കേണ്ടതാണ്.

4. ഫൊറോനാ- ഇടവകതലങ്ങളിൽ പഠനവിഷയത്തെ അധികരിച്ച് ക്ലാസ്സുകളും ചർച്ചകളും നയിക്കുന്നതിന് Resource Person-നെ ആവശ്യമുണ്ടെങ്കിൽ ബഹു. ജെന്നി കായംകുളത്തുശേരി അച്ചനേയോ അച്ചന്റെ ഓഫീസുമായോ ബന്ധപ്പെടേണ്ടതാണ്.

5. ഈ വർഷത്തെ പഠനഗ്രന്ഥം എല്ലാ ഭവനങ്ങളിലും എത്തിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ കൂട്ടായ്മലീഡേഴ്സിന്റെ സഹകരണത്തോടെ നടത്തുന്നതിനും ബഹു. അച്ചന്മാരും സിസ്റ്റേഴ്സും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

6. നമ്മുടെ സഭയിലെ മൂന്നു കൂദാശാക്രമങ്ങളും നിർദിഷ്ഠ ആരാധനാവത്സരങ്ങളിലും ദിവസങ്ങളിലും ഉപയോഗിക്കുകയും അതിനുവേണ്ട പരിശീലനം വിശ്വാസിസമൂഹത്തിനു നൽകുന്നതിന് ബഹു. അച്ചന്മാർ ശ്രദ്ധിക്കുകയും വേണം.

**ഫാ. തോമസ് പാടിയത്ത്**

മിശിഹായിൽ സ്നേഹമുള്ളവരെ,

ഈശോയുടെ മാമ്മോദീസായും പരസ്യജീവിതവും വിചിന്തനം ചെയ്യുന്ന ഈ ദനഹാക്കാലത്തിൽ ത്രീത്വൈക കൂട്ടായ്മയോട് ചേർന്ന് ഈശോയെ ഈ ലോകത്തിന് വെളിപ്പെടുത്തി കൊടുക്കുവാനും, ഈശോയ്ക്ക് സാക്ഷ്യം വഹിക്കുവാനും നമുക്ക് പരിശ്രമിക്കാം. അമ്പതു നോമ്പിന്റെ ദിനങ്ങളിലേയ്ക്ക് നമുക്ക് പ്രാർത്ഥനയോടെ പ്രവേശിക്കാം. ജനുവരി 26ന് ഓൺലൈനിൽ നടന്ന മതാധ്യാപക കൺവൻഷനിൽ പങ്കെടുത്ത എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. നടയ്ക്കൽ പുരസ്കാരത്തിന് അർഹനായ ബഹു. ജേക്കബ് പൊന്നാറ്റിൽ സാറിനും ജൂബിലേറിയൻസായിരുന്ന എല്ലാവർക്കും ആശംസകൾ.

ഫെബ്രുവരി 7ന് നടത്തപ്പെടുന്ന സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു. അതിനെത്തുടർന്ന് ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ഓൺലൈനായി നടത്തപ്പെടുന്ന വിശ്വാസോത്സവം ഏറ്റവും ക്രിയാത്മകമായി ക്രമീകരിക്കുവാൻ ആത്മാർത്ഥമായി സഹകരിക്കണമെന്നും താല്പര്യപ്പെടുന്നു. പുതിയ ജോയിന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ആൻഡ്രൂസ് പാണംപറമ്പിലച്ചന് പ്രാർത്ഥനാശംസകൾ.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ജോൺ വടക്കേകളം**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**2021 ഫെബ്രുവരി**

| | | |
|---|---|---|
| 7 ഞായർ | : | **സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ** |
| 13 ശനി | : | **ആഘോഷമായ റംശ** |
| 14 ഞായർ | : | **പേത്തുർത്താ ഞായർ, നോമ്പുകാലം ഒന്നാം ഞായർ** |
| 15 തിങ്കൾ | : | **വിഭൂതിത്തിരുനാൾ, വലിയ നോമ്പാരംഭം** |
| 21 ഞായർ | : | **നോമ്പുകാലം രണ്ടാം ഞായർ** <br> **വിശ്വാസോത്സവം ആരംഭിക്കുന്നു** |
| 25 വ്യാഴം | : | വാഴ്ത്തപ്പെട്ട സി. റാണി മരിയ |
| 28 ഞായർ | : | **നോമ്പുകാലം മൂന്നാം ഞായർ** |

**2021 മാർച്ച്**

| | | |
|---|---|---|
| 7 ഞായർ | : | **നോമ്പുകാലം നാലാം ഞായർ** |
| 14 ഞായർ | : | **നോമ്പുകാലം നാലാം ഞായർ** |

### ✦ വിശ്വാസോത്സവം

ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ നാം പതിവായി നടത്താറുള്ളതുപോലെ വിശ്വാസോത്സവം ക്രമീകരിക്കുവാൻ സാധിക്കുകയില്ലല്ലോ.

അതിനാൽ ഡിജിറ്റൽ platform ലൂടെ വിശ്വാസോത്സവം ക്രമീകരിക്കുവാൻ എല്ലാവരും സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു. അതിരൂപതയുടെ പഞ്ചവത്സരപദ്ധതിയോടു ചേർന്ന് ദൈവാരാധന എന്ന വിഷയമാണ് വിശ്വാസോത്സവ വർക്കുബുക്കുകളുടെ ഉള്ളടക്കം. ഇതിനോട് ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ ചുവടെ നല്കിയിരിക്കുന്നു.

**അധ്യാപകരുടെ പരിശീലനം**

1. അധ്യാപകർക്ക് വിശ്വാസോത്സവ വർക്കുബുക്കുകൾ പരിചയപ്പെടുത്തുന്ന വീഡിയോകൾ സന്ദേശനിലയത്തിൽ നിന്നും നല്കിവരുന്നു. അധ്യാപകർക്കുവേണ്ടി നല്കപ്പെടുന്ന വീഡിയോസ് കുട്ടികൾക്ക് ഒരു കാരണവശാലും നല്കരുത്.
2. കുട്ടികൾക്ക് ഓരോ അധ്യായങ്ങളും വിശദീകരിച്ചു കൊടുക്കുന്ന വീഡിയോകൾ അതത് വിഭാഗത്തിലെ അധ്യാപകർ തന്നെ തയ്യാറാക്കി നല്കേണ്ടതാണ്.
3. ഉത്തരങ്ങൾ ഡയറക്ടായി നല്കാതെ കുട്ടികൾ തന്നെ കണ്ടെത്തുവാൻ പ്രോത്സാഹിപ്പിക്കുക.
4 ഫെബ്രുവരി 22 മുതൽ ഏപ്രിൽ 19 വരെയുള്ള ഏതെങ്കിലും 10 ദിനങ്ങളിൽ വിശ്വാസോത്സവം ഓൺലൈനായി സംഘടിപ്പിക്കുക. അധ്യാപകർ വിശ്വാസോത്സവത്തിനായി പ്രത്യേകം മീറ്റിംഗുകൾ കൂടി പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

**മറ്റു ക്രമീകരണങ്ങൾ**

5. ഫെബ്രുവരി 22 മുതലുള്ള ഞായറാഴ്ചകളിലൊ കുട്ടികളുടെയും ഇടവകയുടെയും സൗകര്യാർത്ഥം മറ്റു ദിവസങ്ങളിലൊ വിശ്വാസോത്സവ പഠന പ്രവർത്തനങ്ങൾ ക്രമീകരിക്കാവുന്നതാണ്.
6. കോവിഡിന്റെ നിലവിലുള്ള നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് മുതിർന്ന ക്ലാസ്സുകളിലെ കുട്ടികളെ ക്ലാസ്സടിസ്ഥാനത്തിൽ ഒരുമിച്ചു കൂട്ടി മാർഗ്ഗ നിർദ്ദേശം നല്കാനുള്ള സാധ്യതകൾ ചിന്തിക്കാവുന്നതാണ്.
7. Google Meet, Zoom എന്നിങ്ങനെയുള്ള Platformകൾ ഉപയോഗിച്ചും ക്ലാസ്സുകൾ എടുക്കാവുന്നതാണ്.
8. വിശ്വാസോത്സവത്തോടനുബന്ധിച്ച് നമസ്കാര പഠനവും നടത്താവുന്നതാണ്.
9. 7 മുതൽ 9 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഫെബ്രുവരി 22നു ശേഷം ഏതെങ്കിലും ദിനങ്ങളിൽ സഭാചരിത്ര, സഭാ വിജ്ഞാനീയ ക്വിസ് പ്രോഗ്രാമുകൾ ഗൂഗിൾ ഫോമിലോ മറ്റേതെങ്കിലും ആപ്ലിക്കേഷൻ വഴിയോ നടത്താവുന്നതാണ്. ഒരു മാതൃകാക്വിസ് സന്ദേശനിലയത്തിൽ നിന്നും നല്കുന്നതാണ്.
10. ക്വിസ് പ്രോഗ്രാമുകളെ കൂടാതെ സഭാചരിത്രം പഠിക്കുവാൻ സഹായകമാകുന്ന ഓൺലൈൻ എക്സിബിഷനുകളും മറ്റും ഇടവകകളിൽ ആസൂത്രണം ചെയ്യാവുന്നതാണ്.

## ✦ വിശ്വാസോത്സവം ടെക്സ്റ്റ് ബുക്കുകൾ

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സാധാരണ നടക്കുന്നതുപോലെയുള്ള വിശ്വാസോത്സവം കഴിഞ്ഞവർഷം നടത്തുവാൻ സാധിച്ചില്ലല്ലോ. ഈ വർഷം രണ്ടാം ടേമിലെ പരീക്ഷയ്ക്കുശേഷം വിശ്വാസോത്സവം ക്രമീകരിക്കുന്നതിനെ

ക്കുറിച്ചുള്ള ആലോചനകൾ നടന്നുവരുന്നു (വിശദവിവരങ്ങൾ ഉടനെ അറിയിക്കുന്നതാണ്). ആറോളം ഫൊറോനകളിൽ കഴിഞ്ഞവർഷം നടന്ന വിശ്വാസോത്സവ പരിശീലന സെമിനാറിനോടനുബന്ധിച്ച് വിശ്വാസോത്സവ വർക്കുബുക്കുകൾ നല്കിയിരുന്നു. ബുക്കുകൾ വാങ്ങിയവർ ഈ വർഷത്തെ സൺഡേസ്കൂൾ കുട്ടികളുടെ എണ്ണവുമായി ഒത്തുനോക്കുകയും വർക്കുബുക്കുകൾ കൂടുതലാണെങ്കിൽ സന്ദേശനിലയത്തിൽ ഉടനെതന്നെ ഏല്പിക്കുകയും കുറവാണെങ്കിൽ വാങ്ങിക്കുകയും ചെയ്യേണ്ടതാണ്. ഇനിയും വിശ്വാസോത്സവ വർക്കുബുക്കുകൾ വാങ്ങാത്തവർ ഉടനെതന്നെ സന്ദേശനിലയത്തിൽ നേരത്തെ അറിയിച്ച് ബുക്കുകൾ വാങ്ങേണ്ടതാണ്.

## ✦ മതാധ്യാപക കൺവൻഷൻ 26ന് നടത്തി

ചങ്ങനാശ്ശേരി – അതിരൂപതാ മതബോധനകേന്ദ്രമായ സന്ദേശനിലയം മൂന്നു വർഷത്തിലൊരിക്കൽ നടത്തുന്ന മതാധ്യാപക കൺവൻഷൻ 26 ന് രാവിലെ 10.30ന് സന്ദേശനിലയത്തിൽ നടത്തി. രാവിലെ 10.15 ന് ACC മെമ്പർ ശ്രീ. ബേർണി ജോൺ കുഴിയടി പതാക ഉയർത്തി. ചങ്ങനാശ്ശേരി ഫൊറോന ഓർഗനൈസർ റവ. ഫാ. അലൻ വെട്ടുകുഴിയിൽ ബൈബിൾ പ്രതിഷ്ഠ നടത്തി. തുടർന്ന് നടന്ന സമ്മേളനം ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി അധ്യക്ഷത വഹിച്ചു. അസി. ഡയറക്ടർമാരായ റവ. ഫാ. അനീഷ് കുടിലിൽ, റവ. ഫാ. ജെയ്മോൻ വടക്കേകളം, ACC കൺവീനർ ജാൻസൺ ജോസഫ്, സെക്രട്ടറി ശ്രീ. ബോബി തോമസ് വടാശ്ശേരി, ശ്രീ. ജോസുകുട്ടി കുട്ടംപേരൂർ, ശ്രീ. ജോസി. ജെ. ആലഞ്ചേരി എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ നടയ്ക്കൽ പുരസ്കാര ജേതാവായ ശ്രീ. ജേക്കബ് ജോസഫ് പൊന്നാറ്റിലിനെയും 25, 50 വർഷങ്ങൾ വിശ്വാസപരിശീലനത്തിൽ പൂർത്തിയാക്കിയ വിശ്വാസപരിശീലകരെയും സമ്പൂർണ്ണ ബൈബിളിന്റെ കയ്യെഴുത്തു പ്രതികൾ തയ്യാറാക്കിയ വിശ്വാസപരിശീലകരായ നെടുംകുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി ബിൻസി ബിനോദിനെയും കുറുമ്പനാടം സെന്റ് ആന്റണീസ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി ഏലിയാമ്മ സെബാസ്റ്റ്യനെയും ആദരിച്ചു. പുതിയ ജോയിന്റ് ഡയറക്ടറായി സ്ഥാനമേറ്റ ഫാ. ആൻഡ്രൂസ് പാണംപറമ്പിലിന് യോഗത്തിൽ സ്വീകരണം നല്കി. ജൂബിലേറിയൻസും ACC അംഗങ്ങളും ഫൊറോന സെക്രട്ടറി സിസ്റ്റേഴ്സും നേരിട്ട് പങ്കെടുത്തു. അയ്യായിരത്തോളം വരുന്ന വിശ്വാസപരിശീലകർക്കായ് തത്സമയം MAAC TV യൂട്യൂബ് ചാനൽവഴി കൺവൻഷൻ സംപ്രേഷണം കാണുകയുണ്ടായി.

## ✦ പുനർപരീക്ഷാ ക്രമീകരണം

റെഗുലർ പരീക്ഷാദിനം കോവിഡ് രോഗം ബാധിച്ചതിനാലോ ക്വാറന്റൈനിൽ ആയിപ്പോകുകയോ ചെയ്ത വിദ്യാർത്ഥികൾക്ക് പുനർപരീക്ഷകൾ നടത്തുമ്പോൾ പ്രത്യേക ചോദ്യപേപ്പറുകൾ തയ്യാറാക്കി വികാരിയച്ചനെ കാണിച്ച് അംഗീകാരം മേടിക്കേണ്ടതാണ്. സാധാരണ 8 മുതൽ 12 വരെ ക്ലാസ്സുകളിലെ ചോദ്യപേപ്പറുകൾ സന്ദേശനിലയത്തിൽ കാണിക്കേണ്ടതാണ്. എന്നാൽ കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തേയ്ക്ക് മാത്രമായി ഇളവ് നല്കുകയാണ്.

*ശേഷം പേജ് 35 ൽ.....»*

# ചെറുപുഷ്പ മിഷൻലീഗ്
## CHERUPUSHPA MISSION LEAGUE

ഈശോയിൽ സ്നേഹമുള്ളവരെ,

ഈശോയുടെ പരസ്യജീവിതത്തെപ്പറ്റി വിചിന്തനം ചെയ്യുന്ന ഈ ദനഹാക്കാലത്തിൽ, നന്മ ചെയ്തുകൊണ്ട് ചുറ്റി സഞ്ചരിച്ച ഈശോയെ നമുക്ക് മാതൃകയാക്കാം. അങ്ങനെ യോഗ്യതയോടെ 50 നോമ്പിന്റെ വിശുദ്ധിയിലേയ്ക്ക് നമുക്ക് പ്രവേശിക്കാം. അതിരൂപതാ ആന്ത മത്സരത്തിൽ പങ്കെടുത്ത എല്ലാവരെയും വിജയികളായവരേയും പ്രത്യേകം അഭിനന്ദിക്കുന്നു. ശാഖാ മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു. പുതിയ ജോയിന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ആൻഡ്രൂസ് പാണംപറമ്പിലച്ചന് പ്രാർത്ഥനാശംസകൾ.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ജോൺ വടക്കേകളം**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**2021 ഫെബ്രുവരി**

2 ചൊവ്വ : കർത്താവിന്റെ ദൈവാലയ പ്രവേശനം, സമർപ്പിത ദിനം, ഇടവകയിലെ എല്ലാ സന്യസ്തരെയും ഓർക്കാം. ആശംസകൾ അർപ്പിക്കാം. അവർക്കുവേണ്ടി പ്രാർത്ഥിക്കാം. ഇടവകയിലെ 10, 12 ക്ലാസ്സിലെ കുട്ടികൾക്കായ് ഗൂഗിൽ മീറ്റിംഗിൽ ദൈവവിളി സെമിനാർ

7 ഞായർ : സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ

14 ഞായർ : പേത്തുർത്താ

15 തിങ്കൾ : വലിയ നോമ്പാരംഭം (ഉപവാസദിനം)

### ✦ കയ്യെഴുത്ത് മാസിക

**വിഷയം**

1. കോവിഡ്കാല കുടുംബബന്ധങ്ങൾ
2. കോവിഡ്കാല സഭയുടെ സാമൂഹിക പ്രവർത്തനങ്ങൾ
3. കോവിഡ്കാല പ്രകൃതി സംരക്ഷണ പ്രസക്തി
4. കോവിഡ്കാല വിശ്വാസപരിശീലനം
5. കോവിഡ്കാല മിഷൻലീഗ് പ്രവർത്തനങ്ങൾ
6. Icons of Holiness

**നിബന്ധനകൾ**

⇨ മുകളിൽ പറഞ്ഞ വിഷയങ്ങളെ ആസ്പദമാക്കി ലേഖനങ്ങൾ, അഭിമുഖങ്ങൾ, ചിത്രങ്ങൾ, ചിത്രകഥകൾ, കവിതകൾ, കാർട്ടൂണുകൾ, അനുഭവങ്ങൾ, കഥകൾ എന്നിവ ഉൾപ്പെടുത്താവുന്നതാണ്.

⇨ രചനകളെല്ലാം കുട്ടികളുടെ സ്വന്തമായിരിക്കണം.

⇨ കവർപേജ് ഉൾപ്പെടെ 80 പേജ് കവിയാൻ പാടില്ല.

⇨ എ4 സൈസ് വെള്ള പേപ്പർ മാത്രമേ ഉപയോഗിക്കാവൂ.

⇨ വിഷയവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ മാത്രം വെട്ടി ഒട്ടിക്കുക.

⇨ ലേഖനങ്ങൾ, അഭിമുഖങ്ങൾ, കവിതകൾ, കാർട്ടൂണുകൾ, അനുഭവങ്ങൾ, കഥകൾ ഉൾപ്പെടെയുള്ള മറ്റ് രചനകൾ പൂർണ്ണമായും കുട്ടികളുടേതായിരിക്കണം.

⇨ ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും.

⇨ സമർപ്പിക്കേണ്ട അവസാന തീയതി 2021 ഏപ്രിൽ 15

## മിഷൻ ആന്ത മത്സരം

അതിരൂപതാതല നിർദ്ദേശമനുസരിച്ച് മിഷൻ ആന്ത മത്സരത്തിൽ പങ്കെടുത്ത എല്ലാ ശാഖകളെയും പ്രത്യേകം അഭിനന്ദിക്കുന്നു. മേഖലാതല മൂല്യനിർണ്ണയത്തിന് നേതൃത്വം നല്കിയ ബഹു. ഡയറക്ടർ അച്ചന്മാരേയും ജോയിന്റ് ഡയറക്ടേഴ്സ് സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു. അതിരൂപതല മത്സര വിജയികളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു. അതിരൂപതാതലത്തിൽ ഒന്നും രണ്ടും മൂന്നും സമ്മാനത്തിന് അർഹരായ കുട്ടികളുടെ പേരു വിവരങ്ങൾ എത്രയും വേഗം അതിരൂപതാ ഓഫീസിൽ നല്കുവാൻ ശ്രദ്ധിക്കണേ.

ഒന്നാം സമ്മാനം - ലൂർദ്ദ് മാതാ പച്ച - ചെക്കിടിക്കാട് (എടത്വാ മേഖല)

രണ്ടാം സമ്മാനം- സെന്റ് മേരീസ് ബസിലിക്ക ചമ്പക്കുളം (ചമ്പക്കുളം മേഖല)

മൂന്നാം സമ്മാനം- സെന്റ് ജോസഫ്സ് വെരൂർ (ചങ്ങനാശേരി മേഖല)

## ✦ ശാഖാ - മേഖലാ അതിരൂപതാ തിരഞ്ഞെടുപ്പ്

2020 - 21 പ്രവർത്തനവർഷത്തേയ്ക്കുള്ള ശാഖാതല ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തിക്കഴിഞ്ഞുവെന്നു കരുതട്ടെ. ഇനിയും തെരഞ്ഞെടുപ്പ് നടത്താത്ത ശാഖകളുണ്ടെങ്കിൽ എത്രയും വേഗം നടത്തി ശാഖാ ഭാരവാഹികളുടെ അഡ്രസ്സും ഫോൺനമ്പരും അതിരൂപതാ ഓഫീസിലും മേഖലാ ഓഫീസിലും ശാഖാ ഡയറക്ടറുടെ ഒപ്പോടെ എത്തിക്കേണ്ടതാണ്. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി എന്നിവർ സൺഡേസ്കൂൾ കുട്ടികളും. ജൂണിയർ ഓർഗനൈസേഴ്സ് ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും (2 പേർ ഹയർ കോഴ്സ് വിദ്യാർത്ഥികളും ആയിരിക്കണം). **കുട്ടികളുടെ വിഭാഗം ഭാരവാഹികളെയും ശാഖാ ഓർഗനൈസേഴ്സിനെയും ശാഖാ ഡയറക്ടർക്ക് ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ നോമിനേറ്റ് ചെയ്യാവുന്നതാണ്.** കൂടുതൽ വിവരങ്ങൾക്ക് ഇലക്ഷൻ ബുള്ളറ്റിൻ ശ്രദ്ധിക്കുക.

## മേഖലാ തിരഞ്ഞെടുപ്പ് (ഓർഗനൈസേഴ്സ്)

ശാഖാതലത്തിൽ നിന്നും ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റിൽ ഉൾപ്പെട്ട ഓർഗനൈസേഴ്സ് (സൺഡേസ്കൂൾ അധ്യാപകർ) മാത്രമായിരിക്കണം മേഖലാ തെരഞ്ഞെടുപ്പിൽ പങ്കെടുക്കേണ്ടത്. മേഖലാ ഇലക്ഷനുവേണ്ടി വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഇലക്ഷന്റെ തീയതി അതിരൂപതാ ഓഫീസിൽ അറിയിക്കു

കയും അതിരൂപതയിൽ നിന്നെത്തുന്ന ഇലക്ഷൻ നിരീക്ഷകരുടെ കൈവശം വോട്ടേഴ്സ് ലിസ്റ്റ് നല്കേണ്ടതുമാണ്.

കോവിഡ് 19–ന്റെ പ്രത്യേക സാഹചര്യത്തിൽ 2021 – 22 പ്രവർത്തനവർഷത്തേയ്ക്കുള്ള കുട്ടികളുടെ ഭാരവാഹികളുടെ മേഖലാ തെരഞ്ഞെടുപ്പ് ഏപ്രിൽ മാസം നടത്തുന്നതായിരിക്കും. വിശദാംശങ്ങൾ പിന്നീട് നല്കുന്നതാണ്.

അതിരൂപതയുടെ ഓർഗനൈസിംഗ് സമിതിയുടെ ഇലക്ഷൻ സംബന്ധിച്ച മറ്റു വിവരങ്ങൾ മാർച്ച് മാസം മധ്യസ്ഥനിലൂടെ അറിയിക്കുന്നതാണ്. കുട്ടികളുടെ തെരഞ്ഞെടുപ്പ് പിന്നീടായിരിക്കും.

## സ്വാഗതം

സന്ദേശനിലയം – മിഷൻലീഗ് അതിരൂപതാ ജോയിന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ആൻഡ്രൂസ് (ജോഷി) പാണംപറമ്പിലച്ചന് സന്ദേശനിലയം മിഷൻലീഗ് കുടുംബത്തിലേയ്ക്ക് സ്വാഗതവും പ്രാർത്ഥനാശംസകളും.

---

***സന്ദേശനിലയം തുടർച്ച.....»***

## ✦ സ്വാഗതം

സന്ദേശനിലയം – മിഷൻലീഗ് അതിരൂപതാ ജോയിന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ആൻഡ്രൂസ് (ജോഷി) പാണംപറമ്പിലച്ചന് സന്ദേശനിലയം മിഷൻലീഗ് കുടുംബത്തിലേയ്ക്ക് സ്വാഗതവും പ്രാർത്ഥനാശംസകളും.

## ✦ Ecos @Sandes

നമ്മുടെ ഓൺലൈൻ Portal ആയ Ecos @Sandes ൽ പേരുവിവരങ്ങൾ ചേർക്കാനുള്ള അവസാന തീയതി 31.3.2021 ആണ്. എല്ലാ സൺഡേസ്കൂളുകളും മാർച്ച് 31ന് മുമ്പായി പേരുവിവരങ്ങൾ ചേർക്കേണ്ടതാണ്.

## ആദരാഞ്ജലികൾ

കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന സൺഡേസ്കൂൾ മുൻ അധ്യാപകനും സന്ദേശനിലയം സജീവ പ്രവർത്തകനും അതിരൂപതാ CRT അംഗവുമായ ശ്രീ. ആന്റണി ജോസഫ് ഓലിക്കരയുടെയും സെന്റ് മേരീസ് ഇരവുചിറ സൺഡേസ്കൂൾ മുൻ അധ്യാപകൻ ശ്രീ. ജോസഫ് ജോൺ വെട്ടിത്താനത്തിന്റെയും ചെറിയവെളിനല്ലൂർ സെന്റ് സെബാസ്റ്റ്യൻസ് സൺഡേസ്കൂൾ മുൻ ഹെസ്മാസ്റ്റർ ശ്രീ. എൻ. എ. ചാക്കോ നല്ലേപ്പറമ്പിലിന്റെയും മുട്ടാർ സെന്റ് തോമസ് സൺഡേസ്കൂൾ മുൻ അധ്യാപകൻ ശ്രീ. പി. വി. തോമസ് പാറേക്കളത്തിലിന്റെയും അധ്യാപകൻ ശ്രീ. തോമസ് ആന്റണി ചുങ്കപുരയ്ക്കലിന്റെയും മുട്ടാർ സെന്റ് ജോർജ്ജ് സൺഡേസ്കൂൾ അധ്യാപിക കുമാരി ബ്ലെസി ട്രീസാ തോമസ് വേലിപ്പറമ്പിലിന്റെ പിതാവിന്റെയും ചമ്പക്കര സെന്റ് ജോസഫ്സ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോജൻ കൊച്ചുവീട്ടിലിന്റെ പിതാവിന്റെയും വെള്ളായനി ലിറ്റിൽ ഫ്ളവർ സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. റോസമ്മ ദേവസ്യായുടെ ഭർത്താവിന്റെയും പടഹാരം സെന്റ് ജോസഫ്സ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോസഫ്കുട്ടി വള്ളവന്തറയുടെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

കോവിഡ്– 19 ന്റെ പശ്ചാത്തലത്തിൽ നമ്മുടെ കൂട്ടായ്മകൾ കൂടുവാനോ, കൂട്ടായ്മ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനോ സാധിക്കാത്ത ഒരു സാഹചര്യത്തിലൂടെയാണല്ലോ നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. എന്നാൽ ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകേണ്ടത് വളരെ അത്യാവശ്യമുള്ള കാര്യമാണ്. ആയതിനാൽ കൂട്ടായ്മകൾ കൂടുന്നതു സംബന്ധമായ അഭിവന്ദ്യ പിതാവിന്റെ അറിയിപ്പ് എല്ലാ ഇടവകയിലേയും ബഹു. വികാരിയച്ചന്മാരെ അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് കാര്യങ്ങൾ ക്രമീകരിക്കണമെ.

നമ്മുടെ ലിറ്റർജിക്കൽ ക്വിസ് മത്സരം ഒന്നാം ഘട്ടം ജനുവരി 30 ന് നടക്കുകയുണ്ടായി. ഒന്നാംഘട്ട വിജയികൾക്ക് ഫൈനൽ മത്സരം ഫെബ്രു. 13 രണ്ടാം ശനിയാഴ്ച രാവിലെ 10 മണിക്ക് വിദ്യാനികേതൻ ഹാളിൽവച്ച് നടക്കുന്നതാണ്.

കൂട്ടായ്മാ അതിരൂപത നേതൃത്വം ഇടവക നേതൃത്വവുമായി സ്നേഹബന്ധം പുതുക്കുന്ന സൗഹൃദം പരിപാടി ആരംഭിച്ചു. 6 ഫൊറോനകളിൽ ഇതിനോടകം നടന്നുകഴിഞ്ഞു. ഓൺലൈനായി നടത്തുന്ന ഈ പരിപാടിയിൽ ബന്ധപ്പെട്ടവർ പങ്കെടുക്കുവാൻ ശ്രദ്ധിക്കണമേ.

ഈ വർഷത്തെ അതിരൂപത ബൈബിൾ കൺവൻഷൻ ഫെബ്രു. 17 മുതൽ 20 വരെ വൈകുന്നേരം 6 മുതൽ 8.30 വരെ പാറേൽ പള്ളിയിൽവച്ച് ഓൺലൈനായി MAAC TVയിലൂടെ ലഭ്യമാക്കുന്നതാണ്. വിവിധ രൂപതാ അദ്ധ്യക്ഷൻമാർ പ്രബോധനങ്ങൾ നൽകുന്ന ബൈബിൾ കൺവൻഷനിലേയ്ക്ക് ഏവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു

സ്നേഹപൂർവ്വം

**ഫാ. ജെന്നി കായംകുളത്തുശേരി**
*(ഡയറക്ടർ)*

## വാർത്തകൾ – പ്രവർത്തനങ്ങൾ

### കൂട്ടായ്മ നേതൃസംഗമം, മാർഗരേഖ പ്രകാശനം

2021 ജനുവരി 6 ന് വൈകുന്നേരം 7 മുതൽ കൂട്ടായ്മ നേതൃസംഗമം ഓൺലൈനായി നടത്തുകയുണ്ടായി.

അഭി. ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ച് പ്രവർത്തനവർഷ മാർഗ്ഗരേഖ പ്രകാശനം ചെയ്തു. തുടർന്ന് മാർ തോമസ് തറയിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. ഡയറക്ടർ റവ.ഫാ. ജെന്നി കായംകുളത്തുശ്ശേരി പ്രവർത്തനവർഷ മാർഗ്ഗരേഖ വിശദീകരിച്ചു. സെക്രട്ടറി ശ്രീ. റ്റോമി ആന്റണി കൈതക്കളം സ്വാഗതവും, ശ്രീ. ആന്റണി മലയിൽ നന്ദിയും നേർന്നു.

### സൗഹൃദം

ആലപ്പുഴ, അമ്പൂരി, അതിരമ്പുഴ, ചമ്പക്കുളം, ചങ്ങനാശേരി, എടത്വ

ഫൊറോനകളിൽ ഓൺലൈനായി സൗഹൃദം നടത്തുകയുണ്ടായി. പ്രസ്തുത ഫൊറോനകളിൽ ഇതു ഭംഗിയായി ക്രമീകരിക്കുവാൻ സഹായിച്ച ഫൊറോനാ ഡയറക്ടറച്ചന്മാരെ നന്ദിയോടെ ഓർക്കുന്നു.

## ആത്മീയ സംഗമം പ്രാർത്ഥനാ കൂട്ടായ്മ

ജനുവരി മാസത്തെ ആത്മീയ സംഗമം പ്രാർത്ഥനാ കൂട്ടായ്മ 21-ാം തീയതി വ്യാഴാഴ്ച 3 മുതൽ 4 വരെ റവ. സി. ചെറുപുഷ്പം എസ്.എ.ബി.എസ് ന്റെ ഭവനത്തിൽവച്ച് നടന്നു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനയിൽ അതിരൂപതയിലെ എല്ലാ പ്രവർത്തനങ്ങളെയും ദൈവസന്നിധിയിൽ സമർപ്പിക്കുകയുണ്ടായി.

## സെൻട്രൽ കമ്മറ്റി സമ്മേളനം

അതിരൂപതാ പ്രവർത്തകരുടെ സമ്മേളനം ജനുവരി 26 ന് ഉച്ചകഴിഞ്ഞ് 3 മുതൽ 4 വരെ വിദ്യാനികേതൻ ഹാളിൽവച്ച് നടന്നു. പ്രവർത്തനവർഷ മാർഗ്ഗരേഖയെ അടിസ്ഥാനമാക്കി ചർച്ച നടത്തി. എല്ലാവരുടെയും പങ്കാളിത്തത്തിനും സഹകരണങ്ങൾക്കും ഡയറക്ടർ നന്ദിയറിയിച്ചു.

## ലിറ്റർജിക്കൽ ക്വിസ് 2020

2021 ജനുവരി 30 ന് വൈകുന്നേരം 6 മുതൽ 7 വരെ ഓൺലൈനായി ആദ്യഘട്ടമത്സരം നടന്നു. വിവിധ ഇടവകകളിൽ നിന്നായി 65 ടീമുകൾ പങ്കെടുത്തു. ഫൈനൽമത്സരം 2021 ഫെബ്രു. 13 ന് നടക്കുന്നതാണ്.

# അറിയിപ്പുകൾ

## ലിറ്റർജിക്കൽ ക്വിസ് 2020

ലിറ്റർജിക്കൽ ക്വിസ് ഈ വർഷം ഫെബ്രു. 13-ാം തീയതി രണ്ടാം ശനിയാഴ്ച നടക്കുന്നതാണ്. ആദ്യഘട്ടമത്സരത്തിൽ ആദ്യ 10 സ്ഥാനങ്ങൾ നേടിയ ടീമുകളാണ് 2021 ഫെബ്രു. 13-ാം തീയതിയിലെ അതിരൂപത മത്സരത്തിൽ പങ്കെടുക്കുന്നത്.. ആദ്യ സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന 5 ടീമുകൾക്ക് യഥാക്രമം 5000, 4000, 3000, 2000, 1000 എന്ന ക്രമത്തിൽ ക്യാഷ് അവാർഡുകളും ട്രോഫികളും തുടർന്നു വരുന്ന 5 ടീമുകൾക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നതുമാണ്. ഫൈനൽ മത്സരാർത്ഥികൾക്ക് പഞ്ചവത്സര പഠനവിഷയമായ ദൈവാരാധന എന്ന പഠന വിഷയത്തെ ആസ്പദമാക്കി 30% ചോദ്യങ്ങൾ ഉണ്ടായിരിക്കും. പുസ്തകം കുടുംബക്കൂട്ടായ്മ ഓഫിസിൽനിന്നും ലഭിക്കുന്നതാണ്.

അതിരൂപത മത്സരം - 2021 ഫെബ്രു. 13 ശനിയാഴ്ച രാവിലെ 10 മുതൽ
സ്ഥലം-മാർത്തോമ്മാ വിദ്യാനികേതൻ ഹാൾ, ചങ്ങനാശേരി
സിലബസ് രണ്ടാംഘട്ട മത്സരം - അതിരൂപത മത്സരം

| | | |
|---|---|---|
| ലിറ്റർജിക്കൽ കലണ്ടർ 2020 (ഞായറാഴ്ചത്തെപഴയനിയമ വായനകൾ) | - | 40 % |
| ദൈവാരാധന സഭയോടൊത്ത്- പഠനവിഷയം(4,5,6 അദ്ധ്യായങ്ങൾ) | - | 30 % |
| ഫീദെസ്- 1 മുതൽ 25 വരെ എപ്പിസോഡുകൾ (MAAC TV -ൽ ലഭ്യമാണ്) | - | 10 % |
| സഭാസംബന്ധമായ പൊതുചോദ്യങ്ങൾ | - | 20 % |

## ആത്മീയ സംഗമം പ്രാർത്ഥനാ കൂട്ടായ്മ

ഫെബ്രുവരി മാസത്തെ ആത്മീയ സംഗമം ഫെബ്രു. 11 ന് ശ്രീമതി ഓമന അലക്സാണ്ടർ പകലോമറ്റത്തിന്റെ ഭവനത്തിൽവച്ച് നടക്കുന്നതാണ്.

### സൗഹൃദം

ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സൗഹൃദം ഓൺലൈനായി നടത്തപ്പെടുന്ന ഫൊറോനകളും തീയതികളും

| | |
|---|---|
| ***ഫെബ്രുവരി 06 ശനി*** | കൊല്ലം ഫൊറോന - രാവിലെ 10 മണി. |
| | കോട്ടയം ഫൊറോന - ഉച്ചകഴിഞ്ഞ് 2. 30 |
| | കുടമാളൂർ ഫൊറോന - വൈകുന്നേരം 4 .00 |
| ***ഫെബ്രുവരി 20 ശനി*** | കുറുമ്പനാടം ഫൊറോന - രാവിലെ 10 മണി. |
| | മണിമല ഫൊറോന - ഉച്ചകഴിഞ്ഞ് 2. 30 |
| | നെടുംങ്കുന്നം ഫൊറോന - വൈകുന്നേരം 4 .00 |
| ***മാർച്ച് 06 ശനി*** | പുളിങ്കുന്ന് ഫൊറോന - രാവിലെ 10 മണി. |
| | തൃക്കൊടിത്താനം ഫൊറോന - ഉച്ചകഴിഞ്ഞ് 2. 30 |
| | തിരുവനന്തപുരം ഫൊറോന - വൈകുന്നേരം 6 .00 |
| ***മാർച്ച് 13 ശനി*** | തുരുത്തി ഫൊറോന - രാവിലെ 10 മണി. |

### അതിരൂപത ബൈബിൾ കൺവൻഷൻ

ഈ വർഷത്തെ അതിരൂപത ബൈബിൾ കൺവൻഷൻ ഫെബ്രു. 17 മുതൽ 20 വരെ വൈകുന്നേരം 6 മുതൽ 8.30 വരെ പാറേൽപള്ളിയിൽ വച്ച് ക്രമീകരിച്ചിരിക്കുകയാണ്. ആ സമയം തന്നെ മാക് ടിവിയിലൂടെയും ലഭ്യമാക്കുന്നതാണ്. ചങ്ങനാശേരി, തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം ഫൊറോനയിലെ 100 വിശ്വാസികൾ യഥാക്രമം ഫെബ്രുവരി 17, 18, 19, 20 തീയതികളിൽ കൺവൻഷനിൽ സംബന്ധിക്കാനായി പാറേൽപള്ളിയിൽ എത്തേണ്ടതാണ്. വിവിധ രൂപതാ അദ്ധ്യക്ഷന്മാർ പ്രബോധനങ്ങൾ നൽകുന്ന ബൈബിൾ കൺവൻഷനിലേയ്ക്ക് ഏവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

### കുടുംബക്കൂട്ടായ്മ പാസ്റ്ററൽ കൗൺസിൽ സമിതി സമ്മേളനം

കുടുംബക്കൂട്ടായ്മ പാസ്റ്ററൽ കൗൺസിൽ സമിതി സമ്മേളനം ഫെബ്രുവരി 27 ശനിയാഴ്ച രാവിലെ 10 മുതൽ 11.30 വരെ ഓൺലൈനായി ക്രമീകരിച്ചിരിക്കുകയാണ്. ഈ സമിതിയിലെ എല്ലാവരും ഈ മീറ്റിംഗിൽ പങ്കെടുക്കണമേ.

## അറിയിപ്പ്

ഭോപ്പാൽ അതിരൂപതാംഗമായിരുന്ന ആനന്ദ് മുട്ടുങ്കൽ (ജോസഫ് എം.റ്റി) എന്ന വൈദികനെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ വൈദിക ശുശ്രൂഷയിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതാണ് (22nd Oct. 2020 *dismised in poenam*). തിരുവല്ല കവിയൂരിലുള്ള ഗ്രീക്ക് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടന്ന കർമ്മത്തിൽ 'അപ്പസ്തോലിക് കാത്തലിക് ചർച്ച്' എന്ന് സ്വയം വിശേഷിപ്പിക്കുന്നവരുടെ ബിഷപ്പായി അദ്ദേഹത്തെ വാഴിച്ചു. കത്തോലിക്കാ സഭയുമായി യാതൊരുവിധത്തിലുള്ള ബന്ധവും ഈ സഭയ്ക്ക് ഇല്ലായെന്നും ഈ വ്യക്തിയുമായി യാതൊരു കാരണവശാലും സഭാപരമായ കാര്യങ്ങൾക്കായി സഹകരിക്കേണ്ടതുമില്ലെന്നും വിശ്വാസികളെ അറിയിക്കേണ്ടതാണ്.

പ്രിയ കുടുംബ പ്രേഷിതരേ,

സുഖം തന്നെയെന്ന് വിശ്വസിക്കുന്നു. ഇടവക തിരുനാളും മറ്റും ഇടവകയെ വീണ്ടും സജീവമാക്കി തുടങ്ങിക്കാണുമെന്ന് വിശ്വസിക്കുന്നു. സാധിക്കുന്ന ദിവസങ്ങളിൽ വി. കുർബ്ബാനയിലും മറ്റും പങ്കെടുത്ത് ആത്മീയ ജീവിതത്തെ വളർത്താൻ ശ്രദ്ധിക്കുമല്ലോ.

മാതൃ-പിതൃവേദി സംഘടനകളെ സംബന്ധിച്ചിടത്തോളം കലാമത്സരങ്ങളൊക്കെ കഴിഞ്ഞു. അത് സോർട്ട് ചെയ്യാനും ഫലം പ്രസിദ്ധീകരിക്കാനും അല്പം കാലതാമസം നേരിടും. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

2021-2022 കാലഘട്ടത്തെ ഭരണ സമിതിയുടെ തെരഞ്ഞെടുപ്പ് ഉടനെ തുടങ്ങുകയാണല്ലോ. യൂണിറ്റുകളിലും, ഫൊറോനകളിലും, അതിരൂപതയിലും മികവുറ്റ ഭരണ സമിതി തെരഞ്ഞെടുക്കപ്പെടാൻ വേണ്ടി നമ്മുക്കു പ്രാർത്ഥിക്കാം. എല്ലാ മേഖലകളിലും പുതുമുഖങ്ങളെകൂടി ഉൾപ്പെടുത്താൻ നമ്മുക്ക് ശ്രമിക്കാം. പ്രത്യേകിച്ച് ആധുനിക സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ കൈകാര്യം ചെയ്യുന്നവരെക്കൂടി ഭാരവാഹിത്വത്തിലേക്ക് കൊണ്ടുവരുന്നത് വരുംകാലങ്ങളിലെ പ്രവർത്തനങ്ങളെ കൂടുതൽ സജീവമാക്കും. മാതൃ പിതൃവേദി കേവലം ഒരു സംഘടനയല്ല. ഒരു പ്രേഷിത ശുശ്രൂഷ സംവിധാനമാണ്, പ്രത്യേകിച്ച് കുടുംബ കേന്ദ്രീകൃതമായി പ്രവർത്തിക്കേണ്ട ഒരു ശുശ്രൂഷ മേഖല. നല്ല മാതാപിതാക്കന്മാരെയും കുടുംബങ്ങളെയും രൂപപ്പെടുത്തുക എന്നതാണ് ഈ ശുശ്രൂഷയുടെ ലക്ഷ്യം. എന്നാൽ ചിലപ്പോഴെങ്കിലും ഈ ലക്ഷ്യം മറന്ന് ചില സാമൂഹികപ്രശ്നങ്ങളിൽ കൂടുതൽ ഇടപെടാനും പബ്ളിസിറ്റിക്കുവേണ്ടി പ്രോഗ്രാമുകൾ ക്രമീകരിക്കാനും നാം കൂടുതൽ തിടുക്കം കാട്ടാറുണ്ട്. അത് സംഘടനയുടെ ലക്ഷ്യത്തിൽ നിന്നുള്ള വ്യതിചലനമാണ്. പ്രകടനപരതക്കപ്പുറം കുടുംബങ്ങളുടെ വിശുദ്ധിക്കായുള്ള തീവ്രമായ പരിശ്രമവും, പ്രബോധനവും വിശിഷ്യ പ്രാർത്ഥനയുമായിരിക്കണം നമ്മുടെ ബലം. അങ്ങനെ നല്ല കുടുംബ പ്രേഷിതരാകാൻ നമ്മുക്ക് പരിശ്രമിക്കാം. ഏവർക്കും നന്മകൾ നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
**ഫാ ജോൺസൺ ചാലയ്ക്കൽ**
*(അസി. ഡയറക്ടർമാർ)*

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

**ഫാ. സോണി പള്ളിച്ചിറ**
*(തെക്കൻമേഖല കോ-ഓർഡിനേറ്റർ)*

## റിപ്പോർട്ട്

### 1. കലോത്സവം

കലോത്സവ ഇനങ്ങളായ - സംഗീതം, പ്രസംഗം, കുടുംബസംഘഗാനം, നസ്രാണി തറവാട് - തുടങ്ങിയവ യൂണിറ്റ് തലത്തിലും ഫൊറോനാ തലത്തിലും നടത്തപ്പെട്ടു. പ്രസ്തുത മത്സരങ്ങളിൽ യൂണിറ്റുകളും കുടുംബങ്ങളും സജീ

വമായി പങ്കെടുത്തു. അതിരൂപതാ തലത്തിലെ ഫലപ്രഖ്യാപനം ഉടൻതന്നെ നടത്തുന്നതായിരിക്കും.

## അറിയിപ്പ്

### 1. 'എൽറോയി'- ലിറ്റർജിക്കൽ ക്വിസ് മത്സരം

5-ാംഘട്ട മത്സരം (ക്ലാസ് 41 മുതൽ 50 വരെ) ഫെബ്രുവരി മാസത്തിലും, 50 ക്ലാസുകളുടെ പൊതുവായ മത്സരം മാർച്ച് മാസത്തിലും (മെഗാ മത്സരത്തിനുള്ള സെലക്ഷൻ ക്വിസ് മത്സരം) മെഗാ ക്വിസ് മത്സരം ഏപ്രിൽമാസത്തിലും നടത്തപ്പെടുന്നതായിരിക്കും. കോവിഡ് രോഗത്തിന്റെ സാമൂഹ്യവ്യാപനം വർദ്ധിച്ച സാഹചര്യത്തിലാണ് ക്വിസ് മത്സരം നീണ്ടുപോയത് എന്നുള്ള കാര്യം മനസ്സിലാക്കി സഹകരിക്കുമല്ലോ.

### 2. വാർഷിക റിപ്പോർട്ട്

2020 ജനുവരി മുതൽ ഡിസംബർ വരെ ഫൊറോന തലത്തിൽ നടത്തിയ കർമ്മപരിപാടികളുടെ വീഡിയോ റിപ്പോർട്ട് 10 മിനിറ്റിൽ കൂടാതെ തയ്യാറാക്കി മാർച്ച് 10-ാം തിയതിക്കകം അതിരൂപത ഓഫീസിലേക്ക് മെയിൽ ചെയ്യേണ്ടതാണ്. കോവിഡ് പശ്ചാത്തലത്തിലാണെങ്കിലും കഴിഞ്ഞവർഷം യൂണിറ്റുതലത്തിൽ നടത്തിയ പ്രോഗ്രാമുകളുടെ റിപ്പോർട്ട് കൃത്യമായി റിപ്പോർട്ടുബുക്കിൽ രേഖപ്പെടുത്തി വികാരിയച്ചന്മാരെ കാണിച്ച് ബോധ്യപ്പേടുത്തേണ്ടതാണ്.

### 3. അതിരൂപത വാർഷികവും പ്രവർത്തനവർഷ ഉദ്ഘാടനവും

അതിരൂപത വാർഷികവും പ്രവർത്തനവർഷ ഉദ്ഘാടനവും പുതിയ അതിരൂപതാ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും ഏപ്രിൽ മാസത്തിൽ ഒന്നിച്ച് നടത്തുവാനായിട്ടാണ് ആഗ്രഹിക്കുന്നത്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### 4. യൂണിറ്റ് - ഫൊറോന - അതിരൂപത തെരഞ്ഞെടുപ്പ്

മാതൃ-പിതൃവേദി 2019-20 കാലയളവിലുള്ള ഭരണസമതിയുടെ കാലാവധി അവസാനിക്കുകയാണല്ലോ. കഴിഞ്ഞ കാലങ്ങളിൽ നിങ്ങൾ നൽകിയ സഹകരണത്തിന് നന്ദി പറയുന്നു. മാതൃ-പിതൃവേദി 2021-22 കാലയളവിലേക്കുള്ള പുതിയ ഭരണസമതിഅംഗങ്ങളുടെ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ അംഗീകാരത്തിന് വിധേയമായി അറിയിക്കുന്നു. പുതുമുഖങ്ങളേയും, സജിവമായി പ്രവർത്തിക്കാൻ നല്ല മനസ്സുള്ളവരേയും തെരഞ്ഞെടുക്കുവാൻ പ്രാർത്ഥിച്ച് ഒരുങ്ങണം. മാതൃ-പിതൃവേദി രണ്ട് സംഘടന ആയതിനാൽ രണ്ട് വിഭാഗത്തിനും പ്രത്യേകം തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. ഫൊറോന-അതിരൂപത തലത്തിൽ മികച്ച ടീം ഏകകണ്ഠമായി വരുവാൻ ഓരോ തലത്തിലും ഡയറക്ടറച്ചന്മാർ പ്രത്യേകം ശ്രമിക്കേണ്ടതുമാണ്.

**2021-2022 പുതിയ ഭരണസമതിയുടെ തെരഞ്ഞെടുപ്പ് നടപടിക്രമം**

### I ഇടവകസമതി

മാതൃ-പിതൃവേദി സംഘടനകളുടെ പൊതുയോഗം അംഗങ്ങളെ മുൻകൂട്ടി അറിയിച്ച് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ, രണ്ട് ഫൊറോന കൗൺസിൽ അംഗങ്ങൾ, അഞ്ച് കമ്മറ്റി അംഗങ്ങൾ എന്നിവരെ ഇടവക/യൂണിറ്റ് എക്സിക്യൂട്ടീവിലേക്ക് തെരഞ്ഞെടുക്കേണ്ടതാണ്. ഈ യോഗത്തിൽ ബഹു. ഇടവക വികാരി അദ്ധ്യക്ഷത വഹിക്കേണ്ടതാണ്. ഓരോ യൂണിറ്റിലും തെരഞ്ഞെടുത്ത ഏഴ് ഭാരവാഹികളും അഞ്ച് കമ്മറ്റി അംഗങ്ങളും

ഡയറക്ടർ, ആനിമേറ്റർ തുടങ്ങിയവർ അടങ്ങുന്നതാണ് മാതൃവേദി-പിതൃവേദി ഇടവക സമതി (മാതൃവേദി-പിതൃവേദി പ്രത്യേകം തെരഞ്ഞെടുക്കണം). തെരഞ്ഞെടുപ്പ് നടപടിക്രമത്തിൽ വരുത്തിയിട്ടുള്ള പ്രധാനപ്പെട്ട മാറ്റം ശ്രദ്ധിക്കുക. ഈ പ്രാവശ്യം മുതൽ ഫൊറോന-അതിരൂപത ഭാരവാഹികൾ ആകേണ്ടവരാണ് മാതൃ-പിതൃവേദി ഫൊറോന കൗൺസിൽ അംഗങ്ങൾ. ആയതിനാൽ പരിചയസമ്പന്നരായ മികച്ച അംഗത്തെ ഫൊറോന കൗൺസിലിലേക്ക് യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

- യൂണിറ്റ് തെരഞ്ഞെടുപ്പ് ഫെബ്രുവരി 15-ാം തീയതിക്കകം നടത്തേണ്ടതാണ്.
- യൂണിറ്റ് ആനിമേറ്റർ ഭാരവാഹികളുടെ വിശദമായ അഡ്രസ്സ് സഹിതം (പ്രത്യേക ഫോം ഉപയോഗിച്ച്) ലിസ്റ്റും (2 സെറ്റ്) അഫിലിയേഷൻ ഫീസായ 100/- രൂപായും കൂടി ഫെബ്രുവരി 18-ാം തീയതിക്ക് മുമ്പ് ഫൊറോന ആനിമേറ്ററുടെ പക്കൽ എത്തിക്കേണ്ടതാണ്.
- യൂണിറ്റ് ഭരണസമതിയിൽ പുതുമുഖങ്ങൾ, യുവദമ്പതിമാർ എന്നിവരെക്കൂടി ഭാരവാഹികളാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- സജിവ അംഗങ്ങളായി അംഗീകരിച്ചിട്ടുള്ളത് 2019-തിലെ അംഗത്വ ലിസ്റ്റ് മാത്രമാണ്. ഫൊറോന- യൂണിറ്റ് ഡയറക്ടർ അച്ചന്റെ പക്കൽ ലിസ്റ്റ് ലഭ്യമാണ്.
- അതിരൂപത ഡയറക്ടറുടെ അനുവാദത്തിന് വിധേയമായി യൂണിറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ യൂണിറ്റ് ആരംഭിക്കാവുന്നതാണ്. യൂണിറ്റ് അംഗങ്ങൾ പ്രാഥമിക അംഗങ്ങളായിരിക്കും.
- മാതൃ-പിതൃവേദി രണ്ട് സംഘടനയാണ്. എല്ലാം തലങ്ങളിലും തെരഞ്ഞെടുപ്പ് പ്രത്യേകം നടത്തേണ്ടതാണ്.
- രണ്ട് വർഷം ആയിരിക്കും ഭരണ സമതിയുടെ കാലാവധി (2021 ഏപ്രിൽ മുതൽ 2022 ഡിസംബർ വരെ).

## II ഫൊറോന ഭരണ സമതി

ഇടവകയിലെ മാതൃ-പിതൃവേദി ഫൊറോന കൗൺസിൽ അംഗങ്ങൾ, യൂണിറ്റ് ഭാരവാഹികളായ അഞ്ച് പേർ എന്നിവരുടെ സമ്മേളനം ഫൊറോന ഡയറക്ടറച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, രണ്ട് അതിരൂപത കൗൺസിൽ അംഗങ്ങൾ, അഞ്ച് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുക്കേണ്ടതാണ്. യൂണിറ്റ് ഭാരവാഹികളായ എഴ് അംഗങ്ങൾക്ക് വോട്ട് അവകാശം ഉണ്ടെങ്കിലും ഫൊറോന കൗൺസിൽ അംഗങ്ങളിൽ നിന്നു മാത്രമേ ഫൊറോന ഭാരവാഹികളെ തെരഞ്ഞെടുക്കുവാൻ പാടുള്ളു.

- ഫൊറോന തെരഞ്ഞെടുപ്പ് 2021 മാർച്ച് 5-ാം തീയതിക്ക് മുമ്പ് പൂർത്തിയാക്കണം.
- ഫൊറോന തെരഞ്ഞെടുപ്പിൽ ഫൊറോന ഡയറക്ടർ അദ്ധ്യക്ഷനായിരിക്കും.
- മാർച്ച് മാസം 8-ാം തീയതിക്കകം ഫൊറോന ആനിമേറ്റർ ഫൊറോന ഭാരവാഹികളുടെ ലിസ്റ്റ്, യൂണിറ്റ് ഭാരവാഹികളുടെ ലിസറ്റ് (പ്രത്യേക ഫോമിൽ) യൂണിറ്റ് അഫിലിയേഷൻ ഫീസ് 100/- രൂപ എന്നിവ അതിരൂപത ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.
- ഫൊറോന തെരഞ്ഞെടുപ്പ് നടത്തുന്ന സ്ഥലവും തീയതിയും അതിരൂപത ഓഫീസുമായി ബന്ധപ്പെട്ടു വേണം ക്രമീകരിക്കാൻ. അതിരൂപത ഡയറക്ട

റുടെയോ, അസി. ഡയറക്ടറുടെയോ സാന്നിദ്ധ്യം ഫൊറോന തെരഞ്ഞെടുപ്പിൽ ഉറപ്പാക്കണം.

⇨ ഫൊറോന തെരഞ്ഞെടുപ്പിൽ ഒരു യൂണിറ്റിൽ നിന്നും ഒരാൾക്ക് മാത്രമേ ഭാരവാഹികൾ ആകുവാൻ പാടുള്ളൂ. എന്നാൽ ഫൊറോനയുടെ പ്രത്യേക സാഹചര്യത്തിൽ യൂണിറ്റിൽ നിന്നും രണ്ടാമത് ഒരു ഭാരവാഹി ഉണ്ടാകേണ്ട സാഹചര്യം ഉണ്ടായാൽ യൂണിറ്റിലെ രണ്ടാമത്തെ ഫൊറോന കൗൺസിലർക്കു മാത്രമേ ഭാരവാഹി ആകുവാൻ സാധിക്കൂ.

⇨ ഫൊറോന തലത്തിൽ മികച്ച ടീം തെരഞ്ഞെടുക്കപ്പെടുവാൻ ഡയറക്ടർ അച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്.

⇨ അതിരൂപത തെരഞ്ഞെടുപ്പിൽ പങ്കെടുക്കേണ്ട അംഗങ്ങൾ ഫൊറോന തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ഉടൻ ഇതിനായുള്ള ക്ഷണക്കത്ത് ഏറ്റുവാങ്ങേണ്ടതാണ്. പിന്നീട് പ്രത്യേക അറിയിപ്പ് നൽകുന്നതല്ല. യൂണിറ്റ് ഭാരവാഹികളുടെ അംഗത്വ നമ്പർ ഫൊറോനതലത്തിൽ പരിശോധിക്കേണ്ടതാണ്.

## III കേന്ദ്രഭരണ സമതി

ഫൊറോന സമതിയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അതിരൂപത കൗൺസിൽ അംഗങ്ങൾ ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ യോഗം അതിരൂപത ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടി പ്രസിഡന്റ്, രണ്ട് വൈസ്പ്രസിഡന്റ്, സെക്രട്ടറി, രണ്ട് ജോ. സെക്രട്ടറി, ട്രഷറർ, ഒമ്പത് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുക്കേണ്ടതാണ്. അതിരൂപത കൗൺസിൽ അംഗങ്ങളിൽ നിന്നും മാത്രമേ അതിരൂപത ഭാരവാഹികളെ തെരഞ്ഞെടുക്കുവാൻ പാടുള്ളു.

## IV അതിരൂപത കേന്ദ്ര ഭരണസമതി തെരഞ്ഞെടുപ്പ്

**2021 മാർച്ച് 13 ശനി : 10.30 am – മാതൃവേദി, 2.30 pm – പിതൃവേദി**
**യോഗ അദ്ധ്യക്ഷൻ – അതിരൂപത ഡയറക്ടർ**

⇨ രണ്ട് വർഷം ആയിരിക്കും ഭരണസമതിയുടെ കാലാവധി (2021 ഏപ്രിൽ മുതൽ 2022 ഡിസംബർ വരെ).

⇨ അതിരൂപത പ്രവർത്തനവർഷ ഉദ്ഘാടനവും വാർഷികവും ഏപ്രിൽ മാസത്തിൽ ഒന്നിച്ച് നടത്തുന്നതായിരിക്കും. ഫൊറോന/യൂണിറ്റുകൾക്കും ഇതേ മാതൃക ആക്കാവുന്നതാണ്.

⇨ അതിരൂപത തെരഞ്ഞെടുപ്പിൽ ഒരു ഫൊറോനയിൽ നിന്ന് ഒരാൾക്ക് മാത്രമേ മത്സരിക്കുവാൻ സാധിക്കൂ.

കാലഘട്ടത്തിനനുസരിച്ച് മികച്ച ടീമിനെ നേതൃനിരയിലേക്ക് തെരെഞ്ഞെടുക്കുവാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഏവരുടേയും സഹകരണം ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.


## ONLINE PRE MARRIAGE COURSE

| ഫെബ്രുവരി | മാർച്ച് | |
|---|---|---|
| 1, 2, 3 (Booking Date: Jan. 21) | 12, 13, 14 (Booking Date: Mar. 1) | **For Booking:** |
| 5, 6, 7 ( " Jan. 21) | 19, 20, 21 ( " Mar. 1) | www. familyapostolatechry.com |
| 12, 13, 14 ( " Feb. 4) | 22, 23, 24 ( " Mar. 15) | Mob: 9447030814, 9447016240 |
| 26, 27, 28 ( " Feb. 8) | 26, 27, 28 ( " Mar. 18) | *Booking Starts at 11.00 am* |

# യുവദീപ്തി–SMYM
## YUVADEEPTI-SMYM

### 'യുവദീപിക' പ്രോഗ്രാം ഉദ്ഘാടനം ചെയ്തു

ചങ്ങനാശേരി അതിരൂപത യുവദീപ്തി-എസ്.എം.വൈ.എമ്മിന്റേയും ദീപിക ഫ്രണ്ട്സ് ക്ലബിന്റെയും ആഭിമുഖ്യത്തിൽ ജനുവരി 10 ഞായറാഴ്ച അതിരൂപത കോൺഫ്രൻസ് ഹാളിൽ അതിരൂപത പ്രസിഡന്റ് ജോബിൻ ഇടത്താഴെയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽവച്ച് ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം യുവദീപിക പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ദീപിക പത്രത്തിന്റെ ശാക്തീകരണം യുവജനങ്ങളിലൂടെ എന്നതാണ് 'യുവദീപിക'യിലൂടെ ലക്ഷ്യം വയ്ക്കുന്നത്. മാർ തോമസ് തറയിൽ അനുഗ്രഹപ്രഭാഷണവും അതിരൂപത ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖപ്രസംഗവും നടത്തി. ദീപിക ഫ്രണ്ട്സ് ക്ലബ് സ്റ്റേറ്റ് ഡയറക്ടർ ഫാ. റോയി കണ്ണൻചിറ CMI ക്ലാസ് നയിച്ചു. DFC അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ വിഷയാവതരണപ്രസംഗവും നടത്തി. വികാരി ജനറാൾ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, DFC സ്റ്റേറ്റ് പ്രസിഡന്റ് സണ്ണി തോമസ്, DFC അതിരൂപതാ പ്രസിഡന്റ് ആന്റണി തോമസ് മലയിൽ, DFC അതിരൂപതാ വൈസ് പ്രസിഡന്റ് ആൻസി ചേന്നോത്ത് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. യുവദീപ്തി-SMYM അതിരൂപതാ ജന. സെക്രട്ടറി ജോർഡി വർഗ്ഗീസ് സ്വാഗതവും ട്രഷറർ ഡയോൺ റോയി നന്ദിയും അർപ്പിച്ചു. യുവദീപ്തി സെനറ്റംഗങ്ങൾ, യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ ഓൺലൈൻ വഴി യോഗത്തിൽ പങ്കുചേർന്നു.

### 'കേലിയോ'

യുവദീപ്തി-SMYM ന്റെ ആഭിമുഖ്യത്തിൽ അതിരൂപതാ സിൻഡിക്കേറ്റ് അംഗങ്ങൾ 'കേലിയോ' എന്ന പേരിൽ വിദ്യാനികേതൻ ഹാളിൽ ഒരുമിച്ചുകൂടി അടുത്ത നാളുകളിൽ പൗരോഹിത്യം, സന്യാസം, വിവാഹം എന്നീ വിളികൾ സ്വീകരിച്ച യുവദീപ്തി പ്രവർത്തകരെ അനുമോദിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, ആനിമേറ്റർ സിസ്റ്റർ സെലിൻ ജോസ് S.D., ഫാ. സേവ്യർ വെട്ടിത്താനം, ഫാ. വർഗീസ് നമ്പിശ്ശേരിക്കളം, മുൻ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടി, മുൻ ജനറൽ സെക്രട്ടറി അഖിൽ ജോർജ് ചാക്കോ, ജോർഡി വർഗ്ഗീസ്, ഡയോൺ റോയി, ഡെൻസമ്മ അന്നാ സോജൻ എന്നിവർ പ്രസംഗിച്ചു. അതിരൂപത പ്രസിഡന്റ് ജോബിൻ ഇടത്താഴെ അദ്ധ്യക്ഷത വഹിച്ചു.

### രക്തഗ്രൂപ്പ് ഡയറക്ടറി പുറത്തിറക്കുന്നു

രക്തദാനം നടത്തുവാൻ സന്നദ്ധരായ യുവജനങ്ങളുടെ സമ്പൂർണ്ണവിവരങ്ങളടങ്ങിയ ഡയറക്ടറി ജനുവരി 26-ന് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് പുറത്തിറക്കുന്നു.

**ഫാ. ജേക്കബ് ചക്കാത്ര**
(ഡയറക്ടർ)

സ്നേഹം നിറഞ്ഞ കെ.സി.എസ്.എൽ കുടുംബാംഗങ്ങളേ,

ഒരു വിദ്യാലയവർഷംകൂടി പിന്നിടുകയാണല്ലോ. കോവിഡ് കാലത്തിന്റെ പരിമിതികൾ അതിജീവിച്ച് ഓൺലൈൻ ക്ലാസുകളോടൊപ്പം കെ.സി.എസ്.എൽ പ്രവർത്തനങ്ങളും നമ്മൾ മുമ്പോട്ടു കൊണ്ടുപോകുകയായിരുന്നുവല്ലോ. ഈ വിദ്യാലയവർഷത്തിൽ കെ.സി.എസ്.എൽ പ്രവർത്തനങ്ങളെ ഓൺലൈനായി ക്രമീകരിക്കാൻ സഹായിച്ച കെ.സി.എസ്.എൽ അതിരൂപത ഭാരവാഹികൾക്കും ആനിമേറ്റർമാർക്കും മറ്റ് അധ്യാപകർക്കും ഇതിനോട് സഹകരിച്ച വിദ്യാർത്ഥികൾക്കും നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

2019-2020 വർഷത്തിലെ കെ.സി.എസ്.എൽ പ്രവർത്തനങ്ങൾക്ക്, മികച്ച പ്രവർത്തനം കാഴ്ചവെച്ചതിന് ചങ്ങനാശേരി അതിരൂപത 5-ാം തവണയും ഒന്നാംസ്ഥാനം കരസ്ഥമാക്കി. കടുത്ത മത്സരത്തിനൊടുവിലാണ് ചങ്ങനാശേരി അതിരൂപത ഈ നേട്ടം കൈവരിച്ചത്. അതുപോലെതന്നെ ബെസ്റ്റ് മാഗസിൻ 'പ്രതിഭ' യ്ക്കുള്ള അവാർഡ് നമുക്ക് ലഭിച്ചു. ചങ്ങനാശേരി സെന്റ് ജോസഫ് ഹൈസ്കൂളിന് ഹൈസ്കൂൾ വിഭാഗത്തിലും, വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർസെക്കന്ററി സ്കൂളിന് ഹയർസെക്കന്ററി വിഭാഗത്തിലും മികച്ച സ്കൂളുകൾക്കുള്ള 2-ാം സ്ഥാനം ലഭിച്ചു.

ക്രിസ്തുമസിനോട് അനുബന്ധിച്ച് നടത്തിയ പ്രസംഗമത്സരത്തിൽ ചങ്ങനാശേരി സെന്റ് ജോസഫ് ഹയർസെക്കന്ററി സ്കൂളിൽ പഠിക്കുന്ന ജിയാ മരിയയ്ക്ക് ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. 29-ാം തീയതി പി.ഒ.സി യിൽ വച്ച് മേജർ ആർച്ചുബിഷപ്പിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട സമ്മേളനത്തിൽ ഔദ്യോഗികമായിട്ട് ചങ്ങനാശേരി അതിരൂപതയിൽനിന്നും കെ.സി.എസ്.എൽ ഭാരവാഹികൾ, മികച്ച പ്രവർത്തനം കാഴ്ചവെച്ചതിനുള്ള സമ്മാനം ഏറ്റുവാങ്ങി. അതുകൂടാതെ, ബെസ്റ്റ് അദ്ധ്യാപകനുള്ള അവാർഡ് ലഭിച്ച ജോസ് ജോസഫ് സാർ അന്നേദിവസം അവാർഡ് ഏറ്റുവാങ്ങുകയുണ്ടായി.

ഈ കഴിഞ്ഞ 30-ാം തീയതി അഭിവന്ദ്യ പെരുന്തോട്ടം പിതാവിന്റെ നേതൃത്വത്തിൽ ചങ്ങനാശേരി എസ്.ബി. സ്കൂളിൽ നടത്തപ്പെട്ട സമ്മേളനത്തിൽ ഈ പ്രവർത്തനവർഷത്തിലെ സമ്മാനങ്ങൾ വിതരണം ചെയ്തു. അതോടൊപ്പം ചങ്ങനാശേരി കെ.സി.എസ്.എൽ ഒന്നാം സ്ഥാനത്തെത്തിയതിന്റെ സന്തോഷം പങ്കിടുകയുണ്ടായി. ഫെബ്രുവരി, മാർച്ച് മാസത്തിലായി പരീക്ഷകൾ ആരംഭിക്കുന്നതിനാൽ നമുക്കിനിയും പരസ്പരം പ്രാർത്ഥനയിൽ കണ്ടുമുട്ടാം. കുട്ടികൾക്ക് പരീക്ഷ ഒരുക്ക ധ്യാനം ആവശ്യമുള്ള സ്കൂളുകൾ ചങ്ങനാശേരി കെ.സി.എസ്.എൽ ഓഫീസുമായി ബന്ധപ്പെടണമെന്ന് ഓർമ്മിപ്പിക്കുന്നു. ഫോൺ: 7306157185. വാർഷിക പരീക്ഷയ്ക്കായി ഒരുങ്ങുന്ന നിങ്ങൾക്ക് ഏവർക്കും വിജയാശംസകൾ. ഈ കഴിഞ്ഞ പ്രവർത്തനകാലഘട്ടം നമ്മെ സംബന്ധിച്ചിടത്തോളം ഏറെ നേട്ടങ്ങളുടേതായിരുന്നു. കെ.സി.എസ്.എൽ-നെ പിന്തുണയ്ക്കുന്ന എല്ലാവർക്കും, പ്രത്യേകിച്ച് അഭിവന്ദ്യ പിതാക്കന്മാർക്കും കോർപ്പറേറ്റ് മാനേജ്മെന്റിനും കെ.സി.എസ്.എൽ ഭാരവാഹികൾക്കും നന്ദിയും സ്നേഹവും അറിയിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

# ചാസ്
# CHASS

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

ലോകം കാത്തിരുന്ന കോവിഡ് പ്രതിരോധ വാക്സിൻ കുത്തിവയ്പ് ആരംഭിച്ചു എന്ന ശുഭോദർഹമായ വാർത്തയാണ് പുതിയവർഷത്തിന്റെ ആദ്യ ദിനങ്ങളിൽ നമുക്ക് ഏറെ പ്രത്യാശ പകരുന്നത്. പ്രതിരോധമരുന്ന് വികസിപ്പിച്ചെടുക്കുന്നതിൽ ആഗോള മെഡിക്കൽ ഗവേഷകരോടൊപ്പം നമ്മുടെ രാജ്യത്തിനും വളരെയധികം സംഭാവനകൾ നൽകാൻ കഴിഞ്ഞു എന്നതും, രാജ്യത്തെ ജനങ്ങൾക്ക് സൗജന്യമായി വാക്സിൻ ലഭ്യമാക്കുമെന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രഖ്യാപനവും സന്തോഷകരമായ കാര്യങ്ങളാണ്.

അതേസമയം രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന കർഷകർ രണ്ട് മാസത്തിലധികമായി അതികഠിനമായ ശൈത്യവും മഴയും സഹിച്ച് രാജ്യതലസ്ഥാനത്ത് സമരത്തിലാണ്. തങ്ങളുടെ അതിജീവനത്തിനും വരും തലമുറകളുടെ സുസ്ഥിരമായ നിലനില്പിനും വേണ്ടിയുള്ള ഇൻഡ്യൻ ജനതയുടെ പോരാട്ടമാണ് നടക്കുന്നത്. ബാലിശമായ ന്യായീകരണങ്ങളും പൊള്ളവാഗ്ദാനങ്ങളും കപടനയതന്ത്രങ്ങളും കൊണ്ട് പൗരന്മാരെ കബളിപ്പിക്കാനാവില്ല എന്ന പാഠം ഭരണകൂടങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. സ്വാർത്ഥതാത്പര്യങ്ങൾക്ക് അതീതമായി ഈ മുന്നേറ്റത്തെ പിന്തുണയ്ക്കാൻ നമുക്ക് പരിശ്രമിക്കാം.

മഹാമാരിയും പ്രകൃതി ദുരന്തങ്ങളും കാർഷിക വിലത്തകർച്ചയും മൂലം ക്ലേശിക്കുന്ന സാമാന്യജനവിഭാഗങ്ങൾക്ക് കരുത്തും തുണയുമാകാൻ ജനകീയ സംഘടനാസംവിധാനങ്ങൾ ബോധപൂർവ്വം പരിശ്രമിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യാധിഷ്ഠിത കൂട്ടായ്മകളുടെ ശാക്തീകരണത്തിലൂടെ നമുക്കും ഇതിനായി പരിശ്രമിക്കാം.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
**ഫാ. ജോർജ്ജ് പനക്കേഴം**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

### 1. അതിരൂപതാ ഭവനനിർമ്മാണ പദ്ധതി (2021 ജനുവരി)

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| അറുന്നൂറ്റിൻ പാടം | 1 | 3 | 25000 |
| കൈനകരി | 1 | 3 | 10000 |
| ചമ്പക്കുളം | 1 | 3 | 10000 |
| മിത്രക്കരി | 1 | 3 | 25000 |
| ചങ്ങംകരി | 1 | 4 | 35000 |

| | | | |
|---|---|---|---|
| പുഴവാത് | 1 | 3 | 10000 |
| തടിയൂർ | 1 | 3 | 50000 |
| പച്ചക്കാട് | 1 | 3 | 10000 |
| ആകെ | 8 | | 1,75,000 |

## 2. ചാസ് ഭവനനിർമ്മാണ പദ്ധതി (2021 ജനുവരി)

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| പാണ്ടി | 1 | 4 | 50000 |
| കുമരകംവടക്കുംകര | 1 | 3 | 75000 |
| ചങ്ങംകരി | 1 | 4 | 10000 |
| നസ്രത്ത് | 1 | 4 | 10000 |
| പുളിംകുന്ന് | 1 | 3 | 10000 |
| മരിയാപുരം | 1 | 2 | 40000 |
| ആറാട്ടുവഴി | 1 | 2 | 40000 |
| ആകെ | 7 | | 2,35,000 |

## 3. അഗാപ്പേ ഭവനപുനർനിർമ്മാണ പദ്ധതി (2021 ജനുവരി)

ജർമ്മനിയിലെ Christus Koenig Kirche, Gemen Borken ന്റെ സഹായത്തോടെ ഭവനപുനർനിർമ്മാണത്തിന് സഹായം അനുവദിച്ചു.

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| തേക്കുപാറ | 1 | 2 | 40,000 |

## കേന്ദ്ര വാർത്തകൾ

### 1. സോഷ്യൽ വർക്ക് വിദ്യാർത്ഥികളുടെ പഠന സന്ദർശനം

സോഷ്യൽ വർക്ക് പഠനത്തിന്റെ ഭാഗമായി സന്നദ്ധ സംഘടനകളെ അടുത്തറിയുന്നതിനും അവയുടെ പ്രവർത്തനമേഖലകളും ജനോപകാര പദ്ധതികളും മനസ്സിലാക്കുന്നതിനുമായി അസംപ്ഷൻ കേളേജ് സോഷ്യൽ വർക്ക് ബിരുദാനന്തര ബിരുത വിദ്യാർത്ഥിനികൾ ജനുവരി 8 ന് ചാസ് സന്ദർശിച്ചു. ചാസിന്റെ പ്രവർത്തനമേഖലകൾ, വിവിധ കർമ്മപദ്ധതികൾ എന്നിവയെ കുറിച്ച് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു എന്നിവർ വിശദീകരിച്ചു. സോഷ്യൽ വർക്ക് വിഭാഗത്തിൽ നിന്നും 30 വിദ്യാർത്ഥിനികളാണ് ചാസ് സന്ദർശിച്ചത്.

### 2. തേനീച്ചവളർത്തലും പരിപാലനവും-ത്രിദിന ശില്പശാല

മല്ലപ്പള്ളി : കേന്ദ്ര സർക്കാരിന്റെ കീഴിൽ ചാസിന്റെ നേതൃത്വത്തിൽ മല്ലപ്പള്ളിയിൽ പ്രവർത്തിക്കുന്ന ചാസ് ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ തേനീച്ച കർഷകരെയും നവസംരംഭകരേയും ഉൾക്കൊള്ളിച്ചുകൊണ്ട് മല്ലപ്പള്ളി ഗ്രാമോദ്യോഗ് ഭവനിൽ ജനുവരി 14 മുതൽ 16 വരെ ത്രിദിന ശില്പശാല സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. 'തേനീച്ചവളർത്തലും പരിപാലനത്തെയും' കുറിച്ച് വിദഗ്ദരായ ശ്രീ. ജെയിംസ് ഡൊമിനിക്, ശ്രീ. റ്റി. വി. എബ്രഹാം, ശ്രീ. കെ.എൻ. ശങ്കരൻകുട്ടി, ശ്രീ. ജേക്കബ് മാത്യു എന്നിവർ ക്ലാസ് നയിച്ചു. കോഴ്സ് പൂർത്തിയാക്കിയവർക്ക് ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് മാന്തുരുത്തിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

## 3. KCBC കർഷകദിനാചരണം

KCBC കർഷകദിനാചരണം ചങ്ങനാശ്ശേരി അതിരൂപത ചാസിന്റെ ആഭിമുഖ്യ ത്തിൽ ജനുവരി 16 ന് പള്ളിക്കൂട്ടുമ്മ ഫാത്തിമമാതാ പാരീഷ് ഹാളിൽ സംഘ ടിപ്പിച്ചു. ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം നിർവഹിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് ജോസഫ് സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖ സന്ദേശം നൽകി. കർഷകർ നേരിടുന്ന ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് രാഷ്ട്രീയ കിസാൻ മഹാസംഘ് വൈസ് ചെയർമാർ അഡ്വ. ഡിജോ കാപ്പൻ ക്ലാസ് നയിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, യൂണിറ്റ് ഡയറക്ടർ റവ. ഫാ. ലൂയിസ് വെള്ളാനിക്കൽ, ഡോ. ജോസഫ് എബ്രാഹം, ശ്രീ. ജോസഫ് കെ നെല്ലുവേലി, ശ്രീ. ബിജു വലിയകളം, ശ്രീ. ജോസ് ജോൺ വെങ്ങാന്തറ, മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. എൻ.ഐ. തോമസ് എന്നിവർ പ്രസംഗിച്ചു. പുളിംകുന്ന്, ചമ്പക്കുളം, ആലപ്പുഴ, ചങ്ങനാശ്ശേരി, തുരുത്തി മേഖ ലകളിലെ ചാസ് കർഷകസമിതി അംഗങ്ങൾ പങ്കെടുത്തു.

## കില റിസോഴ്സ് ടീം ട്രെയിനിംഗ്

കേരളത്തിലെ പരിസ്ഥിതിബന്ധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് 'റെസി ലിയന്റ് കേരളാ പ്രോഗ്രാം' കില റിസോഴ്സ് ടീം അംഗങ്ങൾക്ക് ജനുവരി 17 ന് ചാസ് കോൺഫറൻസ് ഹാളിൽ സംസ്ഥാനതല ഏകദിന പരിശീലനം സംഘ ടിപ്പിച്ചു. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നിന്നായി 53 അംഗങ്ങൾ പങ്കെടുത്തു. കില തൃശ്ശൂർ, തിരുവനന്തപുരം ഓഫീസുകളും ചാസും നേതൃത്വം നൽകി.

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾ വഴി 2021 ജനുവരി മാസം ആനു കൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം (Rs. 60,000)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 499. ചാക്കോ ആന്റണി | കൃപ | പുളിംകുന്ന് | പുളിംകുന്ന് |
| 500. എ.ജി. വിശ്വംബരൻ | ഐക്യവേദി | പുളിംകുന്ന് | പുളിംകുന്ന് |
| 501. തോമസ് ആന്റണി | റേഷ് | തത്തംപള്ളി | ആലപ്പുഴ |
| 502. കെ.ജെ. ജോസഫ് | ചൈതന്യ | രാമങ്കരി | പുളിംകുന്ന് |
| 503. സരസമ്മ എ. | ചൈതന്യ | ഡാൽമുഖം | അമ്പൂരി |
| 504. രാധ ഗോപാലകൃഷ്ണൻ | നവജീവൻ | കൊടുപ്പുന്ന | എടത്വാ |

### (2) മ്യൂച്വൽ ബെനഫിറ്റ് സ്കീം (Rs. 1,20,000)

- **മരണാനന്തരസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 467. ഏലിയാമ്മ വള്ളോംതറയിൽ | രാജഗിരി | അമ്പൂരി |
| 468. ബ്ലെസി മാത്യു പൂവത്താനം | മാടപ്പള്ളി | കുറുമ്പനാടം |
| 469. ഹരിദാസ് വേലിയകത്ത് | ആറാട്ടുവഴി | ആലപ്പുഴ |
| 470. സലോമി പറമ്പിൽപറമ്പിൽ | പുന്നമട | ആലപ്പുഴ |

| | | |
|---|---|---|
| 471. ദാമോദരൻ തുണ്ടിയിൽ | ചങ്കംകരി | എടത്വാ |
| 472. എൽസമ്മ ജോസഫ് പുളിമൂട്ടിൽ | ആർപ്പൂക്കര | കുടമാളൂർ |
| 473. ആൻണി ചെറിയാൻ മണ്ണുമാലിൽ | ആർപ്പൂക്കര | കുടമാളൂർ |
| 474. ചാക്കോ ജോസ് യോഗ്യാവീട് | മുഹമ്മ | ആലപ്പുഴ |
| 475. അന്നമ്മ ഔസേഫ്, പുത്തൻപുരയിൽ | മുഹമ്മ | ആലപ്പുഴ |
| 476. ജോസഫ് തൈപ്പറമ്പ് | പഴവങ്ങാടി | ആലപ്പുഴ |
| 478. മറിയക്കുട്ടി പി. മാത്യു പുളിങ്ങാത്തിൽ | ചേപ്പുംപാറ | കോട്ടയം |
| 479. പുഷ്പലത വിനീത് ഭവൻ | അറുന്നൂറ്റിൻപാടം | ആലപ്പുഴ |

- **ചികിത്സാസഹായം (Rs. 35,000)**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 237. അമ്മിണി കുഞ്ഞുമോൻ പുളിക്കപ്പറമ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 238. ജയന്തി ജ്ഞാനസെൽവൻ പുന്നകാലായിൽ | അമ്പൂരി | അമ്പൂരി |
| 239. തോമസ് പി.ഒ. പുത്തൻപറമ്പ് | രാമങ്കരി | പുളിംകുന്ന് |
| 240. റെജി ആന്റണി ഔവ്വംപള്ളി | വടക്കേഅമിച്ചകരി | ചമ്പക്കുളം |
| 241. ജോസഫ് എൻ. റ്റി. നടുവിലേചിറയിൽ | കൊടുപ്പുന്ന | എടത്വാ |
| 242. നിഷ റെജി, കളത്തിൽ | കൊടുപ്പുന്ന | എടത്വാ |
| 243. റോസമ്മ ജോൺ, നെടുന്താനത്ത് | ഫിൽഗിരി | കൊല്ലം |

## (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽ നിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2021 ജനുവരി മാസം 18,250/- രൂപ അനുവദിച്ചു.

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 30.12.2020 | പുളിംകുന്ന് | ശാലോം | 14 |

### മത്സ്യകൃഷി വിളവെടുപ്പ്

ഏറ്റുമാനൂർ 'മാവേലി' പുരുഷ സ്വാശ്രയസംഘത്തിന്റെ 4-ാം മത് മത്സ്യകൃഷി വിളവെടുപ്പിന്റെ ഉദ്ഘാടനം ജനുവരി 3 ന് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ നിർവഹിച്ചു. സംഘം പ്രസിഡന്റ് റോബിൻ കൂർക്കകാലായിൽ അധ്യക്ഷത വഹിച്ചു. വിഷരഹിതമത്സ്യം വിപണിയിൽ എത്തിക്കുകയും വീട്ടുമുറ്റത്തൊരു മത്സ്യക്കുളം എന്ന ആശയം പൊതുസമൂഹത്തിൽ എത്തിക്കുകയുമാണ് സംഘത്തിന്റെ ലക്ഷ്യം. അതിരമ്പുഴ പഞ്ചായത്ത് അംഗം സജി തടത്തിൽ പ്രസംഗിച്ചു.

### ജെഎൽജി സംഗമം

കായൽപ്പുറം യൂണിറ്റിലെ നെൽകർഷക ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് സംഗമം ജനുവരി 8 ന് പുളിംകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അമ്പിളി റ്റി. ജോസ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ വല്യപറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. 32 അംഗങ്ങൾ പങ്കെടുത്തു.

## പ്ലാവിൻ തൈ വിപണനം

ഹരിതസമൃദ്ധി പദ്ധതിയുടെ ഭാഗമായി ചാസ് വെരൂർ യൂണിറ്റിൽ ആയൂർ ജാക്ക് പ്ലാവിൻ തൈകൾ വിപണനം നടത്തിവരുന്നു.

## കർഷകസമരത്തിന് ഐക്യദാർഢ്യം

കണ്ണാടി സെന്റ് റീത്താസ് കർഷക സമിതിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ നടന്നുകൊണ്ടിരിക്കുന്ന കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് ജനുവരി 25 ന് കണ്ണാടി പോസ്റ്റ് ഓഫീസിനുമുമ്പിൽ ധർണ നടത്തി. ഫാ. ജോസഫ് പുത്തൻചിറ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറിയക് പഴയമഠം അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റ് ശ്രീ. സജി പത്തിൽ, ഫാർമേഴ്സ് ക്ലബ് പ്രസിഡന്റ് ശ്രീ. സണ്ണി കാളാശ്ശേരി, സെക്രട്ടറി ശ്രീ. ജോണി ജെ. എന്നിവർ പ്രസംഗിച്ചു.

***



## മോൺസിഞ്ഞോർ എൽ. ജെ. ചിറ്റൂർ
## പ്രകാശം പരത്തിയ പ്രതിഭാശാലി

'മോൺസിഞ്ഞോർ എൽ.ജെ. ചിറ്റൂർ പ്രകാശം പരത്തുന്ന പ്രതിഭാശാലി' എന്ന ഗ്രന്ഥം സവിശേഷ ശ്രദ്ധ പിടിച്ചുപറ്റുന്ന ഒന്നാണ്. ചങ്ങനാശേരി അതിരൂപതയുടെ വികാരി ജനറാളെന്ന നിലയിൽ കരുത്തുറ്റ നേതാവായിരുന്ന വൈദികശ്രേഷ്ഠന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ തികഞ്ഞ യാഥാർത്ഥ്യബോധത്തോടെ സ്വതസിദ്ധമായ ശൈലിയിൽ പ്രൊഫ. ജെ.സി. മാടപ്പാട്ട് ഈ ഗ്രന്ഥത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നു.

വൈദികൻ, ലക്ചറർ, ഹോസ്റ്റൽ വാർഡൻ, രൂപതാ ചാൻസലർ, എഡ്യൂക്കേഷൻ സെക്രട്ടറി, പ്രസ് മാനേജർ, സെമിനാരി റെക്ടർ, പ്രഗത്ഭനായ വികാരി, വിവിധ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം കൊടുത്ത സമുദായ നേതാവ്, നലംതികഞ്ഞ സംഘാടകൻ, വടവാതൂർ സെമിനാരിയുടെയും വിവിധ പള്ളികളുടെയും നിർമ്മാണത്തിനു പിന്നിലെ ചാലകശക്തി, പൊന്തിഫിക്കൻ ഉർബൻ കോളജിൽ നിന്ന് ഫിലോസഫിയിൽ ഡോക്ടറേറ്റും തിയോളജിയിൽ ഡിഗ്രിയും നേടുകയും ലേഖനങ്ങളിലുടെയും പ്രഭാഷണങ്ങളിലൂടെയും ഗ്രന്ഥങ്ങളിലൂടെയും തന്റെ അറിവ് സമൂഹത്തിന് പകർന്നു നൽകുകയും ചെയ്ത പണ്ഡിതൻ, തെക്കൻ മിഷന്റെ രൂപീകരണത്തിന് യത്നിച്ച ദീർഘദർശി എന്നിങ്ങനെ സവിശേഷതകൾ ഏറെയുള്ള ചിറ്റൂരച്ചൻ അതിരൂപതയുടെ അഭിമാനസ്തംഭമായി മാറുന്നതിന്റെ വാങ്മയ ചിത്രമാണ് ഈ ഗ്രന്ഥം. ചിറ്റൂരച്ചന്റെ വിസ്മയം വിതയ്ക്കുന്ന വ്യക്തിത്വം വളരുന്ന തലമുറയ്ക്ക് മാതൃകയും പ്രചോദനവുമായിത്തീരാൻ ഈ ഗ്രന്ഥം സഹായകമാകുക തന്നെ ചെയ്യും.

***NB: കോപ്പികൾ സെന്റ് ജോസഫ് ഓർഫനേജ് ബുക്സ്റ്റാളിൽ ലഭ്യമാണ്.***

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

'പിതൃഹൃദയത്തോടെ' എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വി. യൗസേപ്പിതാവിന് പ്രതിഷ്ഠിക്കപ്പെട്ട വർഷമായി പരി. പിതാവ് ഫ്രാൻസീസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. തൊഴിലാളി പ്രസ്ഥാനത്തിന്റെ, തൊഴിലാളികളുടെ മദ്ധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെ വർഷത്തിൽ തൊഴിൽ ചെയ്ത് തന്റെ കുടുംബത്തെ പോറ്റി വളർത്തിയ യൗസേപ്പിതാവിനെ ഓർക്കാം. മാർ യൗസേപ്പിതാവിലെ നിരവധി സവിശേഷതകൾ നമ്മുടെ ജീവിതത്തിലും സ്വന്തമാക്കാൻ പരിശ്രമിക്കാം...

**ഫാ. ജോസ് പുത്തൻചിറ**

## സംസ്ഥാന ജനറൽ വാർഷിക സമ്മേളനം

2021 ജനുവരി 18,19 ദിവസങ്ങളിലായി സംസ്ഥാന ജനറൽ വാർഷിക സമ്മേളനം ഓൺലൈനിൽ നടത്തപ്പെട്ടു. അതിരൂപതയിൽ നിന്ന് ഭാരവാഹികൾ പങ്കെടുത്തു റിപ്പോർട്ട് അവതരിപ്പിക്കുകയും സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. പുതിയ കർമ്മപദ്ധതികളെ കുറിച്ച് യോഗത്തിൽ വിലയിരുത്തി.

കേരള അഗ്രികൾച്ചർ വർക്കേഴ്സ് ഫോറം സംസ്ഥാനപ്രസിഡന്റായി ഫാ. ജോസ് പുത്തൻചിറയെ തിരഞ്ഞെടുത്തു. കെ.എൽ.എം സംസ്ഥാന സെക്രട്ടറിയായി ശ്രീ. സണ്ണി അഞ്ചലിനെയും തിരഞ്ഞെടുത്തു.

## ആദരാഞ്ജലികൾ

തൃക്കൊടിത്താനം യൂണിറ്റിൽ ക്രിസ്ത്യൻ ബ്രദേഴ്സ് സംഘത്തിൽ അംഗമായ സെബാസ്റ്റ്യൻ തോമസ് വേടംപറമ്പിൽ, ചങ്ങനാശേരി യൂണിറ്റിൽ സെന്റ് തോമസ് സംഘത്തിൽ അംഗമായ ലാലിച്ചൻ തോമസ് തകിടിയേൽ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അവരെ പ്രാർത്ഥനയിൽ ഓർക്കുകയും കുടുംബത്തിനും അംഗങ്ങൾക്കും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

## മരണാനന്തര സഹായനിധി

തൊഴിലാളി പ്രസ്ഥാനത്തിന്റെ കൈതാങ്ങായ മരണാനന്തരസഹായനിധി വെട്ടിമുകൾ യൂണിറ്റിൽ സെന്റ് മേരീസ് സംഘാംഗമായ പരേതനായ ബേബി ജോസഫ് തേവരോലിക്കലിന്റെ കുടുംബത്തിന് 03/01/2021 മരണാനന്തര സഹായനിധി കൈമാറി. ബഹുമാനപ്പെട്ട വരിക്കപള്ളി അച്ചൻ, യൂണിറ്റിലെ അംഗങ്ങൾ, അതിരൂപത ഡയറക്ടർ ജോസച്ചൻ എന്നിവരുടെ സാന്നിധ്യത്തിന് പ്രത്യേകം നന്ദി.

## ഉപവാസ സമരം

കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി പുളിങ്കുന്ന് ഫൊറോനായുടെ ആഭി

*ശേഷം പേജ് 58 ൽ.....»*

# സെന്റ് തോമസ് ഹോസ്പിറ്റൽ
## ST. THOMAS HOSPITAL, CHETHIPUZHA

### അന്നനാളം തുളച്ച് ശ്വസനനാളിയിൽ തറച്ചിരുന്ന മീൻ എല്ല് ശസ്ത്രക്രിയയിലൂടെ പുറത്തെടുത്തു

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ജനറൽ ആന്റ് ലാപ്രാസ്കോപിക് സർജൻ ഡോ. ജോർജ് മാത്യുവിന്റെ MBBS, MS, DNB, MNAMS നേതൃത്വത്തിൽ എൺപത് വയസുള്ള തകഴി സ്വദേശിനിയായ വൃദ്ധയുടെ അന്നനാളം തുളച്ചിറങ്ങി കഴുത്തിന് ഉള്ളിലൂടെ സഞ്ചരിച്ച് ശ്വസന നാളിയുടെ മുൻ ഭിത്തിയിൽ തറച്ചിരുന്ന രണ്ടര സെ.മി നീളമുള്ള മീൻ എല്ല് ശസ്ത്രക്രിയയിലൂടെ പുറത്തെടുത്തു. ഡോ. ജോർജ് മാത്യുവിനൊപ്പം ഡോ. ഫെമി മാത്യു, ഇ.എൻ.റ്റി സർജൻ ഡോ. വിനോദ് ജോസ് കാക്കനാട് MBBS, MS, അനസ്തേഷ്യോളജിസ്റ്റ് ഡോ. ഷൈനി എന്നിവരടങ്ങിയ മെഡിക്കൽ സംഘം ഒന്നര മണിക്കൂർ കൊണ്ടാണ് ശസ്ത്രക്രിയ പൂർത്തിയാക്കിയത്. ശസ്ത്രക്രിയയെ തുടർന്ന് രോഗി സുഖം പ്രാപിച്ചു വരുന്നു.

### പ്ലാസ്റ്റിക് സർജറി ഡിപ്പാർട്ട്മെന്റ് ആരംഭിച്ചു.

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ഡോ. ജോയൽ ജോസിന്റെ MBBS, DNB, MCh (Plastic Surgery) നേതൃത്വത്തിൽ പ്ലാസ്റ്റിക് സർജറി ഡിപ്പാർട്ട്മെന്റ് ആരംഭിച്ചു. എല്ലാ ദിവസവും ഡോ. ജോയൽ ജോസിന്റെ സേവനം ലഭ്യമാണ്.

### ഇ.എൻ.റ്റി, ന്യൂറോളജി ഡിപ്പാർട്ട്മെന്റുകളിൽ പുതിയ ഡോക്ടേഴ്സെത്തി

ഇ.എൻ.റ്റി, ന്യൂറോളജി ഡിപ്പാർട്ട്മെന്റുകളിൽ പുതിയ ഡോക്ടേഴ്സിന്റെ സേവനവും ഇനി മുതൽ ലഭ്യമാണ്. ഇ.എൻ.റ്റി ഡിപ്പാർട്ട്മെന്റിൽ ഡോ. നിഖിൽ മാത്യു ജോൺ MBBS, DNB (ENT), MS (ENT), ന്യൂറോളജി ഡിപ്പാർട്ട്മെന്റിൽ ഡോ. ഭാഗ്യ എസ് MD, DNB, DM (Neuro), MRCP (UK), SCE RCP (UK)എന്നിവരാണ് ആശുപത്രിയിൽ സേവനം ആരംഭിച്ചത്.

### നവജാത ശിശു പരിപാലന വിഭാഗത്തിൽ ഡോ. ജോർജിയ ജോർജിന്റെ MBBS, MD, Fellow (Neonatology) സേവനം ലഭ്യമാണ്.

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ശിശുരോഗ ചികിത്സാ വിഭാഗത്തിനൊപ്പം പ്രവർത്തിക്കുന്ന നവജാത ശിശു പരിപാലന വിഭാഗത്തിൽ (നിയോനെറ്റോളജി ഡിപ്പാർട്ട്മെന്റിൽ) ഡോ. ജോർജിയ ജോർജിന്റെ MBBS, MD, Fellow (Neonatology) സേവനം ഇനി മുതൽ എല്ലാ ദിവസവും ലഭ്യമാണ്.

### അനസ്തേഷ്യാ വിഭാഗം വിപുലീകരിച്ചു.

ഇരുപത്തിനാല് മണിക്കൂറും പ്രവർത്തന സജ്ജമായ അനസ്തേഷ്യ വിഭാഗത്തിൽ അനസ്തഷ്യോളജിസ്റ്റ് ഡോ. ഷൈനിമോൾ ജോർജിനെ MBBS, DA, DNB, Fellow ( NeuroOrtho Anesthesia) പുതുതായി നിയമിച്ച് പ്രസ്തുത വിഭാഗം വിപുലീകരിച്ചു.

**ഫാ. ജെയിംസ് പി. കുന്നത്ത്**
അസി. ഡയറക്ടർ

**ഫാ. തോമസ് മംഗലത്ത്**
ഡയറക്ടർ

# പ്രവാസി അപ്പോസ്തലേറ്റ്
## PRAVASI APOSTOLATE

പ്രിയ പ്രവാസി സഹോദരങ്ങളെ,

പ്രവാസി അപ്പോസ്തലേറ്റിൽ നിന്നും പ്രാർത്ഥനകളും ആശംസകളും. പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ടുപോകുന്നുവെന്നറിയിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. പ്രവാസദിനമായ ജനുവരി 9-ാം തീയതി പ്രവാസ ദിനത്തിന്റെ മംഗളങ്ങൾ നേർന്നുകൊണ്ടുള്ള ആശംസകൾ എല്ലാ പ്രവാസികളെയും WhatsApp ലൂടെ അറിയിച്ചു. ഡയറക്ടർ ഫാ. റ്റെജി പുതുവീട്ടിൽക്കളം ഇതുവരെയുള്ള പ്രവർത്തനങ്ങളും അനുഭവസമ്പത്തും റേഡിയോ മീഡിയാവില്ലേജ് FM ലൂടെ രാത്രി 8 മുതൽ 10 വരെ പങ്കുവച്ചു. കേരള സർക്കാർ പ്രവാസികൾക്കുവേണ്ടി നടപ്പിലാക്കുന്ന നോർക്ക പ്രവാസി രക്ഷാ ഇൻഷ്വറൻസ് പോളിസിയെക്കുറിച്ചുള്ള വിശദാംശങ്ങൾ WhatsApp ലൂടെ എല്ലാ പ്രവാസികളെയും അറിയിച്ചു.

യുവജനങ്ങളുടെ വിദ്യാഭ്യാസവും ക്ഷേമവും മുന്നിൽ കണ്ടുകൊണ്ട് 'Little Star Operations' എന്ന പുതിയ സംരംഭം ആരംഭിച്ചു. നമ്മുടെ അതിരൂപതയിലെ യുവതീ-യുവാക്കളെ 'civil service' പരീക്ഷയ്ക്ക് പ്രോത്സാഹിപ്പിക്കുകയും സജ്ജരാക്കുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സ്കോളർഷിപ്പ് സൗകര്യം ഒരുക്കുന്നതിനും ഈ പ്രസ്ഥാനം ആഗ്രഹിക്കുന്നു. ഇതേക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ pravasiapostolate.blogspot.com എന്ന blog-ൽ ലഭ്യമാണ്.

### യൂ ട്യൂബ് ചാനൽ

ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള വാർത്തകൾ എല്ലാ ശനിയാഴ്ചയും സംപ്രേക്ഷണം ചെയ്യുന്നു.

### വീഡിയോ കോൺഫറൻസ്

വിവിധ വിദേശരാജ്യങ്ങളിലെ പ്രതിനിധികളുമായി എല്ലാ വെള്ളിയാഴ്ചയും മീറ്റിംഗുകൾ നടത്തുന്നുണ്ട്.

### അനുശോചനം

സൗദി അറേബ്യയിൽ നിര്യാതയായ ബെസ്സി മാത്യു (പൂവത്താനത്ത്, മാടപ്പള്ളി) വിന്റെ മാടപ്പള്ളിയിലുള്ള ഭവനം സന്ദർശിച്ച് ഡയറക്ടറച്ചനും എക്സിക്യൂട്ടീവ് അംഗങ്ങളും ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

ഒമാനിൽ വാഹനാപകടത്തിൽ മരണപ്പെട്ട ആൽവിൻ വർഗ്ഗീസിന്റെ (കാഞ്ഞിരത്തുമ്മൂട്ടിൽ, കൂത്രപ്പള്ളി) കൂത്രപ്പള്ളിയിൽ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

### ഇസ്രേയലിൽ ക്രിസ്തുമസ്സ് പുതുവർഷ പരിപാടികൾ

ചങ്ങനാശേരി അതിരൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ

ഡിസംബർ 26 ശനിയാഴ്ച വൈകിട്ട് ക്രിസ്തുമസ്സ് പുതുവർഷാഘോഷങ്ങൾ ഓൺലൈൻ ആയി നടത്തപ്പെട്ടു. ഡയറക്ടർ ഫാ. റെജി പുതുവീട്ടിക്കളത്തിന്റെ അധ്യക്ഷതയിൽ കൂടിയ പരിപാടിയിൽ ജസ്വിൻ സ്വാഗതവും അസിസ്റ്റന്റ് കോഡിനേറ്റർ ലിൻസി മാത്യു കൃതജ്ഞതയും പറഞ്ഞു. ചങ്ങനാശേരി അതിരൂപത ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം പിതാവ് പരിപാടി ഉദ്ഘാടനം ചെയ്തു.

## ജിംഗിൾ ബെൽസ് 20-20 ഗ്രാന്റ് ഫിനാലെ

ചങ്ങനാശേരി അതിരൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ ക്രിസ്തുമസ്സ്-പുതുവർഷാഘോഷം അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനം ചെയ്തു. ലോകത്തിന്റെ പ്രകാശമായ മിശിഹായോടൊപ്പം ചേർന്നുകൊണ്ട് ലോകത്തെ പ്രകാശിപ്പിക്കുവാൻ തയ്യാറാകണം എന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. വിവിധ രാജ്യങ്ങളിൽ വസിക്കുന്നു എങ്കിലും ഈശോയിലുള്ള വിശ്വാസത്താൽ നാം ഒന്നായി തീർന്നുകൊണ്ട് നന്മയുടെ വക്താക്കൾ ആകണമെന്നും പിതാവ് ഓർമിപ്പിച്ചു.

അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ പിതാവ്, ബംഗ്ലാദേശിലെ വത്തിക്കാൻ പ്രതിനിധി ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോർജ് കോച്ചേരി എന്നിവർ ക്രിസ്തുമസ്സ് - നവവത്സര സന്ദേശങ്ങൾ നൽകി. ഓരോ രാജ്യങ്ങളുടെയും പ്രതിനിധികൾ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. ജനുവരി 2-ാം തീയതി ശനിയാഴ്ച വൈകുന്നേരം നടന്ന ഓൺലൈൻ സമ്മേളനത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള കലാ പരിപാടികൾ ഉണ്ടായിരുന്നു.

ക്രിസ്തുമസിനോട് അനുബന്ധിച്ച് നടത്തിയ ജിംഗിൾ ബെൽസ് 2020 മത്സരവിജയികളെ പ്രസ്തുത സമ്മേളനത്തിൽ വച്ച് പ്രഖ്യാപിച്ചു. നൊസ്റ്റാൾജിയ നോട്ട് മത്സരത്തിൽ ആഫ്രിക്കയിൽ നിന്നുള്ള സിസ്റ്റർ റോസ്മി ചക്കാംതറ ഒന്നാം സ്ഥാനം കരസ്ഥമാക്കി. സൗദിയിൽനിന്നുള്ള സജീവ് ആന്റണി രണ്ടാം സ്ഥാനം നേടിയപ്പോൾ ഇന്ത്യയിൽ നിന്നുള്ള സോഫിയ തോമസും ഇസ്രായേലിൽ നിന്നുള്ള ഷൈനി ബാബുവും മൂന്നാം സ്ഥാനം പങ്കിട്ടു. ഫോട്ടോഗ്രാഫി മത്സരത്തിൽ ജോജി വർഗീസ് ഒമാൻ, മോൻസി ജോസഫ് ഒമാൻ, മരീന ജോസഫ് കുവൈറ്റ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. കരോൾഗാനമത്സരത്തിൽ ഒമാനിൽ നിന്നുള്ള ജെൻസി ജോബനും ടീമും ഒന്നാം സമ്മാനം നേടിയപ്പോൾ രണ്ടും മൂന്നും സമ്മാനങ്ങൾ, കുവൈറ്റിൽ നിന്നുള്ള ഏഞ്ചലാ ട്രീസ സിന്നിയും, യു.എ.ഇ യിൽ നിന്നുള്ള കെ.ജെ ബേബിച്ചനും നേടി. വിവിധ രാജ്യങ്ങളിലെ ചങ്ങനാശേരി അതിരൂപതക്കാർക്ക് ഒന്നിച്ചു കൂടുവാൻ ഒരു വേദിയായി തീർന്നു ജിംഗിൾ ബെൽസ് 2020, ഗ്രാന്റ് ഫിനാലെ. ഡയറക്ടർ ഫാ. റെജി പുതുവീട്ടിൽക്കളം അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഷെവ. സിബി വാണിയപ്പുരക്കൽ സ്വാഗതവും യു.എ.ഇ കോർഡിനേറ്ററായ ജോ കാവാലം കൃതജ്ഞതയും പറഞ്ഞു. മാർട്ടിൻ മുരിങ്ങവന (ഒമാൻ), രാജേഷ് കൂത്രപ്പള്ളി (കുവൈറ്റ്) സോളിമ്മ തോമസ് (ഇസ്രായേൽ) തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

*ശേഷം പേജ് 60 ൽ.....»*

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

പകലിന് യോജിച്ചവിധം നമുക്ക് പെരുമാറാം സുഖലോലുപതയിലോ, മദ്യലഹരിയിലോ, അവിഹിതവേഴ്ചകളിലോ, വിഷയാസക്തിയിലോ, കലഹങ്ങളിലോ, അസൂയയിലോ വ്യാപരിക്കരുത് (റോമ 13:13).

മദ്യമയക്കുമരുന്ന് ലഹരികളിൽ തകർന്നടിയുന്ന കുടുംബങ്ങൾ ഇന്ന് നിരവധിയാണ്. ഭാവിതലമുറയെ നല്ലരീതിയിൽ വളർത്തുവാൻ തടസമായി നിൽക്കുന്ന ഈ വിപത്തിനെതിരെ ശക്തമായി പ്രതിഷേധിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മദ്യത്തിനെതിരെ ബോധവത്ക്കരണ നടപടികൾ സ്വീകരിക്കുവാൻ നാം തയ്യാറാകണം മദ്യാസക്തിക്കെതിരെ രാഷ്ട്രീയ, സാമൂഹിക, ജാതി-മത ചിന്തകൾക്ക് അതീതമായി നാം ഉണരാൻ സമയമായി ഒറ്റക്കെട്ടായി നമുക്ക് പ്രവർത്തിക്കാം. നല്ല തലമുറയെ ഈ ലോകത്തിന് നല്കാൻ കൈകോർക്കാം...

**ഫാ. ജോസ് പുത്തൻചിറ**

## ആദരാഞ്ജലികൾ

കെ.സി.ബി.സി. മദ്യവിരുദ്ധസമതി ചങ്ങനാശേരി അതിരൂപതയുടെ ഭാരവാഹിയും, ചങ്ങനാശേരി കത്തീഡ്രൽ ഇടവകാംഗവുമായ ശ്രീ. ജിജി പേരകശ്ശേരിക്ക് ആദരാഞ്ജലി അർപ്പിക്കുന്നു. അതിരൂപത സമിതിയുടെയും കെ.സി. ബി.സി മദ്യവിരുദ്ധ സമതിയുടെയും ആത്മതാകേന്ദ്രത്തിന്റെയും അനുശോചനവും പ്രാർത്ഥനയും നേരുന്നു.

## ഹോമിയോ ചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി വിവിധ സ്ഥലങ്ങളിൽ ലഹരിവസ്തു ദുരുപയോഗത്തിനെതിരായ ഹോമിയോ ചികിത്സ നിർവ്വഹിച്ചു വരുന്നു. ചൊവ്വാഴ്ച തത്തംപള്ളിയിലും, ബുധനാഴ്ച ഇരവുചിറയിലും, വ്യാഴാഴ്ച അതിരമ്പുഴയിലും, വെള്ളിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ആണ് ചികിത്സ നല്കി വരുന്നത്. വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ ആണ് ചികിത്സ. മിതമായ നിരക്കിൽ നടത്തുന്നത്. പരമാവധി പ്രയോജനം എടുക്കുവാൻ ഏവർക്കും അവസരം.

# കത്തോലിക്കാ കോൺഗ്രസ്
## AKCC

സംസ്ഥാന ന്യൂനപക്ഷ വകുപ്പിലെ അനീതി നിറഞ്ഞ അശാസ്ത്രീയ അനുപാതക്രമത്തിലുള്ള ആനുകുല്യ വിതരണം അവസാനിപ്പിക്കുന്നതിന് സർക്കാർ ഉത്തരവും തുടർനടപടികളും അടിയന്തിരമായി ഉണ്ടാകണമെന്ന് കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത സമിതി. ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ നീതി നിഷേധത്തിനെതിരെ തിരുവനന്തപുരം സെക്രട്ടറിയേറ്റ് പടിക്കൽ നടത്തിയ ഉപവാസ സമരം തിരുവനന്തപുരം ലൂർദ് ഫൊറോനാ വികാരി ഫാ. മോർളി കൈതപ്പറമ്പിൽ ഉത്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് അതിരൂപത പ്രസിഡന്റ് വർഗീസ് ആന്റണി കളത്തിൽ, ജനറൽ സെക്രട്ടറി രാജേഷ് ജോൺ നന്തികാട്ട്, അതിരൂപത ഭാരവാഹികളായ തങ്കച്ചൻ പൊൻമാങ്കൽ, ടോണി ജെ. കോയിത്തറ, ജേക്കബ് നിക്കോളാസ്, അഡ്വ. റക്സ് ജേക്കബ്, വി.സി. വിൽസൺ, തോമസ് കാലാപ്പറമ്പിൽ, പ്രൊഫ. ജോസഫ് തലപ്പള്ളി, സന്തോഷ് പാലക്കുഴ, ബാബു കിഴക്കേപ്പുറം, അച്ചൻകുഞ്ഞ് എന്നിവർ ഉപവാസ സമരത്തിന് നേതൃത്വം നല്കി. പൊതുഭരണ വകുപ്പിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ള 80:20 എന്ന അനുപാതക്രമം അവസാനിപ്പിക്കുന്നതിന് സർക്കാരാണ് ഉത്തരവിടേണ്ടത്. മുഖ്യ ന്യൂനപക്ഷ വിഭാഗത്തിന് ആനുകൂല്യങ്ങൾ 80% ലഭിക്കുന്നതിന് ആധാരമായ സർക്കാർ ഉത്തരവ് പുന:പരിശോധിക്കണമെന്നും, തുല്യനീതി ലഭ്യമാക്കണമെന്നും ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ പുതിയതായി ആരംഭിക്കുക, ന്യൂനപക്ഷ കമ്മീഷൻ ചെയർമാനും, കമ്മീഷൻ അംഗങ്ങളും വ്യത്യസ്ത വിഭാഗങ്ങളിൽ നിന്നും ആക്കുന്നതിന് നിയമ ഭേദഗതി ഉണ്ടാകണമെന്നും കത്തോലിക്കാ കോൺഗ്രസ് ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച് നിവേദനം മുഖ്യമന്ത്രിക്കും, ന്യൂനപക്ഷ ക്ഷേമ മന്ത്രിക്കും നല്കിയതായി ഭാരവാഹികൾ അറിയിച്ചു.

കത്തോലിക്കാ കോൺഗ്രസ് എക്സിക്യൂട്ടീവ് യോഗം zoomൽ ചേർന്നു. അതിരൂപത പ്രസിഡന്റ് വർഗീസ് ആന്റണിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന് ജനറൽ സെക്രട്ടറി രാജേഷ് ജോൺ സ്വാഗതം ആശംസിച്ചു. ഡൽഹിയിൽ നടക്കുന്ന കർഷക സമരത്തിന് പിന്തുണ അറിയിച്ചുകൊണ്ട് സമരപരിപാടികൾ നടത്തുവാൻ യോഗം തീരുമാനിച്ചു. എല്ലാ യൂണിറ്റുകളിലും കൃത്യസമയത്ത് ഇലക്ഷൻ നടത്തുവാൻവേണ്ട ക്രമീകരണങ്ങൾ അതാത് ഫൊറോനായിൽ നിന്നുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ ചെയ്യണമെന്ന് യോഗം നിർദേശിച്ചു. ഉപകൃർത്തും യൂണിറ്റ് ട്രഷററുമായ ശ്രീ. ജിജി പേരകശേരിയുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ട്രഷറർ ശ്രീ. സിബി മുക്കാടൻ യോഗത്തിന് നന്ദി അർപ്പിച്ചു

| | | |
|---|---|---|
| **വർഗീസ് ആന്റണി** | **ഫാ. ജോസ് മുകളേൽ** | **രാജേഷ് ജോൺ** |
| (പ്രസിഡന്റ്) | (ഡയറക്ടർ) | (ജനറൽ സെക്രട്ടറി) |

# ദലിത് കത്തോലിക്കാ മഹാജനസഭ
## DCMS

### സമ്പൂർണ്ണ കുടുംബ സർവ്വേ

ചങ്ങനാശേരി അതിരൂപതയിലെ ദലിത് കത്തോലിക്കരുടെ സമ്പൂർണ്ണ കുടുംബസർവ്വേ ശേഖരിക്കുന്നതിന്റെ ഭാഗമായി 1-ാം ഘട്ടം ഫൊറോനാ അടിസ്ഥാനത്തിൽ കുടുംബങ്ങളുടെ എണ്ണം ശേഖരിച്ചു.

രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥ മനസ്സിലാക്കുന്നതിന് ന്യൂനപക്ഷകമ്മീഷൻ നടത്തുന്ന പഠനത്തിൽ ദലിത് കത്തോലിക്കരുടെ സമ്പൂർണ്ണ സർവ്വേ സമർപ്പിക്കുന്നതിന് അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം അതിരൂപതയിലെ മുഴുവൻ ദലിത് കത്തോലിക്കരുടെയും സമ്പൂർണ്ണ സർവ്വേ നടത്തുന്നതിന് DCMS ചുമതലയിൽ ബഹു. DCMS ഡയറക്ടറുടെ നേതൃത്വത്തിൽ ബഹു. ഇടവക വികാരിയച്ചന്മാരുടെ സഹകരണത്തോടെ 2021 ഫെബ്രുവരി മാസം 21, 28 തീയതികളിൽ യുവജനങ്ങൾ അടങ്ങുന്ന ടീം ഇടവകകൾ സന്ദർശിച്ച് സർവ്വേ എടുക്കുന്നതിന് തീരുമാനിച്ചു.

### ക്ഷേമനിധി

അതിരൂപതയിലെ ദലിത് കത്തോലിക്കരുടെ വികസനവും ക്ഷേമവും ലക്ഷ്യമാക്കി നടപ്പിലാക്കിയ ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക ദലിത് കത്തോലിക്കാ ക്ഷേമനിധി 1994 ൽ ആരംഭിച്ചു. 1997 മുതൽ പ്രാബല്യത്തിൽവന്ന ക്ഷേമനിധിയുടെ ഇപ്പോഴത്തെ സ്ഥിതി അറിയുന്നതിനും ക്ഷേമനിധി നിയമാവലി പരിഷ്ക്കരിക്കുന്നതിനും ഭരണസമിതി കമ്മറ്റി കൂടുന്നതിനും പുതിയ ഭരണ സമിതി അംഗങ്ങളെ നിയമിക്കുന്നതിനും അഭിവന്ദ്യ പിതാവിനും കൂരിയയ്ക്കും അപേക്ഷ സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

### വിദ്യാജ്യോതി ഫണ്ട്

അതിരൂപതയിലെ DCMS കുടുംബങ്ങളിലെ ഉന്നതവും സാങ്കേതികവുമായ വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടുകൂടി 2006-ൽ ആരംഭിച്ച വിദ്യാജ്യോതി എന്ന ഫണ്ട് നാം ലക്ഷ്യംവച്ച 1 കോടിരൂപയിൽ 10 ലക്ഷം എന്ന നമ്മുടെ വിഹിതം ഇതുവരെയും ലഭിക്കാത്തതിനാൽ പദ്ധതി നിർത്തലാക്കി സമാഹരിച്ച തുക അംഗങ്ങൾക്ക് തിരികെ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഓരോ യൂണിറ്റിൽനിന്നും സമാഹരിച്ച തുക, അംഗങ്ങളുടെ ലിസ്റ്റ്, പാസ്ബുക്ക് സഹിതം ബഹു. ഇടവക വികാരിയച്ചന്മാരെ (ഡയറക്ടർ) ഏല്പിച്ചശേഷം തുക കൈപ്പറ്റാവുന്നതാണ്.

### DCMS യൂണിറ്റ് സന്ദർശനം

ബഹു. DCMS അതിരൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ അതിരൂപതയിൽ

***ശേഷം പേജ് 61 ൽ.....»***

പ്രിയ സഹോദരരേ,

നാം ആരാധനാവർഷത്തിലെ നോമ്പുകാലത്തിലേയ്ക്ക് പ്രവേശിക്കുകയാണല്ലോ. ലോകരക്ഷയ്ക്കുവേണ്ടിയുള്ള ഈശോയുടെ പീഡാനുഭവം മരണം, ഉയിർപ്പ്, ഒരുക്കം എന്നിവ ധ്യാനവിഷയമാക്കിക്കൊണ്ട് ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവുംവഴി സഹനജീവിതത്തോടു യോജിച്ചുകൊണ്ട് ആത്മവിശുദ്ധീകരണത്തിനായി പ്രയത്നിക്കാൻ തിരുസഭ ഈ കാലം പ്രത്യേകമായി മാറ്റിവച്ചിരിക്കുന്നു.

ഫിലിപ്പി 1:28-29 'നിങ്ങളുടെ എതിരാളിൽ നിന്നുണ്ടാകുന്ന യാതൊന്നിനേയും ഭയപ്പെടേണ്ട ദൈവത്തിൽ നിന്നുള്ള അടയാളമാണത്. അവർക്കു നാശത്തിന്റേയും നിങ്ങൾക്കു രക്ഷയുടേയും ക്രിസ്തുവിൽ വിശ്വസിക്കാൻ മാത്രമല്ല അവനുവേണ്ടി സഹിക്കാൻ കൂടിയുള്ള അനുഗ്രഹം അവനെപ്രതി നിങ്ങൾക്കു ലഭിച്ചിരിക്കുന്നു.' ഒരു ക്രിസ്ത്യാനിക്കു ലഭിക്കുന്ന വേദനകൾ അവന് അനുഗ്രഹമായി ഭവിക്കുന്നു. വേദനകൾക്കും നന്ദിപറയാൻ പഠിക്കണം.

മദ്ധ്യശതകങ്ങളിൽ പ്രത്യേകിച്ച് 12-13 നൂറ്റാണ്ടുകളെ സുവർണ്ണ നിമിഷങ്ങളാക്കി തന്റെ ജീവിതം കർത്താവിനു സമർപ്പിച്ച്, ദൈവേഷ്ടം അനുസരിച്ച് തന്റേയും മറ്റുള്ളവരുടേയും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി വളരെ ത്യാഗങ്ങൾ സഹിച്ചു ജീവിച്ച വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ജീവിതം ലോകത്തിനു മുഴുവൻ മാതൃകയായി, ദൈവസ്നേഹത്തേയും കർത്താവിന്റെ പീഡാനുഭവങ്ങളേയും അന്വേഷിച്ചറിഞ്ഞ് ക്രൂശിതനായ കർത്താവിന്റെ സകല വേദനകളും തന്റേതുകൂടി ആക്കാൻ മരണംവരെ പരിശ്രമിക്കുകയും ചെയ്തു. തന്റെ ആത്മാവിന്റെ വില അറിഞ്ഞ നിമിഷംമുതൽ അതു നേടുവാൻ ദൈവേഷ്ടം അനുസരിച്ചു ജീവിക്കുവാൻ തന്റെ ശരീരത്തെ മുഖ്യശത്രുവായി കരുതി ഈ ലോകത്തിലെ സകല സൗഭാഗ്യങ്ങളും ഉപേക്ഷിച്ചു. ദാരിദ്ര്യത്തെ സഹോദരിയായി സ്വീകരിച്ചു മരണംവരെ ഞാൻ പാപിയാണെന്നുള്ള ബോദ്ധ്യത്താൽ ജീവിച്ചു. വന്നുചേർന്ന നിന്ദനങ്ങളും പരിഹാസങ്ങളും രോഗങ്ങളും വേദനകളും ദൈവദാനമായി സ്വീകരിച്ചു. ഏറ്റവും വേദനയാർന്ന പഞ്ചക്ഷതങ്ങൾ ചോദിച്ചുവാങ്ങി സ്വീകരിച്ചു. സകല വേദനകളും പരലോകത്തിൽ തനിക്കു ശിക്ഷ ലഭിക്കാതിരിക്കുന്നതിന് ദൈവം തനിക്കു തരുന്ന പാപപരിഹാരമായി കരുതി സ്വീകരിച്ച് ദൈവത്തിനു നന്ദിപറഞ്ഞു സന്തോഷിച്ചു. അന്ത്യനാളുകളിൽ രോഗങ്ങളും വേദനകളും മൂർച്ഛിച്ച് മരണം അടുത്തപ്പോൾ ക്രൂശിതനായ ദൈവത്തോടു താദാത്മ്യം പ്രാപിക്കാൻ തന്നെ പൂർണ്ണ നഗ്നനാക്കി തറയിൽ കിടത്താൻ ശിഷ്യരോട് ആവശ്യപ്പെട്ടു.

മരണത്തെ സഹോദരീ എന്നു വിളിച്ച് സൂര്യകീർത്തനം പാടിക്കേട്ട് സന്തോഷ ത്തോടുകൂടി മരണംവരിച്ചു!

ജീവിതകാലം മുഴുവൻ പാപപരിഹാരം ചെയ്ത് വേദനകൾക്കു നന്ദിപറഞ്ഞ ഏക വിശുദ്ധന്റെ അനുയായികളായ നമുക്കും ജീവിതകാലം മുഴുവൻ ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി പാപബോധവും പശ്ചാത്താപവും കർത്താവിനോടു ചോദിച്ചുവാങ്ങി അനുരഞ്ജനപ്പെട്ട് നമ്മുടെ വിശുദ്ധന്റെ പാത പിൻതുടർന്ന് ദൈവരാജ്യത്തിനുവേണ്ടി പ്രയത്നിച്ച് പുതിയ ഉയർപ്പിനായി കാത്തിരിക്കാം. ഈ നോമ്പുകാലം മുതൽ എല്ലാറ്റിനും ദൈവത്തിനു നന്ദി പറയുന്ന പുതിയ ജീവിതമാക്കാം. എല്ലാവർക്കും സമാധാനവും സൗഭാഗ്യവും നേരുന്നു.

## നിര്യാതരായി

വാഴപ്പള്ളി ഗദ്സമ്നി ആശ്രമ ഭ്രാതൃത്വാംഗം ശ്രീമതി ത്രേസ്യാമ്മ ജോബ് കല്ലുകളം, എടത്വാ സെന്റ് ജോർജ് ഭ്രാതൃത്വാംഗം ശ്രീമതി അന്നമ്മ മാത്യു മുണ്ടുവേലിൽ എന്നിവർ നിര്യാതരായി. പരേതർക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. അവർക്ക് നിത്യശാന്തി ലഭിക്കട്ടെ.

**ബ്ര. അലക്സ് വലിയപറമ്പിൽ**
അതിരൂപത പ്രസിഡന്റ്

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap.
SFO അതിരൂപത സ്പിരിച്ചൽ അസിസ്റ്റന്റ്

---

***കേരള ലേബർ മൂവ്മെന്റ് തുടർച്ച.....»***

മുഖ്യത്തിൽ ജനുവരി മാസം 9–ാം തീയതി പുളിങ്കുന്ന് ജങ്കാർ കടവിൽ ഉപവാസ സമരം നടത്തി. രാവിലെ 10ന് ആരംഭിച്ച് സമ്മേളനത്തിൽ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജോസ് പുത്തൻചിറ സമാപനസന്ദേശം നൽകി. നിരവധി രാഷ്ട്രീയ മത നേതാക്കൾ പങ്കെടുത്ത് ആശംസകൾ നൽകി. ഫാ. സെബാസ്റ്റ്യൻ മാമ്പ്ര, ശ്രീ. സണ്ണി അഞ്ചിൽ, ശ്രീ. ജോളി നാല്പതാംകളം, ശ്രീ. സോബിച്ചൻ എന്നിവർ ഉപവാസമനുഷ്ഠിച്ചു.

## കർഷകർക്ക് ഐക്യദാർഢ്യം

കേന്ദ്രഗവൺമെന്റ് പാസാക്കിയ പുതിയ കാർഷിക ബില്ലുകളിൽ പ്രതിഷേധിച്ച് കർഷകർ നടത്തിവരുന്ന സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പാറേൽ സെന്റ് മേരീസ് യൂണിറ്റ്, തോട്ടയ്ക്കാട് യൂണിറ്റ് എന്നിവിടങ്ങളിൽ ധർണ്ണ നടത്തി.

*"ദരിദ്രരോടു ദയ കാണിക്കുന്നവൻ ഭാഗ്യവാൻ. കഷ്ടതയുടെ നാളുകളിൽ കർത്താവ് അവനെ രക്ഷിക്കും"* (സങ്കീ. 41:1).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

2021 ന്റെ തുടക്കം നമുക്ക് പുതിയ പ്രതീക്ഷകൾ നല്കുകയാണ്. സാധാരണ ജീവിതത്തിലേയ്ക്ക് ഉടനെ തിരിച്ചുവരാനാകും എന്ന വിശ്വാസം വേഗം സഫലീകൃതമാകട്ടെ എന്നു പ്രാർത്ഥിക്കാം. സഭയുടെ വിശ്വാസത്തിന്റെ കാതലായ മിശിഹായുടെ ഉത്ഥാനം ആഘോഷിക്കുവാൻ തയ്യാറാകുന്ന നോമ്പുകാലത്തേക്കു നാം പ്രവേശിക്കുകയാണല്ലോ. ഭൂമിയിൽ ദൈവകൃപ ലഭ്യമാക്കുന്ന പ്രാർത്ഥനയ്ക്കും, പരിത്യാഗത്തിനും, പ്രായശ്ചിത്ത പ്രവൃത്തികൾക്കും, ദാനധർമ്മത്തിനും പ്രത്യേകമായ പ്രാധാന്യം കൊടുക്കുന്ന കാലഘട്ടമാണല്ലോ നോമ്പുകാലം. ഫലപ്രദമായ ഒരു നോമ്പുകാലം നമുക്കു സാധ്യമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. നമുക്കു മുൻപേ കടന്നുപോയ വിൻസെൻഷ്യൻ പ്രവർത്തകർ സഭാജീവിതത്തിലും കൗദാശിക ജീവിതത്തിലും കാരുണ്യപ്രവൃത്തികളിലും പുലർത്തിയിരുന്ന ഔന്നിത്യമാണ് നമ്മുടെ പ്രസ്ഥാനത്തിന്റെ സ്വീകാര്യതയ്ക്കും വളർച്ചയ്ക്കും കാരണമായത്. ഈ മാതൃക പിന്തുടരാനും വളരുന്ന തലമുറയ്ക്കു പ്രചോദനമാകാനും നമുക്കും കഴിയണം. ദൈവവുമായുള്ള ബന്ധത്തിൽ വളരുവാൻ നമ്മെ പ്രചോദിപ്പിക്കുന്ന പ്രധാന ഘടകമാണല്ലോ പ്രാർത്ഥന. നിശ്ശബ്ദതയിൽ ദൈവത്തോടു സംസാരിക്കുവാനും, ദൈവഹിതത്തിനു നമ്മെത്തന്നെ വിധേയരാക്കുന്നതിനും ദൈവത്തിന്റെ കരുതൽ അനുഭവിക്കുന്നതിനും പ്രാർത്ഥന നമുക്ക് അവസരം ഒരുക്കുന്നു. പ്രാർത്ഥനയ്ക്കൊപ്പം ഉപവാസത്തിനും പ്രാധാന്യമുള്ള നോമ്പുകാലത്ത് ദൈവത്തോടുകൂടെ ആയിരിക്കുവാൻ, പാദാന്തികത്തിലിരുന്ന് അവനെ കേൾക്കുവാൻ കൂടുതൽ സമയം കണ്ടെത്തുവാൻ നമുക്കു സാധിക്കണം. സീനായ് മലയിൽ 40 ദിവസം ഉപവസിച്ചു പ്രാർത്ഥിച്ച മോശയും തന്റെ പരസ്യജീവിതത്തിനു മുന്നോടിയായി 40 ദിവസം മരുഭൂമിയിൽ ഉപവസിച്ചു പ്രാർത്ഥിച്ച ഈശോയും ദൈവാനുഭവം സ്വന്തമാക്കുന്നതിൽ പ്രാർത്ഥനയ്ക്കും ഉപവാസത്തിനുമുള്ള പ്രാധാന്യം നമുക്ക് വ്യക്തമാക്കിത്തരുന്നു. ദൈവത്തെ സ്വന്തമാക്കുവാനും ദൈവത്തിനു കൂടുതൽ ഇടം നല്കുവാനും ചിലതൊക്കെ ത്യജിക്കേണ്ടിവരുമ്പോൾ ഉപവാസം അർത്ഥവത്താകുന്നു. പ്രാർത്ഥനയിലും ഉപവാസത്തിലുംനിന്ന് ലഭിക്കുന്ന ഊർജമാവണം നമ്മുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കേണ്ടത്. ജീവകാരുണ്യപ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലമാക്കാനും നമുക്കു സാധിക്കണം. ഇപ്പോഴത്തെ പരിമിതികൾക്കു നടുവിലും സാധുക്കൾക്കായി ഭവനങ്ങൾ നിർമ്മിച്ചു നല്കിയ കൂത്രപ്പള്ളി സെന്റ് മാവുരൂസ് കോൺഫറൻസ്, അയർക്കുന്നം സെന്റ് അൽഫോൻസാ വനിതാ കോൺഫറൻസ് പ്രവർത്തകരെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

ഇത്തവണത്തെ നോമ്പാചരണത്തിൽ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേക നിയോഗമായി ലോകമാസകലം പീഡയനുഭവിക്കുന്ന ക്രൈസ്തവസഹോദരങ്ങളെ സമർപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. 2020 ൽ മുപ്പതു കോടിയിലേറെ ക്രൈസ്തവർ വിവിധ രാജ്യങ്ങളിലായി പലവിധമായ ആക്രമണങ്ങൾക്കു വിധേയരായതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ക്രൈസ്തവ ദൈവാലയങ്ങളും സ്ഥാപനങ്ങളും തകർക്കുക, നിർബന്ധമായ മതപരിവർത്തനത്തിനു വിധേയരാക്കുക, അന്യായമായി തടവിൽ പാർപ്പിക്കുക, വിശ്വാസം ത്യജിക്കാൻ വിസമ്മതിക്കുന്നവരെ നിഷ്ഠൂരമായി വധിക്കുക, വസ്തുവകകൾ നശിപ്പിക്കുക തുടങ്ങി എല്ലാ രീതികളിലും ക്രൈസ്തവർ നിരന്തരമായി ആക്രമിക്കപ്പെടുന്നു. അവരുടെ സഹനങ്ങളിൽ പ്രാർത്ഥനയിലൂടെ അവർക്കൊപ്പം നമുക്കു നില്ക്കാൻ സാധിക്കട്ടെ.

നമ്മുടെ സോണൽ മീറ്റിംഗുകൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. പ്രധാനമായും നമ്മുടെ കണക്കുകളുടെ സുതാര്യതയും സൂക്ഷിപ്പുമാണ് ഈ മീറ്റിംഗുകളിൽ ചർച്ച ചെയ്യപ്പെടുന്നത്. കോൺഫറൻസുകൾ തങ്ങളുടെ വരവുചെലവുകണക്കുകൾ കൃത്യമായും വ്യക്തമായും സൂക്ഷിക്കണം. ടിന്നേജ് ലഭിക്കുന്ന കോൺഫറൻസുകൾ ഇതിന്റെ കണക്കുകൾ പ്രത്യേകമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കണം. വരവുചെലവുകളെക്കുറിച്ചും കോൺഫറൻസ് നല്കുന്ന സഹായങ്ങളെക്കുറിച്ചും എല്ലാ അംഗങ്ങൾക്കും വ്യക്തത ഉണ്ടാവണം. നിയമാവലിയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന രീതിയിൽ കണക്കുകൾ ഓഡിറ്റ് ചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്. തങ്ങളുടെ പരിധിയിലുള്ള കോൺഫറൻസുകളുടെ കണക്കുകൾ ഏരിയാ കൗൺസിൽ ഭാരവാഹികൾ പരിശോധിച്ച് ഇക്കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതുമാണ്.

ഈശോയിൽ സ്നേഹപൂർവ്വം,

**ബ്ര. തോമസ് ടി മൂലയിൽ**
സി.സി. പ്രസിഡന്റ്

---

*പ്രവാസി അപ്പോസ്തലേറ്റ് തുടർച്ച.....»*

## സഭാ വിരുദ്ധ സംഘങ്ങളും നിലപാടുകളും

ചങ്ങനാശേരി അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ ജനുവരി 15 വെള്ളിയാഴ്ച വൈകിട്ട് ഇന്ത്യൻ സമയം 8 മണിക്ക് 'കാലഘട്ടത്തിലെ സഭാ വിരുദ്ധ സംഘങ്ങളും നിലപാടുകളും' എന്ന വിഷയത്തെ ആധാരമാക്കി ഒരു വെബ്ബിനാർ നടത്തപ്പെട്ടു. കെസിബിസി മാധ്യമ കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പാംബ്ലാനി പിതാവ് മുഖ്യ പ്രഭാഷണവും പെരിയ ബഹു. ഫാ. മാണി പുതിയിടം ആമുഖ പ്രഭാഷണവും നടത്തി. ഡയറക്ടർ ഫാ. റെജി പുതുവീട്ടിൽക്കളം സ്വാഗതവും, യു.എ.ഇ സ്റ്റഡി സർക്കിൾ കോർഡിനേറ്റർ ബിജു മാത്യു മട്ടാഞ്ചേരി നന്ദിയും പറഞ്ഞു.

**ഫാ. റെജി പുതുവീട്ടിൽക്കളം**
ഡയറക്ടർ

## അറിയിപ്പുകൾ

19-01-2021 ചൊവ്വാഴ്ച ബഹു. സർവീസ് ടീം മെമ്പർ ലില്ലിക്കുട്ടി തോമസ് ആയല്ലൂരിന്റെ ഭവനത്തിൽ, ബഹു. സോണൽ ആനിമേറ്റർ ഫാ. മാത്യു താന്നി യത്തിന്റെ അദ്ധ്യക്ഷതയിൽ സർവീസ് ടീം മീറ്റിംഗ് ചേരുകയുണ്ടായി.

ഫെബ്രുവരി 30-ാം തീയതി ആരംഭിക്കുന്ന L.S.S. ക്ലാസുകൾ സുഗമമായി നടത്ത പ്പെടുവാൻ എല്ലാ മെന്റേഴ്സിനും നിർദ്ദേശം നല്കണമെന്ന് നിശ്ചയിച്ചു.

സർവീസ് ടീം മീറ്റിംഗുകൾ മുടങ്ങാതെ എല്ലാ മാസവും ചേരണമെന്നും തീ രുമാനിച്ചു.

ബോക്സ് കളക്ഷൻ മുടങ്ങാതെ സംഭരിക്കുവാനും ശേഷിക്കുന്ന ബോക്സു കൾ എത്രയുംവേഗം വ്യക്തികളിൽ എത്തിച്ചുകൊടുക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ ട്രഷററെ ചുമതലപ്പെടുത്തി. സെൻട്രൽ ടീമിന്റെ സോണൽ സന്ദർശനത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ സർവീസ് ടീം തീരുമാന മെടുത്തു.

ബുധനാഴ്ച നടത്തപ്പെടുന്ന സോണൽ സർവീസ് ടീമിന്റെ നേതൃത്വത്തിലുള്ള പ്രാർത്ഥനാ കൂട്ടായ്മ ഗൂഗിൾ മീറ്റിലൂടെ മുടങ്ങാതെ നടക്കുന്നു.

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)

**മോൻ ചെത്തിമറ്റം**
(കോ-ഓർഡിനേറ്റർ)

---

*ഡിസിഎംഎസ് തുടർച്ച.....»*

ഇപ്പോൾ DCMS പ്രവർത്തിക്കുന്ന 37 യൂണിറ്റുകളും മുമ്പ് പ്രവർത്തിച്ചുകൊണ്ടി രുന്ന യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കുന്നതിനും 2021 മാർച്ചുമാസം മുതൽ യൂണിറ്റ്, ഫൊറോനാ, രൂപതാ തെരഞ്ഞെടുപ്പുകൾക്ക് അംഗങ്ങളെ സജ്ജമാ ക്കുന്നതിനും യൂണിറ്റു സന്ദർശനം ക്രമീകരിച്ചിരിക്കുന്നു. തീയതിയും സമ യവും ബഹു. യൂണിറ്റ് ഡയറക്ടറെ (വികാരിയച്ചന്മാരെ)യും, യൂണിറ്റ്-ഫൊറോ നാ ഭാരവാഹികളെയും വിവരങ്ങൾ അറിയിക്കുന്നതാണ്.

**മാത്യു ജോസഫ്**
(ജന. സെക്രട്ടറി)

**ഫാ. ജോൺസൺ ചാലയ്ക്കൽ**
(ഡയറക്ടർ)

കോവിഡ് പ്രതിസന്ധികളെ മറികടന്ന് 'ദീപിക തീവ്ര പ്രചാരണ പ്രവർത്തന ങ്ങൾക്ക്' ഇടവകതലങ്ങളിലും കുടുംബകൂട്ടായ്മ തലങ്ങളിലും ശക്തമായ നേതൃത്വം നൽകുന്ന ബഹു. വികാരിയച്ചന്മാർക്കും കുടുംബക്കൂട്ടായ്മ ലീഡേഴ്സിനും DFC പ്രവർത്തകർക്കും എല്ലാ അല്മായ നേതൃനിരയ്ക്കും ദീപിക വരിക്കാരായി സഹകരിക്കുന്ന എല്ലാ കുടുംബങ്ങൾക്കും പ്രത്യേകം നന്ദിപറയുന്നു. ദീപിക പ്രചാരണത്തെ ഉത്തേജിപ്പിക്കുവാനായി ഏറെ കർമ്മപദ്ധതികൾ ജനുവരിമാസം നടക്കുകയുണ്ടായി.

## 1. അഭിവന്ദ്യ പിതാക്കാന്മാരുമൊത്ത് ഫൊറോന വൈദിക സമ്മേളനങ്ങൾ

ഇടവകതലങ്ങളിലെ ദീപിക തീവ്രപ്രചാരണ പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കാനും ബഹു. വൈദികരുടെ വിലപ്പെട്ട നിർദ്ദേശങ്ങൾ സ്വീകരിക്കാനുമായി അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവും അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവുമൊത്ത് നടന്ന ഫൊറോന വൈദിക കോൺഫറൻസുകൾ ഏറെ ഹൃദ്യമായിരുന്നു. ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം, നെടുംകുന്നം, മണിമല, ആലപ്പുഴ, പുളിങ്കുന്ന്, ചമ്പക്കുളം, എടത്വ ഫൊറോനകളിലെ വൈദിക സമ്മേളനങ്ങൾ ഓൺലൈനായി പൂർത്തിയാക്കി. ബഹു. വൈദികരുടെ പൂർണ്ണമായ സാന്നിദ്ധ്യംകൊണ്ടും സജീവമായ പങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായിരുന്നു സമ്മേളനം. സമ്മേളനത്തിന് ദീപികയുടെ പ്രത്യേക ചുമതലയുള്ള വികാരി ജനറാൾ പെരി. ബഹു. ജോസഫ് വാണിയപുരയ്ക്കലച്ചൻ സ്വാഗതം പറഞ്ഞു. ഫൊറോന വികാരിമാരുടെ സന്ദേശവും ഡി.എഫ്.സി ഡയറക്ടേഴ്സിന്റെ പ്രവർത്തന വിലയിരുത്തലുകളും ഉണ്ടായിരുന്നു. അതിരൂപത ഡയറക്ടർ ഫാ. ജോർജ്ജ് മാന്തുരുത്തിൽ സമ്മേളനങ്ങൾക്ക് നന്ദിപറഞ്ഞു. ഓരോ ഇടവകയേയും 'സമ്പൂർണ്ണ ദീപിക ഇടവകയാക്കി' മാറ്റാനുള്ള പരിശ്രമങ്ങൾക്ക് ശക്തമായ നേതൃത്വവും പിന്തുണയും ഉണ്ടാകുമെന്നു പറഞ്ഞുകൊണ്ട് എല്ലായിടത്തും സമ്മേളനങ്ങൾ വിജയകരമായി പര്യവസാനിച്ചു.

## 2. യുവദീപിക സമ്മേളനം

ദീപികയുടെ തീവ്രപ്രചരണത്തിൽ പൂർണ്ണ പിന്തുണ അറിയിച്ചുകൊണ്ട് ചങ്ങനാശേരി അതിരൂപത യുവദീപ്തി നടത്തിയ 'യുവദീപിക' സമ്മേളനം ആവേശകരമായിരുന്നു. ദീപികപ്രചരണം അതിരൂപതയുടെ ഈ വർഷത്തെ മുഖ്യ അജപാലന പദ്ധതിയായിരിക്കുമെന്നും ഇടവകതലങ്ങളിലെ ദീപിക പ്രചാരണത്തിന് ശക്തമായ നേതൃത്വം വഹിക്കുമെന്നും അതിരൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് ചക്കാത്ര, അതിരൂപത പ്രസിഡന്റ് ജോബിൻ ഇടത്താഴേ എന്നിവർ പ്രഖ്യാപിച്ചു.

## 3. ഫൊറോന എക്സീക്യൂട്ടിവ് & ഡി.എഫ്.സി ജനറൽ ബോഡി മീറ്റിംഗ് ജനുവരി 31 ഞായറാഴ്ച

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കാനും ഫൊറോന സമിതികളെ ബലപ്പെടുത്താനുമായി അതിരൂപതയിലെ എല്ലാ ഫൊറോന സമ

തിയുടേയും അതിരൂപത സമിതിയുടെയും സംയുക്ത സമ്മേളനം 'അതിരൂപത ജനറൽ ബോഡി മീറ്റിംഗ്' സമ്മേളനം 2021 ജനുവരി 31 ന് ഓൺലൈനായി നടന്നു.

## 4. ഫെബ്രുവരി മാസം- അതിരൂപതാസമതിയുടെ ഫൊറോന സന്ദർശനമാസം

ദീപിക പ്രചരണത്തിന് കൂടുതൽ പ്രചോദനം നൽകുക എന്ന ലക്ഷ്യത്തോടെ ഫെബ്രുവരിമാസം അതിരൂപത സമിതി ഫൊറോന സന്ദർശനങ്ങൾ നടക്കുന്നതാണ്. ഫൊറോന വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ കൂടുന്ന മീറ്റിംഗിൽ അതിരൂപത ഡയറക്ടറും അതിരൂപതാ പ്രസിഡന്റും ഭാരവാഹികളും പങ്കെടുക്കുന്നതായിരിക്കും. അതിന്റെ വിജയത്തിന് എല്ലാ ഫൊറോന ഡയറക്ടർ അച്ചന്മാരുടെയും ഫൊറോന സമിതിയുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

## 5. ഡി.എഫ്.സി ഭാരവാഹികളുടെ ഡയറക്ടറി

ഡി.എഫ്.സി യുടെ ഇടവക-ഫൊറോന-അതിരൂപത ഭാരവാഹികളുടെ ഡയറക്ടറി ഫെബ്രുവരി 14 ഞായറാഴ്ച പ്രസിദ്ധീകരിക്കുന്നു. ഫൊറോനാ പ്രസിഡന്റ്മാർ, ഫൊറോനയിലെ എല്ലാ ഇടവകയിലെയും ഫൊറോനയിലെയും ഭാരവാഹികളുടെ ലിസ്റ്റ് ഫെബ്രുവരി 11 വ്യാഴാഴ്ചയ്ക്ക് മുമ്പ് അതിരൂപത പ്രസിഡന്റിനോ, സെക്രട്ടറിക്കോ നേരിട്ടോ, പോസ്റ്റലായോ, വാട്സ് ആപ്പിലൂടെയോ ഏൽപ്പിക്കേണ്ടതാണ്.

## 6. വലിയ നോമ്പ് - സഭാ- സാമൂദായിക ശാക്തീകരണത്തിനായി

2021 ഫെബ്രുവരി 15 ന് ആരംഭിക്കുന്ന വലിയ നോമ്പിൽ ഡി.എഫ്.സി അംഗങ്ങൾ സജീവമായി പങ്കുചേരുകയും സഭാ- സാമൂദായിക ശക്തീകരണത്തിനായി നോമ്പ് എടുത്ത് പ്രാർത്ഥിക്കുകയും വേണം. ഇടവകയിലെ വലിയ നോമ്പിലെ വിശുദ്ധ കുർബാന ശുശ്രൂഷകളിൽ സജീവമായി പങ്കുചേർന്ന് ഡി.എഫ്.സിയുടെ 5 കർമ്മപദ്ധതികളിലൂടെ സഭയെ ശക്തിപ്പെടുത്താൻ പ്രാർത്ഥിക്കാം. പരിശ്രമിക്കാം .

1. സഭാ-സമൂദായിക ഭദ്രത
2. വിശ്വാസ ഭദ്രത
3. ദാമ്പത്യ ഭദ്രത
4. സാമ്പത്തിക ഭദ്രത
5. മാധ്യമ ഭദ്രത

ഈ നിയോഗങ്ങൾ സമർപ്പിച്ച് നോമ്പെടുത്ത് പ്രത്യേകം പ്രാർത്ഥിക്കാം.

## 7. ദീപിക വരിക്കാരുടെ ഇടവകതല രജിസ്റ്റർ

ഓരോ ഇടവകയിലും കൂട്ടായ്മ അടിസ്ഥാനത്തിൽ ദീപിക വരിക്കാരുടെ പേര്, വീട്ടുപേര്, വാട്സ് ആപ്പ് നമ്പർ, വരിസംഖ്യയുടെ കോഡ് നമ്പർ, പുതുക്കേണ്ട മാസം (വാർഷീകം/ മാസം), പത്ര ഏജന്റിന്റെ പേര്, മൊബൈൽ നമ്പർ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കുകയും അതിന്റെ ഒരു കോപ്പി ബഹു. വികാരിയച്ചന് നൽകേണ്ടതുമാണ്.

## 8. ദീപിക വരിക്കാരുടെ വാട്സ് ആപ്പ് ഗ്രൂപ്പ്

പല ഇടവകകളിലും വളരെ ഭംഗിയായും സജീവമായും ഉള്ള 'ഡി.എഫ്.സി ഇടവക വാട്സ് ആപ്പ് ഗ്രൂപ്പ്' ഇനിയും ഏതെങ്കിലും ഇടവകകളിൽ രൂപീകരിക്കാനുണ്ടെങ്കിൽ ഫെബ്രുവരി 14 ന് മുമ്പ് രൂപീകരിക്കുമല്ലോ. രാഷ്ട്രീയ ചർച്ചകൾ ഡി.എഫ്.സി വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ പൂർണ്ണമായി ഒഴിവാക്കേണ്ടതാണ്.

## 9. ഇടവകതല നേതൃസംഗമങ്ങൾ

ഡി.എഫ്.സി ഭാരവാഹികൾ നേതൃത്വമെടുത്ത് ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ അദ്ധ്യക്ഷതയിൽ ഇടവകയിലെ പാരീഷ് കൗൺസിൽ, കുടുംബകൂട്ടായ്മ ലീഡേഴ്സ്, ആനിമേറ്റർ സിസ്റ്റേഴ്സ്, മതാദ്ധ്യാപകർ, കോർപ്പറേറ്റ് മാനേജ്മെന്റ് അദ്ധ്യാപകർ, എല്ലാ സംഘടനകളുടെയും ഭാരവാഹികൾ എന്നിവരുടെ നേതൃസംഗമങ്ങൾ ഫെബ്രുവരിമാസം നടത്തി ദീപിക പ്രചാരണത്തെ-വിതരണ സംവിധാനത്തെ ശക്തിപ്പെടുത്തുക പ്രസ്തുത സമ്മേളനങ്ങളിൽ ഫൊറോന വികാരിമാർ, ഫൊറോന ഡി. എഫ്.സി ഡയറക്ടർ, അതിരൂപതാ ഭാരവാഹികൾ എന്നിവരിൽ ആരെയെങ്കിലും കൂടി ഉൾപ്പെടുത്തുന്നത് നല്ലതാണ്.

## 10. അതിരൂപത ജാഗ്രതാസമിതിയുമായി ചേർന്ന് ദീപിക RAC Training ഫെബ്രുവരി 28 ഞായർ 6.30 p.m.

അതിരൂപതയുടെ വിവിധ തലങ്ങളിൽ നേതൃത്വം നൽകുന്നവർക്കും അതിരൂപത ജാഗ്രതാസമിതി, മീഡിയാ കോർഡിനേറ്റേഴ്സ്, യുവദീപിക, ഡി.എഫ്. സി., സംഘടനാ ഭാരവാഹികൾ എന്നിവർക്കായി ദീപികയുടെ ടീം നൽകുന്ന RAC Traing (റിപ്പോർട്ടിംഗ്, അഡ്വെർടൈസിംഗ്, സർക്കുലേഷൻ പരിശീലനം) ഫെബ്രുവരി 28 ഞായറാഴ്ച വൈകിട്ട് 6.30-8.00 വരെ ഓൺലൈനായി ക്രമീകരിച്ചിരിക്കുന്നു. ഇടവക, ഫൊറോന, അതിരൂപതാ തലങ്ങളിൽ നേതൃനിരയിലുള്ള എല്ലാവരും പങ്കെടുക്കുക.

## ഉപസംഹാരം

വലിയ നോമ്പിലേക്ക് പ്രവേശിക്കാൻ ഒരുങ്ങുമ്പോൾ, ഈ കാലഘട്ടം തീവ്രമായ സഭാനവീകരണത്തിന്റെ കാലമാകാൻ പ്രാർത്ഥിക്കാം. എല്ലാവരുടെയും ഉള്ളിൽ ദൈവവിശ്വാസവും സഭാ സ്നേഹവും ആഴപ്പെടാൻ നമുക്കെല്ലാം നോമ്പ് എടുത്ത് പ്രാർത്ഥിക്കാം.

**ആന്റണി തോമസ് മലയിൽ**
*ഫോൺ: 9446342561*
**ആൻസി മാത്യു ചേന്നോത്ത്**
*ഫോൺ: 9447390669*
*(പ്രസിഡന്റുമാർ)*

**സണ്ണി പുളിങ്കാലായിൽ**
*ഫോൺ: 9072725164*
**പരിമൾ ആന്റണി അറയ്ക്കത്തറ**
*ഫോൺ: 9495393890*
*(ജന:സെക്രട്ടറിമാർ)*

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
*(അതിരൂപത ഡയറക്ടർ)*
*ഫോൺ: 9447432531*

---

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക്, 9400390539**
**കോര സി., 9349559915**

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



161

# നല്ല ബന്ധങ്ങളും നന്മ ചെയ്യുന്ന ജീവിതവും

(തിരുവചനഭാഗം: 1 പത്രോ 3,1-22)

പത്രോസ്ശ്ലീഹാ തന്റെ ക്രിസ്തീയസമൂഹത്തിനു നല്കുന്ന നിർദ്ദേശങ്ങളാണ് ഈ വചനഭാഗത്തിന്റെ ഉള്ളടക്കം. ആരോഗ്യകരമായ ബന്ധങ്ങൾ കുടുംബങ്ങളിലും സമൂഹത്തിലും കെട്ടിപ്പടുക്കണമെന്നും, എപ്പോഴും നന്മമാത്രം ചെയ്യുന്ന ജീവിതം നയിക്കണമെന്നുമാണ് ഇവിടെ ശ്ലീഹാ നല്കുന്ന ഉപദേശം. ഈ ഭാഗം താഴെക്കാണുംവിധം വിഭജിക്കാം:

1. ഭാര്യാഭർതൃബന്ധം (3,1-7)
2. സാഹോദര്യബന്ധവും നന്മ ചെയ്യുന്ന ജീവിതവും (3,8-12)
3. നന്മ ചെയ്യുന്നതിൽ തീക്ഷ്ണതയുള്ളവരാകുക (3,13-16)
4. രക്ഷാകരസഹനത്തിൽ മിശിഹായെ അനുകരിക്കുക (3,17-18)
5. മിശിഹായുടെ കൈവന്ന രക്ഷയുടെ സന്ദേശം (3,19-22)

ആരോഗ്യകരമായ ബന്ധങ്ങൾ കുടുംബത്തിലും സമൂഹത്തിലും കെട്ടിപ്പടുക്കുക എന്നത് സഭയുടെ അടിസ്ഥാനപരമായ ദൗത്യമാണെങ്കിൽ അത് പുരോഹിതശുശ്രൂഷയുടെ ഒരു പ്രധാനപ്പെട്ട ചുമതലയായി പുരോഹിതർ കരുതേണ്ടതുണ്ട്.

## 1. ഭാര്യാഭർതൃബന്ധം

*"ഭാര്യമാരേ, നിങ്ങൾ ഭർത്താക്കന്മാർക്കു വിധേയരായിരിക്കുവിൻ. വചനം അനുസരിക്കാത്ത ആരെങ്കിലും ഉണ്ടെങ്കിൽ അവരെ വാക്കുകൊണ്ടല്ല, പെരുമാറ്റംകൊണ്ടു വിശ്വാസത്തിലേക്ക് ആനയിക്കാൻ ഭാര്യമാർക്കു കഴിയും. അവർ നിങ്ങളുടെ ആദരപൂർവ്വകവും നിഷ്കളങ്കവുമായ പെരുമാറ്റം കാണുന്നതുമൂലമാണ് ഇതു സാധ്യമാവുക ... ഇങ്ങനെതന്നെ ഭർത്താക്കന്മാരേ, നിങ്ങൾ വിവേകത്തോടെ നിങ്ങളുടെ ഭാര്യമാരോടൊത്തു ജീവിക്കുവിൻ. സ്ത്രീ ബലഹീനപാത്രമാണെങ്കിലും ജീവദായകമായ കൃപയ്ക്കു തുല്യ അവകാശിനിയെന്ന നിലയിൽ അവളോടു ബഹുമാനം കാണിക്കുവിൻ. ഇതു നിങ്ങളുടെ പ്രാർത്ഥനയ്ക്കു തടസ്സമുണ്ടാകാതിരിക്കാൻ വേണ്ടിയാണ്"* (3,1-2-.7).

വിശ്വാസികളും കുടുംബിനികളുമായ സ്ത്രീകൾക്കുള്ള ഉപദേശമായിട്ടാണ് ശ്ലീഹാ ഈ വാക്യങ്ങൾ അവതരിപ്പിക്കുന്നത്. ഇനിയും വിശ്വാസത്തിലേക്കു കടന്നുവന്നിട്ടില്ലാത്ത വിജാതീയഭർത്താക്കന്മാരുള്ള ഭാര്യമാരോട് തങ്ങളുടെ സന്മാതൃകയിലൂടെ ഭർത്താക്കന്മാരെ വിശ്വാസത്തിലേക്ക് ആനയിക്കാനാണ് പത്രോസ്ശ്ലീഹാ അനുസ്മരിപ്പിക്കുന്നത്. വിജാതീയനാണെങ്കിലും ഭർത്താവിനെ ഭാര്യ അനുസരിക്കണം എന്നാണ് ശ്ലീഹാ പറയുന്നത്. അനുസരണം സ്നേഹബന്ധത്തിന്റെ ഒരു വശമാണ്. ഭർത്താക്കന്മാരോട് ശ്ലീഹാ ഉപദേശിക്കുന്നത് അവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്നാണ് (3,7). സ്നേഹമാകുന്ന ദൈവത്തിൽ പിതാവ് സ്നേഹവും പുത്രൻ അനുസരണവും നല്കുന്നുണ്ടല്ലോ. അപ്പോൾ സ്നേഹത്തിന്റെ ഒരു വശമാണ് അനുസരണം എന്നതിനും സംശയമില്ല. അതാണ് ക്രിസ്തീയജീവിതത്തിൽ ഭാര്യാഭർതൃബന്ധത്തിൽ പ്രാവർത്തികമാകേണ്ടത്.

സ്ത്രീയുടെ യഥാർത്ഥ സൗന്ദര്യവും അലങ്കാരവും ബാഹ്യമോടികളല്ലെന്നും സൗമ്യവും ശാന്തവുമായ സ്വഭാവവും പെരുമാറ്റവുമാണെന്നും ശ്ലീഹാ എടുത്തുപറയുന്നു (3,3-4). ഭാര്യാഭർത്താക്കന്മാരുടെ പരസ്പര ബന്ധത്തിനു മാതൃകയായി പൂർവ്വപിതാക്കന്മാരെയും മാതാക്കളെയും എടുത്തുകാണിക്കുന്നുണ്ട്. ക്രൈസ്തവരെ അബ്രാഹത്തിന്റെ സന്തതികളായി പരിഗണിക്കുന്ന ആദിമസഭാ പാരമ്പര്യമാണ് ഇവിടെ പ്രതിഫലിക്കുന്നത് (റോമാ 4,13-25). കുടുംബമാണല്ലോ ആരോഗ്യപരമായ മനുഷ്യബന്ധങ്ങൾ സൃഷ്ടിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന കളരി. അതുകൊണ്ട് പുരോഹിതൻ തന്റെ അജപാലനശുശ്രൂഷയിൽ കുടുംബബന്ധങ്ങൾക്ക് പ്രാധാന്യം നല്കണം. തന്റെ ശുശ്രൂഷയിലുള്ള കുടുംബങ്ങളെല്ലാം ആരോഗ്യപരമായ മനുഷ്യബന്ധങ്ങൾ പുലർത്തുന്നു എന്നുറപ്പുവരുത്തുന്ന അജപാലനശുശ്രൂഷ നല്കുവാൻ പുരോഹിതൻ ശ്രദ്ധിക്കണം.

## 2. സാഹോദര്യവും നല്ല ജീവിതവും

*"അവസാനമായി, നിങ്ങളെല്ലാവരും ഹൃദയൈക്യവും അനുകമ്പയും സഹോദരസ്നേഹവും കരുണയും വിനയവുമുള്ളവരായിരിക്കുവിൻ. തിന്മയ്ക്കു തിന്മയോ, നിന്ദനത്തിനു നിന്ദനമോ പകരം കൊടുക്കാതെ, അനുഗ്രഹിക്കുവിൻ. അനുഗ്രഹം അവകാശമാക്കുന്നതിനുവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നവരാണല്ലോ നിങ്ങൾ"* (3,8-9).

ക്രിസ്തീയവിശ്വാസികളായ സകലരും - ഉടമകളും അടിമകളും ഭർത്താവും ഭാര്യയും മാതാപിതാക്കളും മക്കളും- അനുഷ്ഠിക്കേണ്ട പുണ്യങ്ങളുടെ വിവരണമാണ് ഇവിടെ പ്രതിപാദിക്കുന്നത്. കൂട്ടായ്മ, സഹിഷ്ണുത, സഹോദരസ്നേഹം, ദീനാനുകമ്പ തുടങ്ങിയ പുണ്യങ്ങളാണ് ഇവിടെ വിവക്ഷിക്കുന്നത്. ക്രൈസ്തവർ തമ്മിൽ മാത്രമല്ല, തങ്ങളെ ശത്രുതാമനോഭാവത്തോടെ വീക്ഷിക്കുന്ന സമൂഹത്തിലെ ഇതരവിഭാഗങ്ങളോടും ക്രിസ്തീയപുണ്യപൂർണ്ണതയിൽത്തന്നെ വർത്തിക്കണം എന്നാണ് ലേഖനകർത്താവ് നല്കുന്ന ഉപദേശം (3,9). അനുസരണവും കാരുണ്യവും കൈവിടാതെ വ്യാപരിക്കുമ്പോഴാണ് സ്നേഹത്തിന്റെ ഈ സാമൂഹികക്രമം സാദ്ധ്യമാകുന്നത്. തിന്മയ്ക്കെതിരായ പ്രതികാരത്തിനു മുതിരരുത് എന്നു നിർദ്ദേശിക്കുന്ന ഇതര വചനഭാഗങ്ങളുടെ സ്വാധീനം ഇവിടെ ദർശിക്കാം.

സകല അനീതികൾക്കും മുമ്പിൽ നന്മമാത്രം പ്രവർത്തിച്ച മിശിഹായായിരിക്കണം ക്രൈസ്തവരുടെ മാതൃക. കുടുംബത്തിലും സമൂഹത്തിലും നന്മ ചെയ്യുന്നവരുടെ പ്രാർത്ഥനയേ ദൈവം കേൾക്കുകയുള്ളൂ എന്ന സങ്കീർത്തനഭാഗം (സങ്കീ 34,12-16) ഉദ്ധരിച്ചുകൊണ്ടാണ് പത്രോസ്ശ്ലീഹാ ഈ ഉപദേശം നല്കുന്നത്. ക്ഷമിച്ചുകൊണ്ടു പ്രാർത്ഥിക്കണം എന്ന കർതൃപ്രാർത്ഥനയും ഇതിനു പശ്ചാത്തലമായി കാണാം. അജപാലനശുശ്രൂഷയുടെ ലക്ഷ്യം വിശ്വാസികളുടെ സമൂഹത്തെ ദൈവമക്കളുടെ ഒരു കുടുംബമായി കെട്ടിപ്പടുക്കുക എന്നതാണ്. ഇത് മനുഷ്യകുലത്തെ മുഴുവൻ ദൈവമക്കളുടെ കുടുംബമാക്കിത്തീർക്കുന്ന വിശ്വസാഹോദര്യം യാഥാർത്ഥ്യമാക്കുവാൻ ആവശ്യകമാണ്. അതുകൊണ്ട് സഭയിലും സമൂഹത്തിലും ഈ കുടുംബാരൂപി വളർത്തുവാൻ സഹായകരമായ ഒരു അജപാലനശൈലിയായിരിക്കണം പുരോഹിതന്റേത്.

## 3. നന്മ ചെയ്യുന്നതിൽ തീക്ഷ്ണതയുള്ളവരാവുക

*''നന്മ ചെയ്യുന്നതിൽ നിങ്ങൾ തീക്ഷ്ണതയുള്ളവരാണെങ്കിൽ നിങ്ങളെ ഉപദ്രവിക്കാൻ ആർക്കു കഴിയും? നീതിക്കുവേണ്ടി കഷ്ടതകൾ സഹിക്കേണ്ടിവന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ. അവരുടെ ഭീഷണി നിങ്ങൾ ഭയപ്പെടേണ്ടാ; നിങ്ങൾ അസ്വസ്ഥരാവുകയും വേണ്ടാ. മിശിഹായെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ പൂജിക്കുവിൻ. നിങ്ങൾക്കുള്ള പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ സന്നദ്ധരായിരിക്കുവിൻ''* (3,13-15).

മതമർദ്ദനങ്ങളുടെ ഭീകരതയിൽ പതറാതെ വിശ്വാസത്തിൽ ഉറച്ചുനില്ക്കണമെന്നും, ശത്രുക്കളും അവിശ്വാസികളുമായ മതമർദ്ദകരോട് എപ്രകാരമാണ് ക്രിസ്തീയമായി പ്രതികരിക്കേണ്ടതെന്നുമാണ് ഇവിടെ ശ്ലീഹാ ഉപദേശിക്കുന്നത്. നന്മ ചെയ്യുന്നതിൽ തീക്ഷ്ണതയുള്ളവർ പീഡനങ്ങളെ നിസ്സാരമായി തള്ളിക്കളയാൻ കരുത്തുള്ളവരാകും. നന്മ ചെയ്തിട്ടും സഹിക്കേണ്ടിവരുന്നതിനെ 'ഭാഗ്യം' എന്നാണ് ഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നത്. ഇത് ഈശോ പറഞ്ഞ സുവിശേഷഭാഗ്യങ്ങളെ അനുസ്മരിപ്പിക്കുന്നതാണ്. 'മറ്റുള്ളവർ നിങ്ങളെ പീഡിപ്പിക്കുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ' എന്ന മിശിഹായുടെ ഗിരിപ്രഭാഷണത്തിലെ വാക്കുകൾതന്നെയാണ് ശ്ലീഹാ ഇവിടെ ഉദ്ധരിക്കുന്നത്.

നന്മ ചെയ്യുമ്പോഴും തിന്മമാത്രം പ്രതിഫലമായി ലഭിക്കുമ്പോൾ വിശ്വാസികൾ എപ്രകാരം പ്രതികരിക്കണം എന്ന് ശ്ലീഹാ ഇവിടെ പഠിപ്പിക്കുന്നു. തങ്ങളുടെ പ്രത്യാശയെ ചോദ്യം ചെയ്യുന്നവരോട് മറുപടി പറയാൻ അറിഞ്ഞിരിക്കണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, ക്രൈസ്തവർക്കെതിരെ നിയമനടപടികൾക്കൊരുങ്ങുന്നവർക്ക് നിയമപരമായി മറുപടി പറയാൻ അറിഞ്ഞിരിക്കണമെന്നല്ല. തിന്മയെ നന്മകൊണ്ടു നേരിടണമെന്നുതന്നെയാണ് അതിന്റെ അർത്ഥം. നമ്മളോടു ശത്രുത പുലർത്തുന്നവരോട് എളിമയോടും സൗമ്യതയോടുംകൂടി വർത്തിക്കുവാൻ പഠിക്കണം. പുരോഹിതന്റെ ജീവിതത്തിൽ ഇതു വളരെ പ്രസക്തമാണ്. അജപാലനശുശ്രൂഷയിൽ പലപ്പോഴും ഇതുപോലെയുള്ള സാഹചര്യങ്ങളുണ്ടാകും. അപ്പോഴെല്ലാം, ''നിങ്ങൾ എന്നെ കണ്ടു പഠിക്കുവിൻ. ഞാൻ ശാന്തശീലനും എളിമയുള്ളവനുമാണ്'' (മത്താ 11,29) എന്ന കർത്താവിന്റെ വാക്കുകൾക്കനുസൃതം ശാന്തത കൈവെടിയാതെ വർത്തിക്കുവാൻ പുരോഹിതർക്കു കഴിയണം.

## 4. രക്ഷാകരസഹനത്തിൽ മിശിഹായെ അനുകരിക്കുക

*"നന്മ പ്രവർത്തിച്ചിട്ടു കഷ്ടതയനുഭവിക്കുകയെന്നതാണു ദൈവഹിതമെങ്കിൽ, അതാണു തിന്മ പ്രവർത്തിച്ചിട്ടു കഷ്ടതയനുഭവിക്കുക എന്നതിനെക്കാൾ നല്ലത്. എന്തുകൊണ്ടെന്നാൽ, മിശിഹാതന്നെയും പാപങ്ങൾക്കുവേണ്ടി ഒരിക്കൽ മരിച്ചു. അതു നീതിരഹിതർക്കുവേണ്ടിയുള്ള നീതിമാന്റെ മരണമായിരുന്നു. ശരീരത്തിൽ മരിച്ച് ആത്മാവിൽ ജീവൻ പ്രാപിച്ചുകൊണ്ടു നിങ്ങളെ ദൈവസന്നിധിയിലെത്തിക്കുന്നതിനു വേണ്ടിയായിരുന്നു അത്"* (3,17-18).

മിശിഹായെ അനുകരിക്കുക എന്നതിന് മിശിഹായുടെ സഹനങ്ങളെ അനുകരിക്കുക എന്നുകൂടി അർത്ഥമുണ്ട്. മിശിഹായുടെ സഹനം മിശിഹാനുയായികൾക്കു ജീവിതമാതൃക മാത്രമല്ല, തങ്ങളുടെ ജീവിതാസ്തിത്വങ്ങളെ മുഴുവൻ നിർണ്ണയിക്കുന്ന ആധാരശിലകൂടിയാണ്. സഹനങ്ങളിലൂടെ മിശിഹാ നേടിത്തന്നെ രക്ഷയും മതമർദ്ദനങ്ങളെ അഭിമുഖീകരിച്ച് ക്രൈസ്തവർ നേടുന്ന രക്ഷയും തമ്മിലുള്ള ബന്ധമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. മിശിഹാ എന്നേക്കുമായി ഒരിക്കൽമാത്രം മരിച്ചപ്പോൾ വിശ്വാസികളുടെ സഹനം ഒന്നിനു പുറകെ ഒന്നായി തുടരുന്ന സഹനങ്ങളാണ്. മിശിഹാ നീതിമാനായിരിക്കെ സഹിച്ച് ശരീരത്തിൽ മരിച്ചപ്പോൾ അവിടുന്ന് അരൂപിയിലൂടെ മഹത്ത്വീകൃതനായതുപോലെ നീതിമാനായിരിക്കെ സഹിക്കുന്നവർക്ക് മിശിഹായുടെ അരൂപിയുടെ ശക്തി ലഭിക്കുന്നു.

തിന്മയുടെ ഫലമാണ് സഹനം എന്ന ചിന്തയ്ക്ക് ഒരു തിരുത്തലാണ് ഇവിടെയുണ്ടാവുക. ക്രിസ്തീയസഹനത്തെ ക്രിയാത്മകമായി കാണുവാൻ കഴിയണം. ഈലോകസഹനങ്ങളുടെ പിന്നിൽ ദൈവകരമുണ്ടെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. സഹനത്തിലൂടെയാണ് രക്ഷ എന്ന ക്രൈസ്തവദർശനമാണ് ഇവിടെ നല്കപ്പെടുന്നത്. മിശിഹാ സഹനമരണങ്ങളിലൂടെ ഉത്ഥാനത്തിലേക്കു പ്രവേശിച്ചതുപോലെ നാമും മിശിഹായോടുകൂടെ സഹിച്ച് മരിച്ചാൽ -ഈലോക താല്പര്യങ്ങളെ ഹനിച്ചു ജീവിച്ചാൽ- അവിടുത്തെ മഹത്ത്വത്തിൽ പങ്കുചേരുവാൻ നമുക്കു കഴിയും. പുരോഹിതന്റെ അജപാലനശുശ്രൂഷാജീവിതത്തിൽ പലപ്പോഴും സഹനമുണ്ടാവുക സ്വാഭാവികമാണ്. സ്വന്തമായ സുഖസൗകര്യങ്ങൾ മാറ്റിവച്ച് നിരന്തരം ശുശ്രൂഷയിലേർപ്പെടേണ്ട ജീവിതമാണ് പുരോഹിതന്റേത്. അതുപോലെ അജഗണങ്ങളിൽനിന്നും അധികാരികളിൽനിന്നും സഹനങ്ങളുണ്ടാവാനുള്ള സാദ്ധ്യതയുമുണ്ട്. അവയെല്ലാം മിശിഹായുടെ സഹനത്തോടു ചേർന്നുനിന്ന് രക്ഷകരമാക്കിത്തീർക്കുവാൻ പുരോഹിതനു കഴിയണം.

## 5. മിശിഹായിലൂടെ കൈവന്ന രക്ഷയുടെ സന്ദേശം

*"അവരാകട്ടെ നോഹിന്റെ കാലത്തു പെട്ടകം പണിയപ്പെട്ടപ്പോൾ, ക്ഷമാപൂർവ്വം കാത്തിരുന്ന ദൈവത്തെ അനുസരിക്കാത്തവരായിരുന്നു. ആ പെട്ടകത്തിലുണ്ടായിരുന്ന എട്ടുപേർ മാത്രമേ ജലത്തിലൂടെ രക്ഷ പ്രാപിച്ചുള്ളു. അതിന്റെ സാദൃശ്യമുള്ള ജ്ഞാനസ്നാനം ഇപ്പോൾ നിങ്ങളെ രക്ഷിക്കുന്നു. അതു നിങ്ങളുടെ ശരീരത്തിന്റെ മാലിന്യത്തിന്റെ നിർമ്മാർജ്ജനമല്ല; മറിച്ച്, ശുദ്ധമനഃസാക്ഷിയ്ക്കായി ഈശോമിശിഹായുടെ ഉത്ഥാനംവഴി ദൈവത്തോടു നടത്തുന്ന പ്രാർത്ഥനയാണ്. ഈശോമിശിഹായാകട്ടെ, സ്വർഗ്ഗത്തിലേക്കു പ്രവേശിച്ച് ദൈവത്തിന്റെ വലത്തു*

*ഭാഗത്ത് ഇരിക്കുന്നു. ദൂതന്മാരും അധികാരികളും ശക്തികളും അവിടുത്തേക്കു കീഴ്പ്പെട്ടുമിരിക്കുന്നു''* (3,20-22).

ഈശോയുടെ മരണത്തിലൂടെ രക്ഷയിലേക്കു വീണ്ടെടുക്കപ്പെട്ടവർ (3,18) പത്രോസ്ശ്ലീഹായുടെ സഭയിലെ വിശ്വാസികളാണ്. നോഹിന്റെ പെട്ടകം പ്രതിനിധാനം ചെയ്യുന്ന സഭാംഗങ്ങളാണിവർ. എന്നാൽ മതപീഡകരായ എതിരാളികൾ നോഹയുടെ കാലത്തെ അനുസരണമില്ലാത്തവരെപ്പോലെയാണ് (3,20). അവരുടെ നിത്യനാശം ഈശോയുടെ മരണത്തിലൂടെ ഉറപ്പിക്കപ്പെട്ടു എന്നാണ് ലേഖനകർത്താവു പറയുന്നത്. സഭയിലെ അംഗങ്ങൾക്ക് ഈശോയുടെ മരണോത്ഥാനത്തിലൂടെ രക്ഷ എപ്രകാരം ഉറപ്പിക്കപ്പെട്ടോ അതുപോലെതന്നെ മതപീഡകർക്കു നിത്യശിക്ഷയും ഉറപ്പിക്കപ്പെട്ടിരിക്കുന്നു എന്നാണ് ഈ വചനങ്ങളുടെ അർത്ഥം. മതപീഡകരുടെമേൽ അന്തിമവിജയം മിശിഹായ്ക്കാണെന്ന സന്ദേശം വിശ്വാസികൾക്കു നല്കി അവരെ വിശ്വാസത്തിലുറപ്പിക്കാനാണ് ലേഖനകർത്താവു ശ്രമിക്കുന്നത്.

ഈശോ പാതാളത്തിൽചെന്ന് നരകവാസികളായ ആത്മാക്കളോടു വചനം പ്രസംഗിച്ച് അവരെ രക്ഷിച്ചു എന്ന 'സ്പിരിറ്റ് ഇൻ ജീസസ്'കാരുടെ വ്യാഖ്യാനം തെറ്റാണ്. യഹൂദപാരമ്പര്യത്തിൽ പരാമർശിക്കുന്ന, ദൈവത്തോടു മറുതലിച്ച് നിത്യശിക്ഷയിൽപെട്ടുപോയ വഴിതെറ്റിയ മാലാഖമാരെക്കുറിച്ചാണ് 'ബന്ധനസ്ഥരായ ആത്മാക്കൾ' എന്നു പറഞ്ഞിരിക്കുന്നത്. ഈശോയുടെ മരണോത്ഥാനത്തിലൂടെ വിശ്വാസികളുടെ നിത്യരക്ഷ പ്രഖ്യാപിക്കപ്പെട്ടതുപോലെ അവിശ്വാസികളുടെ നിത്യശിക്ഷയും പ്രഖ്യാപിക്കപ്പെട്ടു എന്നാണ് ഈ പ്രസ്താവനയുടെ അർത്ഥം. അതുകൊണ്ട്, വിശ്വാസത്തിനു പ്രതിസന്ധിയുണ്ടാവുമ്പോൾ തിന്മയുടെ വിജയം താല്ക്കാലികമാണെന്നും അന്തിമവിജയം വിശ്വാസത്തോടു വിശ്വസ്തത പുലർത്തുന്നവർക്കാണെന്നുമുള്ള ബോദ്ധ്യത്തോടെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുവാൻ നമുക്കു കഴിയണം. ഇത് അജപാലകർക്കും അജഗണങ്ങൾക്കും ഒരുപോലെ പ്രസക്തമാണ്.

## ജീവിതസൂചിക

1. കുടുംബബന്ധങ്ങൾ ആരോഗ്യകരമായി പടുത്തുയർത്തുവാൻ സഹായിക്കുന്ന അജപാലനശുശ്രൂഷയാണോ ഞാൻ നിർവഹിക്കുന്നത്?
2. വിശ്വസാഹോദര്യത്തെ പരിപോഷിപ്പിക്കുന്ന സമൂഹമായി സഭാസമൂഹത്തെ നമുക്ക് എങ്ങനെ പടുത്തുയർത്താം?
3. തിന്മയുടെ മദ്ധ്യേ നന്മയെ മുറുകെപ്പിടിച്ചുകൊണ്ടു ജീവിക്കുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?
4. ഒരു പുരോഹിതനെന്ന നിലയിൽ മിശിഹായുടെ രക്ഷാകരസഹനത്തിൽ ഞാൻ എപ്രകാരം പങ്കുചേരണം?
5. മിശിഹായുടെ മരണോത്ഥാനങ്ങളിലൂടെ കൈവരിച്ച രക്ഷയുടെ സുവിശേഷം ഞാൻ എപ്രകാരം പ്രഘോഷിക്കണം?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ഡിസംബർ 2020**

29 രാവിലെ അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ മ്ശംശാന ജെയിംസ് പുത്തൻവീട്ടിൽ M.S.F.S.ന് പൗരോഹിത്യപട്ടം നൽകി. ഉച്ചകഴിഞ്ഞ് തിരുവനന്തപുരം ലൂർദ്മാതാ വിദ്യാഭ്യാസ സൊസൈറ്റിയുടെ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

30 രാവിലെ തോട്ടയ്ക്കാട് സെന്റ് ജോർജ് ദൈവാലയത്തിൽ മ്ശംശാന ജോർജ് കൈതപ്പറമ്പ് M.C.B.S.ന് പൗരോഹിത്യപട്ടം നൽകി.

31 രാവിലെ തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ മ്ശംശാന ആന്റണി തറക്കുന്നേലിന് പൗരോഹിത്യപട്ടം നൽകി.

**ജനുവരി 2021**

01 രാവിലെ ചങ്ങനാശേരി സോയിൽ (SOIL) സന്ന്യാസമൂഹത്തിന്റെ പുതുതായി നിർമ്മിച്ച സന്യാസഭവനവും ചാപ്പലും വെഞ്ചരിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് അരമനകേന്ദ്രത്തിൽ സന്ദേശനിലയത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കൊപ്പം ഓൺലൈൻക്ലാസ് റെക്കോർഡിങ്ങിൽ ക്ലാസ്സെടുത്തു.

02 രാവിലെ വെരൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ മ്ശംശാന ജോസഫ് കൈതപ്പറമ്പിലിന് പൗരോഹിത്യപട്ടം നൽകി. പാറേൽ സെന്റ് മേരീസ് ഇടവകാംഗമായ മൂലയിൽ മാത്യുവിന്റെ നിര്യാണത്തിൽ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം പുന്നപ്ര മാർ ഗ്രിഗോറിയോസ് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. പ്രവാസി അപ്പോസ്തലേറ്റിന്റെ ഓൺലൈൻ ക്രിസ്മസ് ആഘോഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ പ്രൊഫ. ജെ.സി. മാടപ്പാട്ട് രചിച്ച *'മോൺസിഞ്ഞോർ എൽ.ജെ. ചിറ്റൂർ പ്രകാശം പരത്തിയ പ്രതിഭാശാലി'* എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം നിർവ്വഹിച്ചു.

03 രാവിലെ തിരുവല്ല മലങ്കര അതിരൂപതയുടെ കത്തീഡ്രൽ ദൈവാലയത്തിന്റെ നവതി ആഘോഷത്തിൽ പങ്കെടുത്തു ആശംസകൾ അർപ്പിച്ചു സംസാരിച്ചു. അതിരൂപതാകേന്ദ്രത്തിൽ സംഘടിപ്പിച്ച എസ്.ബി. കോളേജ് ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം മാന്നാനം ഇടവക ദൈവാലയത്തിൽ വി. ചാവറ പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

04 രാവിലെ ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക ദൈവാലയത്തിൽ മ്ശംശാന ജോസഫ് ഒണാട്ട് V.C. ക്ക് പൗരോഹിത്യപട്ടം നൽകി. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ ജിമ്മി പടനിലം സെന്ററിന്റെയും ആശാഭവന്റെയും സംയുക്ത ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

05 രാവിലെ തോട്ടയ്ക്കാട് സെന്റ് ജോർജ്ജ് ദൈവാലയത്തിൽ മ്ശംശാന സേവ്യർ വെട്ടിത്താനത്തിന് പൗരോഹിത്യപട്ടം നൽകി. ഉച്ചകഴിഞ്ഞ് പാറേൽ അമല തിയോളജിക്കൽ കോളേജിൽ അദ്ധ്യായനവർഷം ഉദ്ഘാടനം ചെയ്ത് കോഴ്സ് പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. വൈകുന്നേരം ദനഹാത്തിരുനാളിനോടനുബന്ധിച്ച് കടുവാക്കുളം ദിവ്യകാരുണ്യ മിഷനറി സമൂഹത്തിന്റെ എമ്മാവൂസ് പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷമായ റംശായോടു കൂടെ ദനഹാത്തിരുനാൾ കർമ്മങ്ങൾ നടത്തുകയും നവീകരിച്ച പ്രീസ്റ്റ് ഹോം ആശീർവദിക്കുകയും ചെയ്തു.

06 രാവിലെ ദനഹാത്തിരുനാളിനോടനുബന്ധിച്ച് ചങ്ങനാശ്ശേരി സി.എം.സി. ഹോളി ക്വീൻസ് പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ചെത്തിപ്പുഴ എസ്. ഡി. പ്രൊവിൻഷ്യൽ ഹൗസിൽ ഏഴ് അർത്ഥിനികളുടെ പ്രഥമ വ്രതവാഗ്ദാന കർമ്മത്തിന് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കുടുംബക്കൂട്ടായ്മ ഡിപ്പാർട്ട്മെന്റിന്റെ ഈ വർഷത്തെ പ്രവർത്തനമാർഗ്ഗരേഖയുടെ പ്രകാശനകർമ്മം ഓൺലൈനിലൂടെ നിർവഹിച്ചു.

07 രാവിലെ കൈനടി സെന്റ് മേരിസ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. ചെത്തിപ്പുഴ സെന്റ് തോമസ് നേഴ്സിംഗ് കോളേജിന്റെ അദ്ധ്യയനവർഷത്തിന്റെ ഉദ്ഘാടനം ഓൺലൈനിലൂടെ നിർവഹിച്ചു. നെടുംകുന്നം ബി.എഡ്. കോളേജിന്റെ അദ്ധ്യയനവർഷത്തിന്റെ ഉദ്ഘാടനം നടത്തുകയും ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കുകയും ചെയ്തു. നെടുംകുന്നം മദർ തെരേസ പുനരധിവാസകേന്ദ്രവും ചേലക്കൊമ്പ് മിണ്ടാമഠവും സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെയും മണിമല ഫൊറോനപ്പള്ളിയുടെയും നേതൃത്വത്തിൽ പുതുതായി നിർമ്മിച്ച ആശുപത്രി കെട്ടിടം ആശീർവദിച്ചു.

08 രാവിലെ പുളിങ്കുന്ന് കായൽപുറത്ത് സന്ദേശനിലയത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കൊപ്പം ഓൺലൈൻക്ലാസ് റെക്കോർഡിങ്ങിൽ ക്ലാസെടുത്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ സംഘടിപ്പിച്ച ജീവകാരുണ്യനിധിയുടെ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

09 രാവിലെ ഇത്തിത്താനം സെന്റ് മേരിസ് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് സന്ദർശകരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം ചങ്ങനാശേരി, തുരുത്തി ഫൊറോനകളിലെ ദീപിക ഫ്രണ്ട്സ് ക്ലബ്ബ് ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

10 പാറേൽ എം. എൽ. എഫ് ജനറലേറ്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് തുരുത്തി മർത്ത് മറിയം ഫൊറോന ദൈവാലയത്തിൽ വിവാഹവാഗ്ദാന കർമ്മം ആശീർവദിച്ചു. വൈകുന്നേരം ദീപിക ഫ്രണ്ട്സ് ക്ലബ്ബ് അംഗങ്ങളും യുവദീപ്തി എസ്.എം.വൈ.എം. അംഗങ്ങളും ചേർന്ന് സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

11 രാവിലെ പുന്നവേലി F.D.S.H.J. മഠത്തിൽ സി. മേരി വടക്കേക്കരയുടെ മൃതസംസ്കാര ശുശ്രൂഷകളുടെ പ്രാരംഭ കർമ്മങ്ങൾക്ക് നേതൃത്വം വഹിച്ചു. ചങ്ങനാശേരി അതിരൂപത വൈദികൻ ബഹുമാനപ്പെട്ട മണ്ണാർകുളം

ആന്റണിയച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് മാതൃ ഇടവക യായ കോട്ടാങ്ങൽ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ദൈവാലയത്തിൽ പരി ശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ കുറ്റിച്ചൽ ലൂർദ്മാതാ കോളേജ് ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ ശ്രീ. ജിജി പേരകശ്ശേരിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് സെമിത്തേരിയിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം 11 മുതൽ 16 വരെ തീയതികളിൽ നടക്കുന്ന സീറോമലബാർ സഭയിലെ മെത്രാന്മാരുടെ ഓൺലൈൻ സിന ഡിന് ആരംഭം കുറിച്ചു.

12 രാവിലെ കുറുമ്പനാടം അസംപ്ഷൻ ദൈവാലയത്തിൽ മ്ശംശാന ഏലിയാസ് കരിക്കണ്ടത്തിലിന് പൗരോഹിത്യപട്ടം നൽകി.

13 ചങ്ങനാശേരി അതിരൂപതാ വൈദികനും കിളിരൂർ ഇടവകാംഗവുമായ ബഹുമാനപ്പെട്ട എബ്രഹാം മുപ്പറത്തറയച്ചന്റെ സഹോദരന്റെ മൃതസംസ് കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

14 രാവിലെ ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു.

15 രാവിലെ ചങ്ങനാശേരി F.C.C. പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. കുമരകം സെന്റ് ജോൺസ് വടക്കുംകര ദൈവാലയത്തിൽ ശ്രീമതി ജെസി ടോം തയ്യിലിന്റെ മൃതസംസ് കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ അതിരൂപത കർഷക സമിതി പള്ളിക്കൂട്ടുമ്മയിൽവച്ച് സംഘടിപ്പിച്ച കെ.സി. ബി.സി. കർഷകദിനാചരണം ഉദ്ഘാടനം ചെയ്തു.

16 രാവിലെ ആർപ്പൂക്കര ഹോളിഫാമിലി സന്ന്യാസഭവനം ചാപ്പൽ ആശീർ വദിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. ചങ്ങനാശേരി സന്ദേശനിലയം ഹാളിൽ ഓൺലൈൻ ക്ലാസുകളിലൂടെ മതബോധനത്തിന് നേതൃത്വം നൽകിയ മതാദ്ധ്യാപകരുടെ സംഗമത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ഈര ലൂർദ്മാതാ ഇടവകാംഗമായ ബേബിച്ചൻ മുണ്ടായിപ്പള്ളി കൊച്ചു പറമ്പിലിന്റെ നിര്യാണത്തിൽ സംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കർമ്മികത്വം വഹിച്ചു. 11 മുതൽ 16 വരെ വൈകുന്നേരങ്ങളിൽ നടന്നുവന്ന ഓൺലൈൻ സിനഡിന് സമാപനംകുറിച്ചു.

17 രാവിലെ ചങ്ങനാശേരി എസ്.എച്ച്. സ്റ്റഡിഹൗസിൽ പരിശുദ്ധ കുർബാന യർപ്പിച്ചു. വൈകുന്നേരം അതിരൂപതയിലെ നവവൈദികർക്കായി ക്രമീകരിച്ച (പാസ്റ്ററൽ കോഴ്സിന്) അജപാലന സംബന്ധമായ ക്ലാസ്സുകൾക്ക് ഔദ്യോ ഗിക തുടക്കം കുറിച്ചു.

18 ഉച്ചകഴിഞ്ഞ് ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി യിൽ സഭൈക്യവാരത്തോടനുബന്ധിച്ച് ജനുവരി 18 മുതൽ 25 വരെ നടത്തുന്ന പ്രാർത്ഥനാ ശുശ്രൂഷകൾക്ക് ആരംഭംകുറിച്ചു. വൈകുന്നേരം ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ദീപിക പ്രചാരണ പദ്ധതിയോടനുബന്ധിച്ച് നെടുംകുന്നം, മണിമല ഫൊറോനകളിൽ സേവനമനുഷ്ഠിക്കുന്ന ബഹു മാനപ്പെട്ട വൈദികരുമായുള്ള ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

19 രാവിലെ കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന ഇടവകാംഗമായ ഓലിക്കര ശ്രീ. ആന്റണി ജോസഫിന്റെ നിര്യാണത്തിൽ മൃതസംസ്കാര ശുശ്രൂഷകളുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം വഹിച്ചു. കുറിച്ചി മൈനർ സെമിനാരിയുടെ ഹോംഡേ ആഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ക്രൈസ്തവസഭൈക്യവാരത്തോടനുബന്ധിച്ച് പ്രാർത്ഥനശുശ്രൂഷയിൽ പങ്കെടുത്ത് വചനസന്ദേശം നൽകി.

20 രാവിലെ ഈ വർഷം ചങ്ങനാശേരി അതിരൂപതയിൽ വിവിധ സന്ന്യാസ സമൂഹങ്ങൾക്കുവേണ്ടി പട്ടം സ്വീകരിച്ച നവവൈദികരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ദീപിക പ്രചരണ പദ്ധതിയോടനുബന്ധിച്ച് കുറുമ്പനാടം, തൃക്കൊടിത്താനം എന്നീ ഫൊറോനകളിൽ സേവനമനുഷ്ഠിക്കുന്ന ബഹുമാനപ്പെട്ട വൈദികരുമായി ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

21 രാവിലെ സന്ദർശകരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ദീപിക പ്രചരണ പദ്ധതിയോടനുബന്ധിച്ച് പുളിങ്കുന്ന്, ആലപ്പുഴ എന്നീ ഫൊറോനകളിൽ സേവനമനുഷ്ഠിക്കുന്ന ബഹുമാനപ്പെട്ട വൈദികരുമായി ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. ഈ വർഷം ചങ്ങനാശേരി അതിരൂപതയക്ക് വേണ്ടി പട്ടം സ്വീകരിച്ച നവവൈദികരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ച് അവരോടൊപ്പം അത്താഴത്തിൽ പങ്കുചേർന്നു.

22 രാവിലെ ഈ വർഷം ചങ്ങനാശേരി അതിരൂപതയക്കുവേണ്ടി പട്ടം സ്വീകരിച്ച നവവൈദികർക്കൊപ്പം അരമന ചാപ്പലിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് കേരള കത്തോലിക്ക സഭൈക്യവാര സമാപനത്തോടനുബന്ധിച്ച് സംസ്ഥാനതലത്തിൽ നടത്തപ്പെട്ട ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു. ചങ്ങനാശേരി അതിരൂപതാ കേന്ദ്രത്തിൽ കാഞ്ഞിരപ്പള്ളി രൂപതയുടെ ഗ്രീൻ പാരിഷ് പദ്ധതിയുടെ രണ്ടാം ഘട്ടം പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടത്തി. വൈകുന്നേരം ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ദീപിക പ്രചരണ പദ്ധതിയോടനുബന്ധിച്ച് ചമ്പക്കുളം, എടത്വാ എന്നീ ഫൊറോനകളിൽ സേവനമനുഷ്ഠിക്കുന്ന ബഹുമാനപ്പെട്ട വൈദികരുമായി ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

23 രാവിലെ ചങ്ങനാശേരി അൽഫോൻസാ ബാലിക ഭവനിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് അഡ്വക്കേറ്റ് ബിനു തോമസ് കാസർഗോഡുനിന്നും തിരുവനന്തപുരം വരെ നടത്തുന്ന കാർഷിക ബില്ല് പ്രതിഷേധ ട്രാക്ടർ റാലിക്ക് ചങ്ങനാശേരിയിൽ സ്വീകരണം നൽകി. വൈകുന്നേരം സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സ് മുൻ ഡയറക്ടറായിരുന്ന മാത്യു പടിഞ്ഞാറേക്കുറ്റ് അച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് സംഘടിപ്പിച്ച സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു സംസാരിച്ചു.

24 രാവിലെ ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വി. സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. സന്ദർശകരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു.

25 വൈകുന്നേരം അതിരമ്പുഴ സെന്റ് മേരിസ് ഫൊറോന ദൈവാലയത്തിൽ വി. സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

26 രാവിലെ പൊങ്ങ മാർ സ്ലീവാ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. കർഷകസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പൂപ്പള്ളി ജംഗ്ഷൻ മുതൽ രാമങ്കരി വരെ നടത്തപ്പെട്ട ട്രാക്ടർ റാലിയുടെ ഫ്ളാഗ് ഓഫ് കർമ്മം പൂപ്പള്ളി ജംഗ്ഷനിൽ നിർവഹിച്ച് അഭിവന്ദ്യ പിതാവ് ഐക്യദാർഢ്യം പ്രകടിപ്പിച്ചു. സന്ദർശകരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി അതിരൂപതയുടെ സംരംഭങ്ങളായ മീഡിയ വില്ലേജ് മാക് ടിവിയും കാർപ്പും സംയുക്തമായി നടത്തിയ ഓൺലൈൻ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനദാനം നിർവഹിച്ചു. ചങ്ങനാശേരി എസ്.ബി. കോളേജിന്റെ ശതാബ്ദിയോടനുബന്ധിച്ച് നടത്തിയ പൂർവവിദ്യാർഥി സംഗമത്തിൽ പങ്കെടുത്ത് ആശംസകൾ അറിയിച്ചു.

27 സന്ദർശകരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു.

## മാർ തോമസ് തറയിൽ

**ഡിസംബർ 2020**

30 തായങ്കരി സെന്റ് ആന്റണീസ് ദൈവാലയത്തിൽ ഡീക്കൻ മാത്യു അഞ്ചിലിന് പൗരോഹിത്യപട്ടം നൽകി. ഉച്ചകഴിഞ്ഞ് ആനിക്കാട് സെന്റ് ആന്റണീസ് ദൈവാലയത്തിൽ ഡീക്കൻ ഐസക് തെക്കേടം എം.സി.ബി.എസി. ന് പൗരോഹിത്യപട്ടം നൽകി. ചങ്ങനാശേരി അതിരൂപത DFC യുടെ ആഭിമുഖ്യത്തിൽ ഓൺലൈനായി നടന്ന DFC ഫൊറോനാ ഡയറക്ടേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

31 അരുവിക്കുഴി ലൂർദ്ദ് മാതാ ദൈവാലയത്തിൽ ഡീക്കന്മാരായ ജോസഫ് കൂട്ടക്കല്ലിൽ OCD, ജിയോ ജേക്കബ് ചെമ്മാചേരിൽ SVD എന്നിവർക്ക് പൗരോഹിത്യപട്ടം നൽകി. വെരൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു.

**ജനുവരി 2021**

01 പൗരോഹിത്യസ്വീകരണത്തിന്റെ ഇരുപത്തിയൊന്നാം വാർഷികത്തിൽ ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. കുത്രപ്പള്ളി സെന്റ് മേരീസ് യു.പി. സ്കൂളിൽ ആരംഭിച്ച സിവിൽ സർവീസ് ക്ലാസ്സുകളുടെ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ചു. ചങ്ങനാശേരി സെർവെൻസ് ഓഫ് ദി ഇമ്മാക്കുലേറ്റ് ലേഡി സന്ന്യാസ സമൂഹത്തിന്റെ പുതുതായി നിർമ്മിച്ച കോൺവെന്റ് വെഞ്ചെരിച്ചു. കുന്നോത്ത് മേജർ സെമിനാരിയിലെ ചങ്ങനാശേരി അതിരൂപതാംഗങ്ങളായ വൈദികാർത്ഥികളുമായി ഓൺലൈനിൽ സംസാരിച്ചു. തിരുവനന്തപുരം വൈ.എം.സി.എ. ഓൺലൈനായി നടത്തിയ ന്യൂഇയർ പ്രയർ മീറ്റിൽ പങ്കെടുത്തു.

02 ചേന്നങ്കരി സെന്റ് ജോസഫ് ദൈവാലയത്തിൽ ഡീക്കൻ ജേക്കബ് തുണ്ടിയിൽ സി.എസ്.ടി. ക്ക് പൗരോഹിത്യപട്ടം നൽകി. ചെത്തിപ്പുഴ തിരുഹൃദയ ഇടവകാംഗമായ മൂലയിൽ തോമസിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. അതിരൂപതാകേന്ദ്രത്തിൽ '*മോൺസിഞ്ഞോർ എൽ.ജെ ചിറ്റൂർ പ്രകാശം പരത്തിയ പ്രതിഭാശാലി*' എന്ന പുസ്തകത്തിന്റെ പ്രകാശനചടങ്ങിൽ സംബന്ധിച്ചു. ചങ്ങനാശേരി പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓൺലൈൻ ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു.

03 നിരണം മാർത്തോമ്മാശ്ലീഹാ തീർത്ഥാടനകേന്ദ്രത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. പടഹാരം സെന്റ് ജോസഫ് ദൈവാലയത്തിൽ ബഹുമാനപ്പെട്ട മാർട്ടിൻ തൈപ്പറമ്പിലച്ചന്റെ പൗരോഹിത്യ രജതജൂബിലിയോടനുബന്ധിച്ച് നടന്ന പരിശുദ്ധ കുർബാന മധ്യേ വചനസന്ദേശം നൽകി. മുട്ടാർ സെന്റ് ജോർജ്ജ് ഇടവകാംഗമായ ആറ്റുപുറം റോസമ്മ ചാക്കോയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വിശ്രമജീവിതം നയിക്കുന്ന ബഹുമാനപ്പെട്ട മാത്യു കല്ലുകളം അച്ചനെ സന്ദർശിച്ചു.

04 അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട ചാരിറ്റി വേൾഡ് ട്രസ്റ്റിന്റെയും ആശാഭവൻ സൊസൈറ്റിയുടെയും മീറ്റിംഗിൽ പങ്കെടുത്തു.

05 കായൽപ്പുറം സെന്റ് ജോസഫ് ദൈവാലയത്തിൽ ദനഹായുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

06 പുന്നപ്ര ദനഹാലയ ഇൻസ്റ്റിറ്റ്യൂട് ഓഫ് ഫോർമേഷൻ ആന്റ് കൗൺസിലിങ് സെന്ററിൽ വച്ച് നടത്തിയ ദനഹാലയ ഡേ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ചങ്ങനാശേരി അതിരൂപത കുടുംബ കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റിന്റെ നേതൃത്തിൽ നടന്ന ഓൺലൈൻ നേതൃസംഗമത്തിൽ പങ്കെടുത്തു.

07 ചമ്പക്കര സെന്റ് ജോസഫ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. മണിമലയിൽ ചങ്ങനാശേരി അതിരൂപത പുതുതായി ആരംഭിക്കുന്ന ക്ലിനിക്കിന്റെ വെഞ്ചരിപ്പ് കർമ്മത്തിൽ പങ്കെടുത്ത് സംസാരിച്ചു. തുടർന്ന് മണിമല ഹോളി മെജൈ ഫൊറോനാ ദൈവാലയത്തിൽ പൂജരാജാക്കന്മാരുടെ തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

08 രാമങ്കരിയിൽ കർഷകസമര ഐകദാർഢ്യ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ചലോ ദില്ലി ധർണ ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി അതിരൂപത ജീവകാരുണ്യനിധി ട്രസ്റ്റിന്റെ ഓൺലൈൻ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

09 പുളിങ്കുന്ന് ഫൊറോന കെ.എൽ.എം.ന്റെ ആഭിമുഖ്യത്തിൽ കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി നടത്തിയ ഏകദിന ഉപവാസം ഉദ്ഘാടനം ചെയ്തു. പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. ചങ്ങനാശേരി അതിരൂപത ഡി.എഫ്.സി. യുടെ നേതൃത്വത്തിൽ നടത്തിയ ചങ്ങനാശേരി, തുരുത്തി ഫൊറോനകളിലെ വൈദികരുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

10 തെള്ളകം സെന്റ് ജോസഫ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ളായിക്കാട് സെന്റ് ജോസഫ് ഇടവകാംഗം വെണ്ണാലിൽ സാറാമ്മ ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. ചങ്ങനാശേരി അതിരൂപത ഡി.എഫ്.സി. യുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി അതിരൂപതാകേന്ദ്രത്തിൽ ഒരുക്കിയ ദീപിക ദിനപത്രത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് നയിച്ചു.

11 തത്തംപള്ളി സഹൃദയ ഹോസ്പിറ്റലിൽ ആധുനിക ചികിത്സാ സംവിധാനങ്ങളോടുകൂടിയ മുറികൾ വെഞ്ചെരിച്ചു. തോട്ടയ്ക്കാട് കെ.എൽ.എം. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കേന്ദ്രസർക്കാരിന്റെ വിവാദ കാർഷിക നിയമങ്ങൾക്കെതിരെ കർഷകർ നടത്തുന്ന സമരത്തിന് ഐകദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടുള്ള ധർണ ഉദ്ഘാടനം ചെയ്തു. തോട്ടയ്ക്കാട് സെന്റ് ജോർജ്ജ് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. മാമ്മൂട് ലൂർദ്ദ് മാതാ ഇടവകാംഗമായ ചേന്നമറ്റം ചാക്കോ സെബാസ്റ്റ്യന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ കുറ്റിച്ചൽ ലൂർദ്ദ് മാതാ കോളേജിന്റെ ഗവേണിംഗ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. സീറോ മലബാർ സഭയുടെ ഓൺലൈൻ സിനഡിൽ പങ്കെടുത്തു.

12 നെടുംകുന്നം മദർ തെരേസ ഹോമിൽ ബഹുമാനപ്പെട്ട ആന്റണി മണ്ണാർകുളം അച്ചന്റെ സ്മരണയ്ക്കായി നിർമ്മിച്ച ഹാൾ വെഞ്ചെരിച്ചു. തുടർന്ന് പരിശുദ്ധ കുർബാന അർപ്പിച്ചു. നെടുംകുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോന ഇടവകാംഗമായ കുമ്പിളുവേലി ഇളപ്പുങ്കൽ എലിസബത്ത് സിറിയക്കിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. സീറോമലബാർ സഭയുടെ ഓൺലൈൻ സിനഡിൽ പങ്കെടുത്തു.

13 തിരുവനന്തപുരം ലുർദ്ദ് മാതാ ഫൊറോന ഇടവകാംഗമായ തയ്യിൽ ടി.സി. ദേവസ്യയുടെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. സീറോമലബാർ സഭയുടെ ഓൺലൈൻ സിനഡിൽ പങ്കെടുത്തു.

14 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ കബറിടപള്ളിയിൽ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 148-ാം ജന്മദിനത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. സീറോമലബാർ സഭയുടെ ഓൺലൈൻ സിനഡിൽ പങ്കെടുത്തു.

15 ചെത്തിപ്പുഴ തിരുഹൃദയ ഇടവകാംഗമായ മറ്റപ്പറമ്പിൽ അന്തോനിച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. സീറോമലബാർ സഭയുടെ ഓൺലൈൻ സിനഡിൽ പങ്കെടുത്തു.

16 തിരുവനന്തപുരത്ത് ബാബുജീസ് സിവിൽ സർവീസ് ഫൗണ്ടേഷൻ ലേണിങ് ആപ്പിന്റെ ഉദ്ഘാടനകർമ്മത്തിൽ സന്ദേശം നൽകി. സീറോമലബാർ സഭയുടെ ഓൺലൈൻ സിനഡിൽ പങ്കെടുത്തു.

17 പൊങ്ങംമൂട് സെന്റ് അൽഫോൻസാ ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തിരുവനന്തപുരം ലൂർദ്ദ് മാതാ ഫൊറോന ദൈവാലയത്തിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. തിരുവനന്തപുരം കോർപ്പറേഷൻ മേയർ ശ്രീമതി ആര്യ രാജേന്ദ്രന് ലൂർദ്ദ് ഇടവക നൽകിയ സ്വീകരണ ചടങ്ങിൽ പങ്കെ

ടുത്തു. പാലോട് TAASC നേതൃത്വത്തിൽ സംഘടിപ്പിച്ച ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ (FPO) മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

18 പുന്നപ്ര ദനഹാലയയിൽ ക്ലാസ്സെടുത്തു. പുല്ലങ്ങടി തിരുക്കുടുംബ ദൈവാലയത്തിൽ പൂർവ്വികസ്മരണദിനത്തിലെ പരിശുദ്ധ കുർബാന മധ്യേ വചനസന്ദേശം നൽകി. ചങ്ങനാശേരി അതിരൂപത ഡി.എഫ്.സി. യുടെ നേതൃത്വത്തിൽ നടത്തിയ നെടുംകുന്നം, മണിമല ഫൊറോനകളിലെ വൈദികരുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന ഇടവകാംഗമായ ഓലിക്കര ആന്റണി ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

19 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരി ഹോം ഡേ ആഘോഷത്തിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ ചങ്ങനാശേരി അതിരൂപതയിലെ നവവൈദികർക്ക് ക്ലാസ്സെടുത്തു.

20 ചങ്ങനാശേരി അതിരൂപതയിൽ ഈ വർഷം പൗരോഹിത്യം സ്വീകരിച്ച വിവിധ സന്യാസസമൂഹങ്ങളിലെ നവവൈദികരെ അനുമോദിക്കുന്നതിന് അതിരൂപതാകേന്ദ്രത്തിൽ നടന്ന സംഗമത്തിൽ ആശംസകൾ നേർന്നു. ചങ്ങനാശേരി അതിരൂപത ഡി.എഫ്.സി. യുടെ നേതൃത്വത്തിൽ നടത്തിയ തൃക്കൊടിത്താനം, കുറുമ്പനാടം ഫൊറോനകളിലെ വൈദികരുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

21 പുന്നപ്ര ദനഹാലയായിൽ ക്ലാസ്സെടുത്തു. ചങ്ങനാശേരി അതിരൂപത ഡി.എഫ്.സി. യുടെ നേതൃത്വത്തിൽ നടത്തിയ ആലപ്പുഴ, പുളിങ്കുന്ന് ഫൊറോനകളിലെ വൈദികരുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു. ചങ്ങനാശേരി അതിരൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിച്ച നവവൈദികരുടെ മീറ്റിംഗിൽ ആശംസകൾ അറിയിച്ചു.

22 അതിരൂപതാകേന്ദ്രത്തിൽ നവവൈദികരുമായുള്ള പരിശുദ്ധ കുർബാനയർപ്പണത്തിൽ സഹകാർമ്മികത്വം വഹിച്ചു. കൂത്രപ്പള്ളി സെന്റ് മേരീസ് ഇടവകാംഗമായ കരിമ്പന്നൂർ കെ.എം. വർഗ്ഗീസിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. സീറോ മലബാർ സിനഡിന്റെ എക്യുമെനിക്കൽ കമ്മീഷൻ ഓൺലൈനായി നടത്തിയ *Eccumenical Web Prayer Gathering on the Occasion of Unity Octave* ൽ പങ്കെടുത്തു. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ചങ്ങനാശേരി അതിരൂപത ഡി.എഫ്.സി. യുടെ നേതൃത്വത്തിൽ നടത്തിയ ചമ്പക്കുളം, എടത്വാ ഫൊറോനകളിലെ വൈദികരുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

23 എടത്വാ സെന്റ് ജോർജ്ജ് ഫൊറോന ഇടവക മരിയാപുരം മേരി മാതാ ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. എടത്വാ സെന്റ് ജോർജ്ജ് ഫൊറോന ഇടവക കോയിൽമുക്ക് വേണാട് കത്രീന ആന്റണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. എടത്വാ സെന്റ് ജോർജ്ജ് ഫൊറോന ഇടവകാംഗമായ ബഹുമാനപ്പെട്ട മാത്യു കിളിരൂർ അച്ചന്റെ സഹോദരി പാണ്ടങ്കരി കിളിരൂർ റോസമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ അഭിവന്ദ്യ ആന്റണി പടിയറപ്പിതാവിന്റെ ജന്മ-ശതാബ്ദിയാഘോഷത്തിന്റെ

കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു. കെ.സി.സി. യുടെ നേതൃത്വത്തിൽ തിരുവനന്തപുരം മാർത്തോമ്മ സെന്ററിൽ നടത്തിയ സഭൈക്യവാര വൈദികകൂട്ടായ്മയിൽ സന്ദേശം നൽകി.

24 ആര്യങ്കാവ് സെന്റ് മേരീസ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

25 അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. നെടുംകുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. മാടപ്പള്ളി ലിറ്റിൽ ഫ്ളവർ ഇടവകാംഗമായ കോയിപ്പുറം അന്നമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

26 റിപ്പബ്ലിക്ദിനത്തിൽ അതിരൂപതകേന്ദ്രത്തിൽ പതാക ഉയർത്തി സന്ദേശം നൽകി. തായങ്കരിയിൽ എസ്.എ.ബി.എസ് സന്യാസസമൂഹത്തിന്റെ ക്ലിനിക്ക് വെഞ്ചെരിക്കുകയും നവീകരിച്ച കോൺവെന്റ് ചാപ്പൽ കൂദാശ ചെയ്യുകയും ചെയ്തു. കോട്ടയം എസ്.എച്ച് മൗണ്ടിൽ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. പാലാ രൂപത ഇലഞ്ഞി സെന്റ്സ് പീറ്റർ ആന്റ് പോൾ ഫൊറോന ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് പാലാ രൂപത എസ്.എം.വൈ.എം. ഉം ഇലഞ്ഞി ഫൊറോന ജീസസ് യൂത്തും സംഘടിപ്പിച്ച ഓൺലൈൻ യുവജന കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

27 കുറ്റിക്കോണം ക്രിസ്തുരാജ ഇടവകാംഗമായ പറേക്കുന്നേൽ കെ. ജോർജ്ജിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തിരുവനന്തപുരം കാർമ്മെൽ ഹിൽ ആശ്രമ ദൈവാലയത്തിൽ ദൈവദാസൻ അദെയോദാത്തൂസ് ഒ.സി.ഡി. യുടെ 125-ാം ജന്മ-വാർഷികാഘോഷത്തോടനുബന്ധിച്ചു നടത്തിയ പരിശുദ്ധ കുർബാന മധ്യേ വചനസന്ദേശം നൽകി. സീറോ മലബാർ ക്ലർജി കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഓൺലൈനായി നടന്ന നവവൈദികസംഗമത്തിൽ ആശംസകൾ അറിയിച്ചു.

28 അതിരൂപതാകേന്ദ്രത്തിൽ വച്ച് നടന്ന സ്റ്റുഡൻസ് എക്സലൻസ് പ്രോഗ്രാം മീറ്റിംഗിൽ പങ്കെടുത്തു. രാജമറ്റം തിരുഹൃദയ ദൈവാലയത്തിൽ വി. യൗസേപ്പിതാവിന്റെ പുത്രിമാരുടെ സന്യാസസഭയിലെ (DSJ) നവസന്യാസിനികളുടെ സഭാവസ്ത്ര സ്വീകരണത്തിനും പ്രഥമ വ്രതവാഗ്ദാനത്തിനും കാർമ്മികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടന്ന ഇന്റർ ഡിപ്പാർട്ട്മെന്റ് മീറ്റിംഗിൽ പങ്കെടുത്തു. തൃശൂർ പാസ്റ്ററൽ ആനിമേഷൻ റിസേർച്ച് ആന്റ് ഔട്ട്റീച്ച് സെന്റർ (PAROC) ഉം മേരിമാതാ മേജർ സെമിനാരിയും കേരള ക്രൈസ്തവ സമൂഹം പിന്നോക്കാവസ്ഥയിലോ എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ വെബ്ബിനാറിൽ പങ്കെടുത്തു.

# ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2021 FEBRUARY

| | | |
|---|---|---|
| 01 | **06:30 p.m.** | Class @ Niranam Seminary |
| 02 | | Engaged |
| 03 | **11:00 a.m.** | Navathy Celebration of Retired Priests @ St Joseph Priest Home Ithithanam |
| | **04:00 p.m.** | Holy *Qurbana* @ Lourdes Matha Church Thazhathuvadakara |
| 04 | **10:00 a.m.** | Centenary of St Peters HSS Kurumpanadom |
| | **11:00 p.m.** | Central P T A General Body Meeting @ SB HSS, Chry |
| | **02:45 p.m.** | Class @ St Thomas Minor Seminary, Kurichy |
| 05 | | Engaged |
| 06 | **06:30 a.m.** | Kurisady Blessing & Solemn Holy Communion @ St Jerome's Church Nazareth |
| 07 | **09.30 a.m.** | Holy *Qurbana* & Parish Day Celebration @ St Mary's Church Vadakkekara |
| 08 | **09.00 a.m.** | Holy *Qurbana* & Mar Antony Cardinal Padiyara Birth Centenary Memorial Public Meeting @ ASMI Generalate, Cheeramchira |
| | **06:30 p.m.** | Class @ Niranam Seminary |
| 09 | **11:30 a.m.** | 20th Year of Episcopal Ordination & 50th Year of Priesthood of Mar Mathew Arackal @ St Dominic's Cathedral Kanjirapally |
| | **03:00 p.m.** | Berchmans' Award Distribution @ SB HSS, Chry |
| 10 | **11:30 a.m.** | Staff Send Off @ S B College, Chry |
| | **03:00 p.m.** | Blessing of New Building for Deepika @ Vadavathoor |
| | **06:00 p.m.** | SB HSS Family Gathering @ SB HSS, Chry |

| | | |
|---|---|---|
| 11 | **08:30 a.m.** | Mar Antony Padiyara Birth Centenary Memorial Holy Qurbana @ St. Marys cathedral, Changanacherry |
| | **10:30 a.m.** | Mar Antony Padiyara Birth Centenary Memorial Public Meeting @ Cathedral Parish Hall |
| | **03:30 p.m.** | Mar Antony Padiyara Birth Centenary Memorial Public Meeting @ Holy Magi Forane Church Manimala |
| 12 | **05:30 p.m.** | Syro Malabar Bishops' Online Monthly Recollection |
| 13 | **10:15 a.m.** | Corporate Management Teachers' Send off @ S B HSS, Chry |
| | **04:00 p.m.** | Mar Antony Padiyara Birth Centenary Memorial Public Meeting @ St. Basil Church, Manimala |
| 14 | **10:00 a.m.** | Holy *Qurbana* & Jubilee Year (100) Conclusion @ Lourdes Matha Church Aruvikuzhy |
| 15 | **06:30 p.m.** | Class @ Niranam Seminary |
| 16 | | Engaged |
| 17 | **06:00 p.m.** | Changanacherry Online Bible Convention Begins |
| 18 | | Engaged |
| 19 | | Engaged |
| 20 | **06:00 p.m.** | Conclusion of Changanacherry Online Bible Convention |
| 21 | **09:30 a.m.** | Janapradhinidhi Sangamam |
| 22-28 | | Engaged |



# E N G A G E M E N T S

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2021 FEBRUARY

| | | |
|---|---|---|
| 01-05 | | Priest Retreat @ Marthandam |
| 06 | | TVM |
| | **10:00 a.m.** | Sanyastha Sangamam |
| 07 | | TVM |
| | **07:15 a.m.** | *Qurbana* @ Lourdes TVM |
| 08 | **10:00 a.m.** | School Anniversary Inauguration @ Kurumpanadom |
| | **11:15 a.m.** | Mar Antony Padiyara Birth Centenary Memorial Public Meeting @ Cheeramchira |
| 09 | **06:45 a.m.** | Baptism @ Thathampally |
| | **09:00 a.m.** | Denahalaya |
| | **06:30 p.m.** | Homeday @ Niranam |
| 10 | **10:30 a.m.** | Farewell @ Edathua College |
| | **05:00 p.m.** | Farewell- SB School |
| 11 | **08:30 a.m.** | *Qurbana* @ Cathedral |
| | **10:00 a.m.** | Mar Antony Padiyara Birth Centenary Memorial Public Meeting |
| | **05:00 p.m.** | Homily @ Aruvikkuzhy |
| 12 | **07:00 a.m.** | Holy *Qurbana* @ Pacha - Chekkidikkad |
| | **10:00 a.m.** | Motivational Talk @ Chethipuzha Nursing College |
| | **05:00 p.m.** | Holy *Qurbana*, Cemetery Blessing @ Kavalam St. Theresas |
| 13 | **10:00 a.m.** | *Requiem Mass* @ Kochuthovala |
| | **02:30 p.m.** | Holy *Qurbana* @ St. Basil, Manimala |
| | **04:00 p.m.** | Baptism @ Manimala |
| 14 | **07:00 a.m.** | Laying of Foundation Stone @ Kumaramkary |
| | **09:30 a.m.** | Holy *Qurbana* @ Vadakkekkara |
| | **02:30 p.m.** | Youth Class @ Champakulam |

| | | |
|---|---|---|
| | **04:00 p.m.** | Holy *Qurbana* @ Chavarabhavan |
| 15 | | Denahalaya |
| 16 | **06:00 a.m.** | *Qurbana* @ SD Provincial House |
| 17 | | Engaged |
| 18 | | Engaged |
| 19-22 | | TVM |
| | **06:00 p.m.** | Changanacherry Bible Convention |
| 20 | **10:00 a.m.** | Priest Conference @ Amboori |
| | **03:00 p.m.** | Maramon Convention Youth Meet |
| 21 | **09:00 a.m.** | Janapradinithi Sangamam |
| 22 | | TVM |
| 23 | | Engaged |
| 24 | | Denahalaya |
| 25 | | Engaged |
| 26-01 | | TVM |